# കഥയുടെ
# കാലികവിശേഷങ്ങൾ

(Malayalam)

**KATHAYUDE KALIKA VISHESHANGAL**

**Dr. Bennichen Scaria**

**First Published**
December 2021

**Cover Design & Type setting**
Divya Mathew
Price : Rs.150/-

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher

ISBN: 978-81-955792-0-4 (Print)
ISBN: 978-81-955792-2-8 (E Book)

**Publishers**
For Pavanatma College

ABPL Publications
www.abplpublications.co.in.

# കഥയുടെ കാലികവിശേഷങ്ങൾ

ഡോ. ബെന്നിച്ചൻ സ്കറിയ

പാവനാത്മാ കോളേജിനു വേണ്ടി
എ.ബി.പി.എൽ. പബ്ലിക്കേഷൻസ്
വില: 150/-

# മുഖവുര

മുരിക്കാശ്ശേരി പാവനാത്മാ കോളേജ് മലയാളവിഭാഗം 2022 ജനുവരി 26 മുതൽ 30 വരെ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണ് കഥയുടെ കാലികവിശേഷങ്ങൾ. മലയാള ഐക്യവേദി ഇടുക്കി ജില്ലാകമ്മിറ്റിയുടെ സഹായത്തോടെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ നടത്തിയ ഈ ദേശീയ സെമിനാർ പ്രൗഢഗംഭീരങ്ങളായ പഠനങ്ങൾ കൊണ്ട് സമ്പന്നമാണ്. ഭാഷയുടെ പുതുവഴികൾ എന്ന പേരിൽ സംഘടിപ്പിച്ച ഈ ദേശീയസെമിനാറിന്റെ ആദ്യദിനം കാലികം സാർവ്വകാലികം-കഥ എന്ന വിഷയമാണ് പഠനത്തിനായി തിരഞ്ഞെടുത്തത്. കേന്ദ്രസാഹിത്യ അക്കാദമി യുവ എഴുത്തുകാരനുള്ള ഈ വർഷത്തെ അവാർഡു നൽകി ആദരിച്ച ശ്രീ.മോബിൻ മോഹനാണ് ഈ സെമിനാർ ഉദ്ഘാടനം നടത്തിയത്. എഴുത്തുകാരുടെ കഥയെപ്പറ്റിയുള്ള വ്യത്യസ്ത വീക്ഷണങ്ങളും അവതരണങ്ങളുമാണ് കഥയുടെ കാലിക വിശേഷങ്ങൾ.

**ഡോ. ബെന്നിച്ചൻ സ്കറിയ**

എഡിറ്റർ

## ഉള്ളടക്കം


| | | | |
|---|---|---|---|
| അധ്യായം1 | : | കാലികം, സർവ്വകാലികം-കഥ | 6 |
| അധ്യായം 2 | : | ആഖ്യാനത്തിന്റെ രാഷ്ട്രീയം എസ്.ഹരീഷിന്റെ രചനകളിൽ | 10 |
| അധ്യായം 3 | : | വീട് എന്ന വാസ്തുസങ്കല്പം അശോകൻ ചരുവിലിന്റെ കഥകളിൽ | 19 |
| അധ്യായം 4 | : | പുതുകഥകളുടെ പുതിയലോകം | 23 |
| അധ്യായം 5 | : | ഭാവനയും യാഥാർത്ഥ്യവും സമരസപ്പെടുമ്പോൾ : ഉണ്ണി. ആറിന്റെ തെരഞ്ഞെടുത്ത കഥകളുടെ വായന | 29 |
| അധ്യായം 6 | : | വർത്തമാനകാല പ്രതിനിധാനങ്ങൾ ഷാഹിന ഇ. കെ യുടെ കഥകളിൽ | 38 |
| അധ്യായം 7 | : | തുറന്നെഴുത്തിന്റെ ആവിഷ്ക്കരണം - കെ. ആർ മീരയുടെ ചെറുകഥയിൽ | 43 |
| അധ്യായം 8 | : | അയ്മനം ജോണിന്റെ കഥകളിലെ പ്രകൃതി പാഠങ്ങൾ - തിരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള പഠനം | 48 |
| അധ്യായം 9 | : | നവഭാവുകത്വം സുഭാഷ് ചന്ദ്രന്റെയും സന്തോഷ് ഏച്ചിക്കാനത്തിന്റെയും കഥകളിൽ | 56 |
| അധ്യായം 10 | : | പ്രതിരോധരാഷ്ട്രീയം സമകാലീന ചെറുകഥകളിൽ: തിരഞ്ഞെടുത്ത കഥകളെ ആസ്പദമാക്കി ഒരു പഠനം | 71 |
| അധ്യായം 11 | : | വാണിജ്യവൽക്കരണം ഇ.പി.ശ്രീകുമാറിന്റെ കഥകളിൽ - ഒരു സാംസ്കാരിക വിശകലനം | 78 |
| അധ്യായം 12 | : | The Pursuit of Liberation in K. R. Meera's *The Gospel Of Yudas* | 89 |

# കാലികം,സാർവ്വകാലികം-കഥ

**മോബിൻ മോഹൻ**

സാഹിത്യകാരൻ

കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാര ജേതാവ്

ഒരു ചെറിയ അണു വരുത്തിയ മഹാപ്രതിസന്ധിയിലൂടെയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ട് കടന്നുപോകുന്നത്. എന്നാൽ ഇത്തരം മഹാമാരികളോ പ്രതിസന്ധികളോ ആദ്യമായൊന്നുമല്ല മനുഷ്യകുലം നേരിടുന്നത്. കഥ ഓരോ കാലഘട്ടത്തിലെയും മഹാമാരികളെ അല്ലെങ്കിൽ മനുഷ്യന്റെ അവസ്ഥകളെ വൈകാരികമായി അടയാളപ്പെടുത്തിയിട്ടുണ്ട്. അതിനുത്തമ ഉദാഹരണമായി ആൽബർട്ട് കാമുവിന്റെ 'പ്ലേഗ്' എന്ന നോവലെടുക്കാം. അൾജീരിയയിലെ ഒരു പ്രദേശത്ത് പ്ലേഗ് വ്യാപിക്കുകയും അവിടുത്തെ ജനജീവിതത്തെ, ഭരണകൂടത്തെയും എങ്ങനെ ഈ മഹാമാരി സ്തംഭിപ്പിച്ചു എന്നും അവിടുത്തെ ജീവിതാവസ്ഥകളെ വളരെ വൈകാരികമായി നോവലിൽ കഥാകാരൻ പ്രതിപാദിക്കുന്നുണ്ട്. 14-ാം നൂറ്റാണ്ടിലെ യൂറോപ്പിനെ ഇരുണ്ട കാലഘട്ടമാക്കി മാറ്റിയ ഒരു വിപത്തായിരുന്നു പ്ലേഗ്. മനുഷ്യന്റെ പ്രയാണത്തെ സംബന്ധിച്ചിടത്തോളം അവൻ അഭിമുഖീകരിക്കുന്ന ആദ്യത്തെ മഹാമാരിയല്ല കോവിഡ്. എത്രയോ മഹാമാരികളിൽ നിന്നും അതിജീവിച്ചുയർത്തതാണീ മനുഷ്യവംശം. ഈയൊരവസ്ഥയെ വൈകാരികമായി അടയാളപ്പെടുത്തുക എന്നുള്ളത് സാഹിത്യത്തിന്റെ പ്രധാന സ്വഭാവങ്ങളിലൊന്നാണ്. എന്തുകൊണ്ടെന്നാൽ ഇത്തരം സ്ഥിതിവിവരക്കണക്കിനും ചരിത്രവസ്തുതകൾക്കും അപ്പുറത്ത് വൈകാരികമായ ഇത്തരം വിഷയങ്ങളെ അന്നത്തെ സമൂഹം എങ്ങനെ കൈകാര്യം ചെയ്തുവെന്നും അത്തരം മാനസികാവസ്ഥകളുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് ഇന്നിന്റെ അവസ്ഥകളെ നമുക്ക് എങ്ങനെ

പ്രതിരോധിക്കാമെന്നും സാഹിത്യം പഠിപ്പിക്കുന്നുണ്ട്. മലയാള സാഹിത്യത്തിലും അത്തരം വിഷയങ്ങൾ കടന്നുവന്നിട്ടുണ്ട്. തോട്ടിയുടെ മകനിൽ വസൂരി എന്ന രോഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കാക്കനാടന്റെ 'വസൂരി' എന്നൊരു കൃതി തന്നെയുണ്ട്. കോവിഡ് എന്ന മഹാമാരിയെയും ഇപ്രകാരം അടയാളപ്പെടുത്തുന്നുണ്ട് എന്നതിനുദാഹരണമാണ് 'പച്ചക്കൊളുന്ത്' എന്ന കൃതി. അതിൽ ഇടുക്കി ജില്ലയിലെ കോവിഡ് കാലത്തെ പ്രദിപാദിക്കുന്നുണ്ട്. അങ്ങനെ എല്ലാ കാലഘട്ടത്തിലെയും ദുരന്തങ്ങളെ, പ്രതിസന്ധികളെ അടയാളപ്പെടുത്തുമ്പോൾ വരും കാലഘട്ടങ്ങളിലെ തലമുറകൾക്ക് അതിജീവിക്കാനുള്ള ഇന്ധനമായി ഇത്തരം സാഹിത്യകൃതികൾ മാറുന്നുവെന്നതും പ്രധാന വസ്തുതയാണ്.

ശക്തിയേറിയ ഒരു ചരിത്രം മലയാള കഥാസാഹിത്യത്തിനുണ്ട്. 1891-ൽ പുറത്തിറങ്ങിയ വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'വാസനാവികൃതി'യാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ. അതിനുംമുമ്പ് മിത്തുകളും ഐതീഹ്യങ്ങളുമായും നമ്മുടെ കഥാലോകം സമ്പന്നമായിരുന്നു. മലയാള കഥാസാഹിത്യത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ആദ്യകാലഘട്ടങ്ങളിലെ എഴുത്തുകാരിൽ പ്രമുഖരാണ് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, മൂർക്കോത്തുകുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ പോലുള്ളവർ.

1925 കളിലേക്കെത്തുമ്പോൾ കഥയ്ക്ക് മറ്റൊരു ഭാവം കടന്നുവരുന്നു. അവിടെ സാമൂഹികത പ്രധാനപ്പെട്ട ഒരു വിഷയമായി മാറുന്നു. സാമൂഹികമായും സാമുദായികമായും ബന്ധപ്പെട്ട അനാചാരങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെയുള്ള അടയാളപ്പെടുത്തലുകളായി, ശബ്ദമായി മാറി. അവിടെ പ്രധാനമായും പരാമർശിക്കപ്പെടേണ്ടവരാണ് വി.ടി.ഭട്ടതിരിപ്പാടും, എം.ആർ.ബിയുമൊക്കെ. മലയാള കഥാസാഹിത്യത്തെ ലോക കഥാസാഹിത്യത്തിലേക്ക് വഴിതിരിച്ചുവിട്ടത് കേസരി എസ്.ബാലകൃഷ്ണപിള്ളയാണ്. മലയാള സാഹിത്യത്തിലാകമാനം

കേസരിയുടെ ഒരിടപെടൽ സ്പഷ്ടമായി കാണാനാവും. നിരവധി വിവർത്തനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. അത്തരം വിവർത്തനങ്ങൾ മലയാള കഥയിൽ ഒരു മനുഷ്യനെന്നനിലയിലും ആഗോളപൗരനെന്ന നിലയ്ക്കും ലോകവീക്ഷണമെന്ന നിലയ്ക്കുമൊക്കെ കഥയെ പരുവപ്പെടുത്തുവാനുമായിട്ട് പിന്നീട് വന്ന കഥാകൃത്തുക്കളെ സഹായിച്ചിട്ടുണ്ട്. അതിനാൽ തന്നെയാണ് അടുത്ത ഘട്ടത്തിലേക്കെത്തുമ്പോൾ പൊൻകുന്നം വർക്കി, ബഷീർ, തകഴി മുതലായവരൊക്കെ റിയലിസത്തിന്റെ പാതയിലൂടെ സഞ്ചരിക്കുകയും അവിടെ രാഷ്ട്രീയവും ചൂഷണവുമൊക്കെ വിഷയമായതും. അത്തരത്തിൽ മനുഷ്യന്റെ  ജീവിതാവസ്ഥകളെ കൃത്യമായി അടയാളപ്പെടുത്തുകയും ചെയ്യാൻ എഴുത്തുകാർക്കായി. എത്രയോ രാഷ്ട്രീയ പ്രസംഗങ്ങളേക്കാൾ ശക്തമായ കഥകളാണ് പൊൻകുന്നം വർക്കിയുടേത്. ജീവിതത്തിന്റെ ആഴക്കടലിൽ നിന്നും കഥകളെഴുതിയവരാണ് വർക്കിയും ബഷീറും തകഴിയുമൊക്കെ. പിന്നീട് അൻപതുകളിൽ മലയാള ചെറുകഥയിൽ വന്ന വലിയ മാറ്റം എം.ഡിയുടെയും ടി.പത്മനാഭന്റെയുമൊക്കെ വരവോടെയാണ്. മലയാള ചെറുകഥയ്ക്ക് ഒരു ശില്പഭംഗി, അതിന് ഭാഷാപരവും ഘടനാപരവുമായ സൗന്ദര്യത്തെ സംബന്ധിച്ച് വായനക്കാരനും കഥാകാരനും ഒരുപോലെ ബോധവാന്മാരാക്കുന്ന തരത്തിൽ കഥകളെഴുതിയവരാണ് അവർ. ആ സമയത്തുതന്നെയാണ് കോവിലന്റെ പട്ടാളക്കഥകളും വന്നത്. അങ്ങനെ പല സങ്കേതങ്ങൾ കണ്ടെത്തിക്കൊണ്ട് മലയാള ചെറുകഥയെ സമ്പന്നമാക്കിയ ഒരു കാലഘട്ടമായിരുന്നു അമ്പതുകളുടേത്.

അതിനു ശേഷമാണ് ആധുനികതയുടെ കടന്നുവരവ്. ആധുനികത മനുഷ്യന്റെ അസ്ഥിത്വവുമായി ബന്ധപ്പെട്ട് വലിയ സംവാദങ്ങൾ സാഹിത്യത്തിൽ തന്നെ ബൗദ്ധികമായ വ്യവഹാരങ്ങൾ നടന്നു. മാധവിക്കുട്ടി, എം, മുകുന്ദൻ, സേതു, പി. വത്സല മുതലായവരുടെയൊക്കെ മനുഷ്യാസ്ഥിത്വമായും സാമൂഹികതയുമായും നാഗരികതയുമായുമൊക്കെ

ബന്ധപ്പെട്ട് നിരവധി കഥകൾ കടന്നുവന്നിട്ടുണ്ട്. ആധുനിക സമൂഹത്തിന്റെ ജീവിത വ്യാപാരങ്ങളെ അടയാളപ്പെടുത്തുന്ന കഥകളാണ് ആധുനികതയുടെ കാലഘട്ടത്തിൽ വന്നവയൊക്കെയും.

ഉത്തരാധുനികതയിലേക്കെത്തുമ്പോൾ മലയാള ചെറുകഥയുടെ ഭാവുകത്വം വീണ്ടും മാറുകയാണ്.അശോകൻ ചെരുവിൽ, സന്തോഷ് എച്ചിക്കാനം പോലുള്ളവർ അവിടേക്ക് കടന്നുവന്നവരാണ്. മലയാള ചെറുകഥ അതിന്റെ ശാക്തമായ പാരമ്പര്യത്തെ ഇന്ധനമായി സ്വീകരിച്ചതുകൊണ്ട് എക്കാലത്തും അതിശക്തമായൊരു കഥാലോകം മലയാളത്തിനുണ്ട്. മിണ്ടരുത് എന്ന അധികാരബോധത്തോട് ഉണ്ടാകുന്നൊരു എതിർശബ്ദമാണ് മലയാള ചെറുകഥ എന്നു പറയാം. ഓരോ കാലഘട്ടത്തിലെയും സാഹിത്യകാരൻ ചെയ്യുന്നൊരു തൊഴിലാണ് ഭാവനയെ പുതുക്കിപ്പണിയുക എന്നത്. ഭാവനയെ പുതുക്കിപ്പണിയുന്നത് സ്വഭാവികമായും ഭാഷയെ പുതുക്കിപ്പണിയുന്നു. ഏതെങ്കിലുമൊരു കാലഘട്ടത്തിന്റെ ആചാരങ്ങളോ മറ്റെന്തെങ്കിലുംകൊണ്ടോ വിശുദ്ധീകരിക്കപ്പെട്ട ഒന്നല്ല സാഹിത്യമെന്നുള്ളത്. പക്ഷെ സാഹിത്യം കാലഘട്ടത്തെ ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നുണ്ട്. അത് ഭാഷയിലൂടെയും ഭാവനയിലൂടെയുമൊക്കെ നടത്താനുള്ള ലോകമാണ് കഥാകാരന്മാർ സൃഷ്ടിച്ചിട്ടുള്ളത്. മലയാള കഥാലോകം പുതിയ സങ്കേതങ്ങളെ ആശയങ്ങളെ സൗഹാർദ്ദപരമായി സംബോധന ചെയ്യുന്നുണ്ട്. ലോകത്തോട് വിളിച്ചുപറയാവുന്ന ഏറ്റവും സുന്ദരമായ നുണകളാണ് കഥകൾ. ആ നുണകൾക്ക് ആത്യന്തികമായൊരു സത്യവുമുണ്ട്. പലപ്പോഴും യാഥാർത്ഥ്യത്തെക്കാൾ വലിയ സത്യങ്ങളാണവ. കെ.പ്രകാശ്, വിവേക് ചന്ദ്രൻ, സുദീപ് പി.ജോർജ്, പുണ്യ സി.കെ, പി.കെ. ഷാഹിന മുതലായവർ പുതിയ കാലഘട്ടത്തിലെ എഴുത്തുകാരിൽ പ്രധാനികളാണ്. ഓരോ കഥാകൃത്തും ഭാഷയുടെ വൈവിധ്യങ്ങളെ ഭാഷയുടെ രൂപങ്ങളെ കൃത്യമായി അടയാളപ്പെടുത്തുമ്പോൾ അവിടെ ഭാഷയും ഭാവനയും വളരുന്നു.

# ആഖ്യാനത്തിന്റെ രാഷ്ട്രീയം എസ്. ഹരീഷിന്റെ രചനകളിൽ

**ഡോ. ആർ. ചന്ദ്രബോസ്**
അധ്യാപകൻ, മലയാള വിഭാഗം
കേന്ദ്രസർവ്വകലാശാല, കാസർഗോഡ്

ആഖ്യാനതലത്തിലുള്ള ഒരു വലിയ മുന്നേറ്റം എല്ലാ മേഖലകളിലും സംഭവിക്കുന്നുണ്ട്. ഫിക്ഷനെ സംബന്ധിച്ച് നോവലിനെയും കഥയെയും ഒന്നിച്ച് നമുക്കിവിടെ പരിഗണിക്കാം. ആഖ്യാനത്തിന്റെ കേന്ദ്രമായി ഒരു പ്രത്യേക പരിചരണം കിട്ടുന്ന എഴുത്തുകാർ കൂടുതൽ ശ്രദ്ധയോടെ, സൂക്ഷ്മ തയോടെ ആഖ്യാനത്തിൽ കുടിയിരുത്താൻ ശ്രമിക്കുന്ന 3 കാര്യങ്ങളുണ്ട്.

1. സ്ഥലം
2. കാലം
3. ഓർമ

എന്നിവയാണവ. ഈ 3 ഘടകങ്ങളെ ആഖ്യാനത്തിന്റെ മജ്ജയും മാംസവു മാക്കിത്തീർക്കുന്നതിലെ ഒരു പുതുമയാണ് അല്ലെങ്കിൽ ആഖ്യാനപരമായ ഒരു രസവിദ്യയാണ് സമകാലിക നോവലുകളും ചെറുകഥകളും മുന്നോട്ടു വയ്ക്കുന്ന ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം. സാഹിത്യശാസ്ത്രപരമായി വിചിന്തനം ചെയ്യുമ്പോൾ ഏതു ഫിക്ഷനെഴുത്തിന്റെയും അടിസ്ഥാനമൂല കങ്ങളെന്നത് സ്ഥലം, കാലം, ഓർമ എന്നിവയാണ്.

നവമാധ്യമങ്ങളുടേതായ ഒരു വലിയ നെറ്റ് വർക്കിലൂടെ കടന്നു പോകുന്ന അതി സാങ്കേതിക വത്ക്കരിക്കപ്പെട്ട ഈ കാലത്ത് സ്ഥലം, കാലം, ഓർമ എന്നീ ഘടകങ്ങളെ എഴുത്തിൽ സവിശേഷമായി ഉൾപ്പെടുത്തുന്നു. അല്ലെങ്കിൽ അതിനെയൊരു ജ്ഞാനരൂപമെന്ന നിലയിൽ അവതരിപ്പിക്കുന്നു

എന്നതാണ് സമകാലിക എഴുത്തിന്റെ ഒരു രാഷ്ട്രീയ നിലപാടെന്നു നമുക്ക് പറയുവാനാകും. കാരണം, നമ്മുടെ കാലങ്ങൾ വല്ലാതെ ചിതറിത്തെറിക്കുകയാണ്. അതിസാങ്കേതിക യുഗത്തിൽ ഒരു വല്ലാത്ത മാറ്റം സംഭവിക്കുന്നുണ്ട്. അവിടെ എല്ലാം തകിടം മറിയുന്ന ഒരു അവസ്ഥയാണുള്ളത്. അതുപോലെ തന്നെ വളരെ വേഗം നമ്മുടെ ഓർമ്മകൾ പല വ്യവഹാരങ്ങളിൽ നിന്നും തുടച്ചുമാറ്റപ്പെടുന്നു. പൂർവ്വകാല ജനതയുടേതായ സമരങ്ങൾ, സഹനങ്ങൾ, വിപ്ലവങ്ങൾ ഒരു വലിയ സമൂഹത്തിന്റെ നിർമിതിക്കായി ജീവിതം ത്യജിച്ച വ്യക്തികളെ നാം ബോധപൂർവ്വം വിസ്മരിക്കുന്നുണ്ട്. വ്യക്തിപരമായ ജീവിതത്തിൽ പോലും ഓർമ്മയുടെ തിരോധാനമെന്നത് വല്ലാത്തൊരു സാംസ്കാരിക പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇതിനു പിൻബലമേകുന്ന തരത്തിലുള്ള മുതലാളിത്ത പ്രത്യയ ശാസ്ത്രങ്ങളാണ് നമ്മുടെ സമൂഹത്തിൽ വിരചിക്കുന്നതും. ആഗോളീകരണവും നവമുതലാളിത്തവുമൊക്കെ ഇതിന്റെ വേഗത വർദ്ധിപ്പിക്കുന്നുണ്ട്. പ്രത്യയശാസ്ത്രങ്ങളും ഭരണകൂടങ്ങളുമൊക്കെ ഇത്തരം കാര്യങ്ങൾക്കാണ് പിന്തുണയേകുന്നതും. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ ഒരു ജനതയുടെ സ്ഥലത്തെ, ഓർമ്മയെ, കാലത്തെയൊക്കെ തുടച്ചുനീക്കിക്കൊണ്ട് എല്ലാവരെയും ഉപഭോഗജീവികളായിമായ സംസ്കാരവും, പ്രത്യയശാസ്ത്രങ്ങളും, ഭരണകൂടവുമെല്ലാം കൈകോർത്തു നിൽക്കുന്ന ഒരവസ്ഥയാണ് നമ്മളിന്ന് അഭിമുഖീകരിക്കുന്നത്. ഇവിടെയാണ് കഥ, നോവൽ തുടങ്ങിയ സാഹിത്യവഹാരങ്ങളെല്ലാം വളരെ രാഷ്ട്രീയമായ ജാഗ്രതയോടുകൂടി ബോധത്തോടുകൂടി ഒരു പ്രതിരോധം എഴുത്തിലേക്ക് കൊണ്ടുവരുന്നത്. വർത്തമാന കാലത്തിലുള്ളിരിക്കുന്ന ഭൂതകാലത്തെ ജ്ഞാനശാസ്ത്രപരമായിത്തന്നെ ആഖ്യാനം ചെയ്തുകൊണ്ട് വർത്തമാന കാലത്തെ നേർക്കുനേർ കാണാനുള്ള ഒരു പ്രത്യയ ശാസ്ത്ര അവബോധം നൽകുകയാണ് സമകാലിക കഥയും നോവലുമെന്നു പറയാം.

അതാണ് വർത്തമാനകാല എഴുത്തിൽ കാണാനാവുന്ന ഒരു നിലപാട്. സ്ഥലം, കാലം, ഓർമ എന്നീ ഘടകങ്ങളെ എഴുത്തിൽ ജ്ഞാനശാസ്ത്രപരമായി അറിവ് ഉൽപാദിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അതിനെ

വിന്യസിക്കുവാൻ പുതിയ തലമുറയിലെ എഴുത്തുകാർ ശ്രമിക്കുന്നു. മുൻകാല എഴുത്തിൽ മനുഷ്യൻ അവന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള കേവല പ്രതലങ്ങൾ മാത്രമായിരുന്നു ആഖ്യാന ചരിത്രത്തിൽ സ്ഥലവും കാലവുമൊക്കെ. എന്നാൽ പുതിയ എഴുത്തിലേക്കെത്തുമ്പോൾ ഒരു നാടിന്റെ സവിശേഷ വ്യവഹാരങ്ങൾ, സംസ്കാരവുമൊക്കെ കടന്നുവരുന്നുണ്ട്. അങ്ങനെ ജൈവപരവും, സാംസ്കാരികവും, രാഷ്ട്രീയപരവുമായ സൂക്ഷ്മ വിശദാംശങ്ങളോടെയാണ് പുതിയ എഴുത്തിൽ സ്ഥലകാലങ്ങൾ പ്രത്യക്ഷ പ്പെടുന്നത്. അവിടെ നമുക്ക് സ്ഥലത്തിന്റെ ലാൻഡ്സ്കേപ്പ്, ഭൂഭാഗസൗന്ദ ര്യശാസ്ത്രം, ജന്തു-സസ്യ പ്രകൃതി, പ്രകൃതി വിഭവങ്ങൾ, ജലസ്രോത സ്സുകൾ, കാലാവസ്ഥ, ഒരു പ്രത്യേകയിടത്തു നിലനിൽക്കുന്ന അധികാരരൂ പത്തെക്കുറിച്ചും മനുഷ്യന്റെ എല്ലാത്തരം കാമനകളെക്കുറിച്ചും പറയുന്നു ണ്ട്. അങ്ങനെ ജീവശാസ്ത്രപരമായ ഒരു സൂക്ഷ്മത ഇത്തരം എഴുത്തിൽ നമുക്ക് കാണാൻ കഴിയും. ഗണിതയുക്തിയോടെ ഇത്തരം സ്ഥലകാലജൈവ അവസ്ഥകളെ വിന്യസിച്ചുകൊണ്ട് സാഹിത്യം എന്നതിനെ ഒരു ഭൗമവും അഭൗമവുമായ അറിവിന്റെ ഒരു പ്രതിനിധാനമാക്കിത്തീർക്കുന്നതിൽ പുതിയ എഴുത്തുകാർ വളരെ ശ്രദ്ധവയ്ക്കുന്നുണ്ട്.

വ്യവസ്ഥാപിത ചരിത്രവും, സാമൂഹികശാസ്ത്രവും അല്ലെങ്കിൽ വ്യവസ്ഥാപിതമായ ജ്ഞാനരൂപങ്ങളെയെല്ലാം പ്രശ്നവത്ക്കരിക്കുന്ന തര ത്തിലാണ് എസ്.ഹരീഷിന്റെ രചനകളിൽ സ്ഥലത്തെയും കാലത്തെയും ഓർമ്മയെയും വിന്യസിക്കുന്നതെന്ന് നമുക്ക് അദ്ദേഹത്തിന്റെ രചനകളിൽ നിന്നും മനസ്സിലാക്കാം.

വർത്തമാന എഴുത്തിൽ കാണാനാവുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു സവിശേഷതയായി നമുക്കിതിനെ നിരീക്ഷിക്കാനാവും. അവിടെ ചരിത്ര ത്തിലെ തെളിയാത്ത ഇടങ്ങൾ തെളിയിച്ചെടുക്കുകയാണ്. അവയെ വർത്ത മാന പ്രസക്തിയോടെ നമ്മുടെ മുന്നിലേക്ക് കൊണ്ടുവരുന്നു. ഹരീഷിന്റെ കഥകളും, നോവലുകളും പരിശോധിച്ചാൽ സ്ഥലം, കാലം എന്നിവയെക്കു റിച്ചുള്ള തനതായ അല്ലെങ്കിൽ ജൈവമായ സിദ്ധാന്തങ്ങൾ കാണാം. ഒരു കൃതി തന്നെ തിയറിയായി മാറുന്ന സവിശേഷതയും അദ്ദേഹത്തിന്റെ എഴു

ത്തിൽ കാണാനാവും. സ്ഥലകാല പ്രതിനിധാനം ഫിക്ക്ഷനിൽ എന്നതിനെ ഗവേണാത്മകമായി നിരീക്ഷിക്കുമ്പോൾ അതിനെ ചില സിദ്ധാന്തങ്ങളാവശ്യമായി വരും. സാഹിത്യത്തിലെ സ്ഥലകാല പ്രതിനിധാനത്തെപ്പറ്റി ചിന്തിക്കുന്ന ചില സൈദ്ധാന്തികതകളിൽ ഒന്നാണ് ഫിക്ഷനിലെ സ്ഥലകാല നിർമിതി. അതിനെക്കുറിച്ചുള്ള ഒരവബോധം രൂപീകരിക്കുന്നതിൽ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒരു തിയറിയാണ് റഷ്യൻ സാഹിത്യ ചിന്തകനായ മിഖായേൽ ബക്തിന്റെ ക്രോണോടോപ്പ് എന്ന തിയറി. അത് ഇമ്മാനുവേൽ കാൻഡിന്റെ ജ്ഞാനശാസ്ത്രത്തിൽ നിന്നും ആൽബർട്ട് ഐൻസ്റ്റീനിന്റെ ആപേക്ഷികതാസിദ്ധാന്തത്തിൽ നിന്നും വികസിപ്പിച്ചെടുത്ത ഒരു കൺസപ്റ്റാണ്. മനുഷ്യന്റെ അവബോധ രൂപീകരണത്തിന്റെ ഒരു ജ്ഞാനരൂപമായിട്ടാണ് സ്ഥലകാലങ്ങളെ ഇമ്മാനുവേൽ കാൻഡിന്റെ ചിന്തയ്ക്ക് വിഷയമാകുന്നത്. എന്നാലിവിടെ ബക്തിൻ പറയുന്നത്. ഇത്തരം അവബോധ രൂപീകരണത്തിന്റെ ചരിത്രപരമായ തെളിവുകൾ സാഹിത്യത്തിൽ നിന്നും ശേഖരിക്കാമെന്നാണ്. ക്രോണോടോപ് ലക്ഷ്യം വയ്ക്കുന്നതെന്തെന്നാൽ, സാഹിത്യത്തെ മുൻനിർത്തി സ്ഥലകാല സംബന്ധിയായ അവബോധ രൂപീകരണത്തിന്റെ ജ്ഞാനം അതിൽ നിന്നും സ്വരൂപിച്ചെടുക്കുകയാണ് എന്നതാണ്. സാഹിത്യം പഴയ ശാസ്ത്രം പോലെ പ്രവർത്തിക്കുന്നുവെന്നും അതിനനുസൃതമായിട്ടാണ് എഴുത്തുകാർ സ്ഥലകാലങ്ങളെ രൂപകല്പന ചെയ്യുന്നുമെന്നുമാണ് ബക്തിൻ നിരീക്ഷിക്കുന്നത്. അതുപോലെതന്നെ സ്ഥലസങ്കല്പത്തെക്കുറിച്ചുള്ള പഠനത്തിൽ ഉപയോഗിക്കാവുന്ന മറ്റൊരു തിയറിയാണ് ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ലെഫക് ബേയുടെ സോഷ്യൽ പ്രൊഡക്ക്ഷൻ ഓഫ് സ്പെയ്സ് എന്നത്. സാമൂഹ്യശാസ്ത്രം രാഷ്ട്രീയ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെടുത്തി സ്ഥലമെന്ന സങ്കല്പത്തെ വിശകലനം ചെയ്യുകയാണിതിൽ. അതിലുപയോഗിക്കുന്ന ചില പരികല്പനങ്ങൾ സാഹിത്യത്തിലെ സ്ഥലകാല പഠനത്തിൽ നമുക്ക് പ്രയോഗിക്കാനാവുന്നതാണ്. അതിൽ സബ്ജെക്ട്, ഒബ്ജെക്ട്, ആക്ടിവിറ്റീസ് എന്നിങ്ങനെ 3 തലത്തിൽ നിന്നുകൊണ്ട് ലെഫക്ബേ സ്ഥലത്തെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവെയ്ക്കുന്നുണ്ട്. സാഹിത്യത്തിലെ സ്ഥലകാല നിർമിതി ഒരു സയൻസുപോലെ പ്രവർത്തിക്കുന്നുവെന്ന് ബക്തിൻ പറയു

ന്നുണ്ട്. അതിനെ കുറച്ചുകൂടി വസ്തുനിഷ്ഠമായി വിശദീകരിക്കാൻ ലെഫക്ബേയുടെ തിയറിയിലൂടെ കഴിയും. സാമ്പത്തികവും രാഷ്ട്രീയവുമായ ചലനക്രമങ്ങൾക്കാണ് ലെഫക്ബേ ഊന്നൽ കൊടുക്കുക. ഒരു സ്ഥലത്തിന്റെ രാഷ്ട്രീയം, സാമ്പത്തികം എന്നിവയൊക്കെ ലെഫക്ബേ ചർച്ച കൊടുക്കുകയാണ്. ഇപ്രകാരമൊക്കെ നോവലിലെ സ്ഥലകാലവിന്യാസത്തെ ജ്ഞാനരൂപമായി വളർത്തിയെടുക്കാം എന്നതു സംബന്ധിച്ചുള്ള തിയതികളുണ്ട് എന്നതും പ്രധാനപ്പെട്ട വസ്തുതയാണ്. ഇത്തരത്തിൽ,

ബക്തിനു ലെഫക്ബേയുടെ സ്ഥലത്തെക്കുറിച്ചും പറയുന്ന കൺസപ്റ്റ് നമുക്ക് വളരെ കൃത്യമായി പ്രയോഗിച്ചു പഠിക്കാനാവുന്ന ഒരു കൃതിയാണ് എസ്.ഹരീഷിന്റെ മീശ എന്ന നോവൽ. സ്ഥലം, കാലം, ഓർമ എന്നിവയെ സവിശേഷ രീതിയിൽ വിന്യസിക്കുന്ന ഒരു നോവലാണിത്. അതിൽ സ്ഥലകാലങ്ങളെയും അതിനെക്കുറിച്ചുള്ള ഓർമ്മകളെയും, വിഷയത്തെയും, വിഷയിയെയും, പ്രക്രിയകളെയുമൊക്കെ ജൈവസൂക്ഷ്മതയോടെ, കൃത്യതയോടെ വിശദീകരിക്കാവുന്ന രീതിയിലാണ് നോവൽ അടയാളപ്പെടുത്തിയിരിക്കുന്നത്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ തിരുവതാംകൂറിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക ചരിത്രമാണ് മീശ എന്ന നോവലിന്റെ ആഖ്യാനത്തിലേക്കു വരുന്നത്. പ്രത്യേകിച്ച് വടക്കൻ കുട്ടനാടിന്റെ ഭൂപ്രകൃതിയും അതിന്റെ കാർഷിക, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ജീവിതവും, സൂക്ഷ്മവിശദാംശങ്ങളോടെ നോവലിൽ പ്രതിഷ്ഠിതമായിരിക്കുന്നത്. സ്ഥലം കേവലം വസ്തുനിഷ്ഠമായ വിവരണസ്ഥലം എന്ന രീതിയിലുള്ളതുണ്ട്. അതായത്, ഒരു പ്രദേശത്തിന്റെ അധികാരത്തിനു വിധേയപ്പെട്ട സ്ഥലം അഥവാ ഔദ്യോഗിക രേഖകളിലെ സ്ഥലം, അതല്ലാതെ പാരിസ്ഥിതികമായ, ജൈവപരമായ ആവാസവ്യവസ്ഥയുടെ ഒരു സ്ഥലവും കാണാനാവും. ഇതു ഭരണകൂടം ഒരു കാലത്തും പരിഗണിക്കാറില്ല. ഭരണകൂടത്തെ സംബന്ധിച്ച് ഏതു സ്ഥലവും അധികാരപ്രയോഗത്തിന്റെ ഇടമാണ്. ഇങ്ങനെയുള്ള അധികാര സ്ഥലവും അവിടുത്തെ പ്രദേശവാസികളായ മനുഷ്യർക്കു മാത്രം അറിയാവുന്ന ഒരു ജൈവസ്ഥലവുമുണ്ട്. ഈ അധികാര സ്ഥലവും ജൈവസ്ഥലവും തമ്മിലുള്ള ഒരു സംഘർഷമാണ് മീശ എന്ന നോവലിൽ കാണുന്നത്. ഒരു സ്ഥലത്തിന്റെ ഭൂമിശാസ്ത്രമെന്നത് അവിടുത്തെ ജനങ്ങൾക്കു മാത്രം വഴങ്ങുന്ന ഒന്നാണ്. ഇങ്ങനെ

യുള്ള ഒരു പ്രകൃതിയിലേക്കാണിതിലെ കേന്ദ്രകഥാപാത്രമായ വാവച്ചൻ നാടകത്തിൽ കെട്ടിയ വേഷം അഴിച്ചുവയ്ക്കാതെ പോലീസുകാരന്റെ മീശ യുമായി ഓടിപ്പോയത്. അയാൾ ഒളിച്ചിരിക്കുന്ന ഭൂപ്രകൃതിയുടെ നിഗൂഢ തയിലേക്കാണീ കഥ നമ്മെ കൊണ്ടുപോകുന്നത്. അങ്ങനെ കഥാകാരൻ ആരുമോർത്തു വയ്ക്കാത്ത പ്രകൃതിയുടെയും മനുഷ്യന്റെയും സാമൂഹ്യ രാഷ്ട്രീയ അവസ്ഥകളുടെയും ചരിത്രത്തെ അതിന്റെ സമസ്ത വൈവിധ്യ ങ്ങളോടെയും ഈ ആഖ്യാനത്തിൽ കുടിയിരുത്തുക. ഇതാണ് ഈ നോവ ലിൽ നമ്മെ അത്ഭുതപ്പെടുത്തുന്ന ആഖ്യാനതയുടെ സവിശേഷത. മനു ഷ്യനും ജീവജാലങ്ങളും ഉൾപ്പെടുന്ന ഇടങ്ങൾ ആനയുള്ളയിടം, ആദിവാ സികളുള്ളയിടം എന്നും മറ്റുമാണ് ഔദ്യോഗിക രേഖകളിൽ പറഞ്ഞുവ യ്ക്കുന്നത്. കാടും, പുഴകളും, അരുവികളെയുമൊക്കെ അതിർത്തി കല്പി ച്ചാണ് മീശയിലെ സ്ഥലങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എല്ലാ അർത്ഥത്തിലും ഈ ഔദ്യോഗിക സ്ഥലത്തെ അതിവർത്തിച്ചു പോകുന്നു മീശയിലെ ആഖ്യാന സ്ഥലം. മീശയിലെ ആഖ്യാനം അതിജീ വനത്തിന്റെ ആഖ്യാനമായി പോകുന്നു. പേടിയുടെ അല്ലെങ്കിൽ അധികാര ഭീകരതയുടെ, മനുഷ്യനും പ്രകൃതിയുമായുള്ള സൂക്ഷ്മ വിനിമയത്തിന്റെ സ്ഥലകാലവിന്യാസമായി നോവൽ മാറുകയാണ്. ഇത്തരത്തിലുള്ളൊരു ആഖ്യാനം മലയാള നോവലിൽ ഒരു പക്ഷെ ആദ്യമായിട്ടാണ് പ്രത്യക്ഷ പ്പെടുന്നതെന്നും പറയാം. കേവലം മനുഷ്യന്റെ ജീവിതത്തിലേക്ക് ഒഴുകിപ്പ രക്കുകയാണ് കഥയിലെ ആഖ്യാനസ്ഥലം. അവിടെനിന്നും പലതരം അറി വുകളിലേക്ക്, തത്വചിന്തകളിലേക്ക്, കാഴ്ച്ചകളിലേക്ക് പോവുകയാണ്. ഇങ്ങനെ പലതിലേക്കും ഒഴുകിപ്പരക്കുന്ന സ്ഥലമായിട്ടാണ് മീശയിലെ സ്ഥലം പ്രത്യക്ഷപ്പെടുന്നത്. അതുപോലെ മറ്റൊരു സവിശേഷതയാണ് മനു ഷ്യന്റെയും അവന്റെ ആവാസവ്യവസ്ഥയുടെയും, സാംസ്കാരികവും രാഷ്ട്രീ യവുമായ ഒരു പ്രതലത്തിൽ നിന്നുകൊണ്ടാണീ കഥ ആഖ്യാനം നടത്തു ക. അതുകൊണ്ടീ കഥയുടെ ആഖ്യാനത്തിൽ നാട്ടുകഥകളെയാണ് എഴു ത്തുകാരൻ പിന്തുടരുക. അവിടെ കഥ, ആഖ്യാതാവ്, ശ്രോതാവ് എന്നിവർ തമ്മിലുള്ള പുതിയകാലത്തു വരുന്ന മാറ്റത്തെക്കുറിച്ച് സൂചനയുണ്ട്. അതാ യത്, കഥ എന്ന വ്യവഹാരം അതാഖ്യാനം ചെയ്യുന്നയാൾ അതു കേൾക്കു

ന്നയാൾ എന്ന ത്രിത്വം പലതരത്തിൽ ചോദ്യം ചെയ്യപ്പെടുന്നു എന്നുള്ള ഒരാശയം കഥയുടെ ആഖ്യാനത്തിലേക്ക് വരുന്നുണ്ട്. ചെറിയ ഒരു കുട്ടിക്ക് കഥ പറഞ്ഞുകൊടുക്കുന്ന മട്ടിലാണീ ആഖ്യാനം വരിക. അവിടെയാണ് ആഖ്യാനം പ്രശ്നവൽക്കരിക്കപ്പെടുക. പുതിയകാലഘട്ടത്തിൽ എങ്ങനെ യാണ് എഴുത്തിനെ സമീപിക്കേണ്ടതു എന്നതു സംബന്ധിച്ച് വലിയൊരു വിശകലനം തന്നെ നടത്തുന്നുണ്ട്. അതാണ് ചെറിയ കുട്ടിക്ക് കഥ പറ ഞ്ഞുകൊടുക്കാൻ ശ്രമിക്കുമ്പോൾ കഥയിലെ ആഖ്യാതാവ് വലിയ സങ്കട ത്തിലാകുന്നു. അയാൾ നേരിടുന്ന ഒരു പ്രശ്നം, നിലവിലുള്ള ആഖ്യാന ങ്ങളെല്ലാം പഴയതാണ്. അവിടെ പുതമയില്ല. ശ്രോതാക്കളെ ആകർഷിക്കാ നവ അപര്യാപ്തമാണെന്ന് കഥയിലെ ആഖ്യാതാവ് തിരിച്ചറിയുന്നു. നില വിലുള്ള ആഖ്യാനങ്ങളിൽ ആഖ്യാതാവ് അവിശ്വാസിയാകുന്നു. ഇളംതല മുറ എല്ലാ കഥകളെയും, ആഖ്യാനങ്ങളെയും ചോദ്യം ചെയ്യുന്നു. ഇളംതല മുറയെ തൃപ്തിപ്പെടുത്താനുള്ള ഒരു കഥ പറയുവാനാണ് ആഖ്യാതാവ് ശ്രമിക്കുക. ഇതുവരെ ആഖ്യാനം ചെയ്യപ്പെടാത്ത കഥയിലേക്ക് ആഖ്യാതാവ് സഞ്ചരിക്കുകയാണ്. ജീവിച്ചിരിക്കുന്ന സ്ഥലത്തെ ഓർമ്മകളെ ഖനനം ചെയ്യു കയാണ്. പ്രാദേശിക സംസ്കൃതിയിൽ നിന്നും കഥകൾ കണ്ടെടുക്കുകയാ ണ്. നാമിതുവരെ തലമുറകളായി വിനിമയം ചെയ്തുകൊണ്ടിരിക്കുന്ന ഉന്നത പുരാവൃത്തങ്ങളെ വെല്ലുന്ന കഥകൾ പുതുതലമുറയ്ക്കു പറഞ്ഞുകൊടു ക്കുക, അവർ ജീവിക്കുന്ന പരിസരങ്ങളുടെ ചരിത്രവും രാഷ്ട്രീയവും അധി കാരഘടനയും ബോധ്യപ്പെടുത്തി കൊടുക്കുംവിധം പുതിയൊരു അറിവിന്റെ നിർമിതിയായി കഥകളെങ്ങനെ മാറാമെന്നുള്ള അന്വേഷണത്തിലാണ് ഇങ്ങ നെയൊരു കഥകളിലേക്ക് ആഖ്യാതാവെത്തുന്നതെന്നു മനസ്സിലാക്കാം. അങ്ങനെയൊരു പുതിയ പുരാവൃത്തം സംഭവിക്കുകയാണ്. ആ കഥകളിൽ നമ്മുടെ നാടിന്റെ വർത്തമാന പ്രസക്തിയോടെ പുനരാനയിക്കപ്പെടുകയാ ണ്. അതിൽ വാവച്ചൻ എന്നയാളുടെ കഥ ആഖ്യാതാവിനെയും കഥ കേൾക്കുന്ന കുട്ടിയെയും (ശ്രോതാവ്) അത്ഭുതങ്ങളുടെയൊരു ലോകത്തേക്ക് കൊണ്ടു പോകുന്നു. അവിടെ അധികാര ഭീതിയുടെയും അതിജീവിതാവ സ്ഥയുടെ ഒരു രൂപകമായി ആ കഥ വളർച്ച നേടുകയാണ്. അതിന്റെ മാന്ത്രി കമായ യാഥാർത്ഥ്യങ്ങൾ വായനക്കാരനെ ഒരു പുതിയ സാമൂഹിക അവ ബോധത്തിലേക്കുണർത്തുകയാണെന്നു പറയാം. അതാണ് മീശ എന്നതിന്റെ

ആഖ്യാനത്തിൽ കൊണ്ടുവരുന്ന പുത്തൻ രാഷ്ട്രീയം. ശിലിഥമായിത്തീർന്ന ജ്ഞാനനിർമിതികൾക്കപ്പുറം ഇതുവരെയാരും കണ്ടെത്താത്തൊരു ചരിത്ര മുണ്ട്. ശിഥിലമായ കാലത്തിന്റെ, വർത്തമാന ഭൂപടത്തിൽ നിന്നുകൊണ്ട് കുട്ടനാട് എന്ന സ്ഥലത്തിന്റെയൊരു രാഷ്ട്രീയം, ചരിത്രം, സംസ്കാരം ആഖ്യാനം ചെയ്യാനും അതിലേക്ക് ഓർമ്മകളിലൂടെ അനുഭവങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ട് ചരിത്രമില്ലാത്തവരുടെ ചരിത്രത്തെ രേഖപ്പെടുത്താനാ ണിവിടെ ശ്രമിക്കുക. വ്യഥകാല ചരിത്രത്തിലെ തെളിയാത്ത ഇടങ്ങൾ തെളി യിച്ചെടുക്കുന്ന ഒരാഖ്യാനത്തെ മീശയിൽ കാണാം. മീശയിലെ സ്ഥലകാല നിർമിതി എന്നത് ഒരു ജ്ഞാനരൂപം പോലെ പ്രവർത്തിക്കുന്നു. അങ്ങനെ പ്രകൃതിയെയും അധികാര രൂപങ്ങളെയും, സാമൂഹ്യാവസ്ഥകളെയും യാതൊരു പ്രത്യയശാസ്ത്ര കണ്ണടയുമില്ലാതെ പച്ചയായി നിരീക്ഷിക്കുക യാണ് ചെയ്യുന്നത്. അങ്ങനെ സ്ഥലപരമായ ആഖ്യാനത്തിന്റെ പുതുമയും അതു സൃഷ്ടിക്കുന്ന കൗതുകങ്ങളും അതു പകരുന്ന ജ്ഞാനവുമാണ് ഈ നോവലിന്റെ സ്ഥലാഖ്യാനത്തിൽ കാണാവുന്ന സവിശേഷത.

സ്ഥലകാലം എന്നതുപോലെ ഹരീഷിന്റെ രചനകളിൽ ഓർമ എന്നത് നവകാലമാനം നൽകുന്ന രീതിയിലാണു കടന്നുവരിക. ആഖ്യാന ത്തിന്റെ രസവിദ്യയെന്നിതിനെ വിശേഷിപ്പിക്കാം. കഥയെന്ന വ്യവഹാര ത്തിന്റെ രാഷ്ട്രീയവും സൗന്ദര്യാത്മകവുമായ ഒരു വീക്ഷണം കഥ മുന്നോട്ടു വയ്ക്കുന്നു. ഈ കഥയിൽ മലയാള ഭാഷയെക്കുറിച്ചുള്ളൊരു കൊളോണി യൽ കൺസപ്റ്റും കടന്നുവരുന്നുണ്ട്. ആഖ്യാനത്തിൽ രാഷ്ട്രീയമായി മാറിയ ഓർമയാണീ കഥയിൽ. ചരിത്രവും സംസ്കാരവും അതിന്റെ നിഗൂഢലിപി കളിൽ വായിച്ചെടുക്കുന്നതിലെ കൗതുകവും കൗശലവുമാണ് ഹരീഷിന്റെ രചനകളിൽ ഉടനീളം കാണാനാവുക. പലതരം വൈരുദ്ധ്യങ്ങളുമിതിൽ കട ന്നുവരുന്നുണ്ട്. ആധിപത്യ ശ്രമങ്ങൾ, ആത്മരതി, സത്യത്തിന്റെ കുപ്പായമ ണിഞ്ഞ നുണകളുടെ വേലകളിൽ ഇതെല്ലാം നിറഞ്ഞ വർത്തമാന കാല ത്തിലേക്ക് മനുഷ്യമഹത്വത്തിന്റെ ഓർമകളുണർത്തുന്ന കഥകൾ ആഖ്യാന ത്തിൽ കുടിയിരുത്തിക്കൊണ്ടുള്ള മുന്നേറ്റത്തെ ഹരീഷിന്റെ രചനകളിൽ കാണാം. അലിഗറികളുടെ, ലോഹക്കൂട്ടുകൊണ്ടാണ് ഹരീഷ് കഥകളെഴു തുന്നതെന്നു പറയാം. അതിലൂടെ വർത്തമാന സമൂഹം നേരിടുന്ന രാഷ്ട്രീയ സമസ്യ അന്യാപദേശ ഭാഷയിലൂടെ വിശകലനം ചെയ്യുന്നതിലാണി കഥാ

കാരൻ ഏറെ മികവു കാട്ടുന്നതെന്നു പറയാം. മാവോയിസ്റ്റ്, ആദം എന്നീ കഥകൾ അദ്ദേഹത്തിന്റെ അലിഗറികറുടെ മികച്ച ഉദാഹരണങ്ങളാണ്. മാവോയിസ്റ്റിൽ വിപ്ലവവും ആദത്തിൽ വംശീയതയുടെ പ്രശ്നവും ആവിഷ്കരിക്കുന്നു. വർത്തമാന രാഷ്ട്രീയാവസ്ഥകളെ ജന്തുപ്രതീകങ്ങളിലൂടെ അവതരിപ്പിക്കുകയാണിവിടെ.

സംസ്കാരമായാലും രാഷ്ട്രീയമായാലും പ്രകൃതിയാലും മനുഷ്യ കാമനകളായാലും ഇവയെക്കുറിച്ചുള്ള വിവിധ അറിവുകളിലേക്ക് ഹരീഷിന്റെ കഥകൾ സഞ്ചരിക്കുന്നു. പ്രകൃതിയുടെയും സ്ഥലകാലങ്ങളുടെയും അധികാരരൂപങ്ങളുടെയും എഴുത്തായിട്ട് മാറുന്നതാണ് ഹരീഷിന്റെ രചനകളെ വിശകലനം ചെയ്യുമ്പോൾ കാണുന്ന പ്രധാനപ്പെട്ട സവിശേഷത.

# വീട് എന്ന വാസ്തുസങ്കല്പം അശോകൻ ചരുവിലിന്റെ കഥകളിൽ

**ഡോ. ബെന്നിച്ചൻ സ്കറിയ**
അസിസ്റ്റന്റ് പ്രൊഫസർ & റിസേർച്ച്ഗൈഡ്
പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**സംഗ്രഹം:** അനുഭവത്തിന്റെ ചരിത്രാത്മകതയെ ആഖ്യാനം ചെയ്യുന്ന വിവരണങ്ങളാണ് അശോകൻ ചരുവിലിന്റെ ചെറുകഥകൾ. കാലത്തോടും സമൂഹത്തോടും ബന്ധപ്പെട്ട ഘടകങ്ങളുടെ പ്രതികരണങ്ങൾ അദ്ദേഹത്തിന്റെ പലകഥകളിലും കാണുന്നു. വാസ്തുസങ്കല്പത്തിന്റെ പുതിയ മാനങ്ങൾ വ്യക്തമാക്കുന്ന കഥകളാണ് 'പലതരം വീടുകളും', 'കല്ലേറ്റുംകര റെയിൽവേസ്റ്റേഷനും'. സ്വന്തമായി ഒരു വീട് ഓരോ കുടുംബത്തിന്റേയും സ്വപ്നമാണ്. അത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി സഹിക്കേണ്ടിവരുന്ന വേദനയുടേയും യാതനയുടേയും കണ്ണുനീരിന്റേയും കഷ്ടപ്പാടിന്റേയും നോവിന്റേയും നൊമ്പരങ്ങളുടേയും വിവരണമാണ് ഈ കഥകളിൽ തെളിഞ്ഞുകാണുന്നത്. വീട് എന്ന സങ്കല്പത്തിന്റെ യാഥാർത്ഥ്യത്തോടെ അനുഭവിക്കുന്ന ചാരിതാർത്ഥ്യവും ഈ കഥകളിൽ നിഴലിച്ചുകാണുന്നു. സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾ സാമ്പത്തിക വ്യവസ്ഥയിൽ വരുന്ന മാറ്റങ്ങളോട് വളരെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചെറുകഥാകൃത്ത് വ്യക്തമാക്കുന്നു.

**താക്കോൽ വാക്കുകൾ: വാസ്തുസങ്കല്പം, സ്റ്റാറ്റസ്സിംബൽ, ഐറണി, ജീവിത വ്യാഖ്യാനം.**

ആത്മീയതയുടെ വാണിജ്യവത്കരണമാണ് മുഖ്യപ്രമേയമെങ്കിലും 'പലതരം വീടുകൾ' എന്ന ചെറുകഥ വീട് എന്ന വാസ്തുസങ്കല്പത്തിന്റെ പലമാനങ്ങളും ചിന്തകളും വ്യക്തമാക്കുന്നു. ഒരു വീട് എന്ന

സ്വപ്നസാക്ഷാത്കാരത്തിനുവേണ്ടി യത്നിക്കുന്ന കുടുംബനാഥന്റെ ചാരിതാർത്ഥ്യത്തിന്റെ നേർചിത്രം കൂടിയാണ് ഈ കഥ. ഇന്നത്തെ സമൂഹത്തിൽ വീട് കേവലം വാസസ്ഥലം എന്നതിനേക്കാൾ ഓരോ മനുഷ്യന്റെയും സ്റ്റാറ്റസ് സിംബലും അഹംഭാവം വെളിവാക്കാനുള്ള ഇടങ്ങളുമായി മാറിയിരിക്കുന്നു.

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരും ഇന്ന് ഒരു വീട് ഉണ്ടാക്കുന്നതിനുവേണ്ടി എല്ലാംമറന്ന് പ്രവർത്തിക്കുന്നതായി കഥാകൃത്ത് ഇവിടെ അവതരിപ്പിക്കുന്നു. രണ്ടാമത്തെ കഥയായ കല്ലേറ്റുംകര റെയിൽവേസ്റ്റേഷൻ എന്ന കഥയിൽ വീട് സങ്കല്പം സൂക്ഷ്മവും വിമർശനാത്മകവുമായി അവതരിപ്പിച്ചിരിക്കുന്നു. മാമുണ്ണി സ്വാമിയുടെ പെൺമക്കളെ കേന്ദ്രീകരിച്ച് ആഖ്യാനം ചെയ്തിട്ടുള്ള ഈ കഥ പുതിയ കാലത്തിന്റെ സാമ്പത്തിക പരിവർത്തനത്തിൽ കിടപ്പാടം നഷ്ടപ്പെട്ട് റെയിൽവേ സ്റ്റേഷനിലൂടെ അലയുന്ന താഴെത്തട്ടിലുള്ള സാധാരണക്കാരുടെ ജീവിതമാണ് അവതരിപ്പിച്ചിരിക്കുന്നത്. ആധുനികവർത്തമാനകാലത്തിന്റെ സാമ്പത്തിക ചുഴികളെപ്പറ്റി മനസ്സിലാക്കാതെ കിടപ്പാടം നഷ്ടപ്പെട്ട് ഒടുവിൽ റെയിൽവേസ്റ്റേഷനിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ടവരാണ് ഈ കഥയിലെ കഥാപാത്രങ്ങളായ മാമുണ്ണിസ്വാമിയും പെൺമക്കളും. തങ്ങൾ എത്തപ്പെട്ട ദൈന്യതയെക്കുറിച്ചോ അതിന്റെ പിന്നിലെ സാമ്പത്തിക തത്വശാസ്ത്രത്തെക്കുറിച്ചോ യാതൊന്നും മനസ്സിലാക്കാതെ കേവലം ഇരകളെപോലെ അലയുന്ന ഇവർ മനുഷ്യസമൂഹത്തിന്റെ വീട് എന്ന സങ്കല്പത്തിന്റെ മുൻപിൽ അവതരിക്കുന്ന ചോദ്യചിഹ്നമായി മാറുന്നു. വീടിനെക്കുറിച്ചുള്ള അശോകൻ ചരുവിലിന്റെ ദർശനം ഇപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു. 'വീടുകൾ പലതരം ഉണ്ടല്ലോ, ഈ ഭൂമിതന്നെ മനുഷ്യാത്മാക്കളുടെ വീട്. പിന്നെ മണ്ണ്, മരം, വെള്ളം, വെളിച്ചം, കാറ്റ്, ഓവുചാലുകൾ, പാലത്തിന്റെ അടിഭാഗം, രാത്രിയാണ് ഏറ്റവും നല്ല വീട്. പിന്നെ കൊടുംതണുപ്പ്, അപ്പൊ കിട്ടുന്ന ഒരു കഷണം കീറത്തുണിയാണ് വീട്'. കേവലം ദൃശ്യവൽക്കരിച്ചതോ ഭൗതീകസ്ഥാനത്തിലുള്ളതോ ആയ സങ്കല്പത്തിൽ നിന്ന് വ്യത്യാസമായി സമസ്ത ഇടങ്ങളും വീടായി മാറുന്ന

ഒരു ആന്തരിക പുനഃസൃഷ്ടി അദ്ദേഹത്തിന്റെ മിക്ക കഥകളിലും കാണുന്നു. സാമൂഹികമാനത്തിൽ നിന്ന് വ്യത്യസ്തമായി വിശാല അർത്ഥത്തിൽ ലോകമേ തറവാട് എന്ന സങ്കല്പത്തിലേക്ക് വീടിനെ അദ്ദേഹം മാറ്റി എടുക്കുന്നു. ചെറുകഥയിലെ സാധാരണ മനുഷ്യരുടെ ജീവിത ചിത്രണത്തിനിടയിൽ ഒരു എഴുത്തുകാരൻ അവരിലേക്ക് തന്നെ ഇറങ്ങിച്ചെന്ന് ജീവിതാഖ്യാനത്തിന്റെ പുതിയ ഭാവങ്ങളും ചിന്തകളും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

സാമൂഹിക ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ സൂക്ഷ്മമായി നോക്കി കാണുകയും അതിന്റെ സംഘർഷത്തിൽപ്പെട്ട ദുരന്തജന്മങ്ങളുടെ ജീവിത ചിത്രങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്ന കഥകളാണ് അദ്ദേഹം രചിച്ചിരിക്കുന്നത്. മാനുഷിക സന്ദർഭങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും തീഷ്ണത നഷ്ടപ്പെടാതെ പ്രകടനപരമായ പ്രസ്താവനകളും ചിന്തകളും ഒഴിവാക്കി, ഐറണിയുടേയും വിരുദ്ധോക്തികളുടെയും സാധ്യതകൾ വഴി വിമർശനാത്മകമായി അവതരിപ്പിക്കുവാൻ കഴിയുന്നത് ഓരോ കഥയിലെയും കഥാപാത്രങ്ങൾ നേരിടുന്ന ദുരന്തത്തിൽ അവരോട് പുലർത്തുന്ന സഹാനുഭൂതിയുടെ നേർ ചിത്രണങ്ങളാണ്. മാനുഷിക ജീവിതത്തിന്റെ വൈയക്തികമായ ഭാവാന്തരങ്ങളെ ആവിഷ്ക്കരിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ലോകത്തെ തന്റേതായ നിലയിൽ പുതിയ മട്ടിൽ വ്യാഖ്യാനിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ലളിതവും സുതാര്യവും ഭാവാത്മകവുമായി അദ്ദേഹം കഥകൾ അവതരിപ്പിക്കുന്നു.

മലയാളചെറുകഥ പുതിയ ഭാവനാലോകങ്ങളെ നിർമ്മിക്കുന്നതിന്റെ അടയാളങ്ങളാണ് അശോകൻ ചരുവിലിന്റെ കഥകളിൽ കാണുന്നത്. അനുഭവ സത്യങ്ങളെ ഖനനം ചെയ്തും വർത്തമാന യാഥാർത്ഥ്യങ്ങളോട് പ്രതികരിച്ചുമുള്ള രചാനാവിഷ്കാരമാണ് അദ്ദേഹം നടത്തുന്നത്. സാമൂഹികാനുഭവങ്ങളെ അതിന്റെ സങ്കീർണ്ണതയിലും മാനുഷികതയിലും അവതരിപ്പിക്കാനുള്ള ആവേശം ഇദ്ദേഹത്തിന്റെ കഥകളിൽ തെളിഞ്ഞുകാണുന്നു. കഥകളിലൂടെ എഴുത്തുകാരൻ പ്രതിനിധീകരിക്കുന്നത് വാക്കുകൾകൊണ്ടുള്ള ജീവിത സത്യങ്ങളാണെങ്കിലും അത് ജീവിത

യാഥാർത്ഥ്യങ്ങളുടെ നേർ ചിത്രണങ്ങൾ തന്നെയാണ്. മലയാളത്തിലെ എഴുത്തിന്റെ യൗവ്വനം അതിന്റെ ആഭിമുഖ്യങ്ങളെയും ബലദൗർബല്യങ്ങളേയും പ്രകടിപ്പിക്കുന്ന കാലത്ത് ചെറുകഥാ സാഹിത്യ മണ്ഡലത്തിലേക്ക് കടന്നുവന്ന അശോകൻ ചരുവിൽ ജീവിത യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ച് നിൽക്കുന്ന ആളല്ല മറിച്ച് അതിനെ തന്റെ കഥകളിലൂടെ ആവിഷ്ക്കരിക്കുന്നതിന്റെ പ്രതിഫലനമാണ് അദ്ദേഹത്തിന്റെ കഥകൾ. വീട് എന്ന വാസ്തുസങ്കല്പത്തിന്റെ വർത്തമാനകാല പ്രസക്തി ഈ കഥകളിലൂടെ അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു.

മലയാളത്തിലെ ഏറ്റവും സമ്പുഷ്ടമായ സാഹിത്യശാഖയായ ചെറുകഥാസാഹിത്യത്തിൽ ശ്രദ്ധേയമായ സ്ഥാനം വഹിക്കാൻ അശോകൻ ചരുവിലിന് കഴിഞ്ഞിട്ടുണ്ട്. സമകാലിക സാമൂഹിക ജീവിതത്തിന്റെ പ്രതീകവൽകൃത പരിഛേദമാണ് അദ്ദേഹം തന്റെ കഥകളിലൂടെ അവതരിപ്പിക്കുന്നത്.ഭൂത വർത്തമാനാനുഭവങ്ങളിലൂടെയും അജ്ഞാതഭാവി വിഷയകമായ ഭയാശങ്കകളുടേയും ഇടയിലൂടെ അലയുന്ന നിഴൽപോലെയാണ് വീട് എന്ന കഥയിലെ കഥാപാത്രങ്ങൾ. ആദർശങ്ങളുടെ പൊള്ളത്തരങ്ങൾ, മനുഷ്യബന്ധങ്ങളുടെ വിചിത്രഗതികൾ, സാമൂഹിക ജീവിതത്തിന്റെ പ്രഹേളികാസ്വഭാവം എന്നിവയെല്ലാം മാറിമാറി ഈ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. കാലത്തോടൊപ്പം വളരുന്നതാണ് മനുഷ്യമനസ്സ്. കലാകാരനിൽ ഈ വളർച്ചയുടെ വേഗം കൂടുന്നു എന്ന് അശോകൻ ചരുവിലിന്റെ കഥകൾ വായിക്കുമ്പോൾ നമുക്ക് ബോധ്യമാകും. ജീവിക്കുന്ന മനുഷ്യരെ മുന്നിൽ കണ്ടുകൊണ്ടുള്ള രചനയിൽ വീട് എന്ന വാസ്തുസങ്കല്പത്തെ യഥാതഥമായി ചിത്രീകരിച്ചിരിക്കുന്നു എന്നതാണ് ഈ രണ്ട് കഥകളുടേയും പ്രത്യേകത. വീട് മനുഷ്യനുവേണ്ടിയാണ്. അത് അവന്റെ സാമൂഹിക ബന്ധത്തിന്റേയും സ്ഥാനത്തിന്റേയും അടയാളമായി മാറണമെന്നാണ് കഥാകൃത്ത് ഈ കഥകളിലൂടെ പറയാതെ പറഞ്ഞുവയ്ക്കുന്നത്.

# പുതുകഥകളുടെ പുതിയലോകം

**നിമ്മി കുര്യൻ**
അസിസ്റ്റന്റ് പ്രൊഫസർ
പാവനാത്മ കോളേജ്, മുരിക്കാശ്ശേരി

പ്രായഭേദമെന്യെ എല്ലാവരെയും ഒരു പോലെ ആകർഷിക്കുന്ന സാഹിത്യരൂപമാണ് കഥ. മനുഷ്യ ജീവിതത്തെ തന്നെയാണ് ഓരോ കഥയും പകർത്തുന്നത്. പുതിയ കാലത്തും അതിനു മാറ്റമില്ല. ജീവിതത്തെ അതിന്റെ സമഗ്രതയിൽ മൗലികമായി ആവിഷ്ക്കരിക്കാൻ ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് കഴിവ് കൂടുതൽ കഥകൾക്കാണ്. കഥകൾക്കും കഥാചർച്ചകൾക്കും ഇന്നുണ്ടായിരിക്കുന്ന പ്രസക്തി ഈ സാഹിത്യരൂപത്തിന്റെ വിപ്ലവകരമായ വളർച്ചയെയും പരിണാമത്തെയും കുറിക്കുന്നു. ജീവിത വീക്ഷണം, ദർശനം, സാമാന്യ വ്യവഹാരങ്ങൾ ഇവയിൽ വന്ന സമഗ്രമായ പരിവർത്തനം പുതുകാല കഥകളെയും സാരമായി സ്വാധീനിച്ചിട്ടുണ്ട്. ആ മാറ്റം ഏതൊക്കെ തലങ്ങളിൽ പ്രകടമാകുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ :** സാംസ്കാരിക നിർമ്മിതി, ബഹുസ്വരത, വിമതലൈംഗികത

എല്ലാത്തരം വായനക്കാരെയും തൃപ്തരാക്കുന്ന രുചിക്കൂട്ടുകൾ ഇക്കാലത്തെ ഭൂരിപക്ഷം കഥകളിലും കാണാം. ഓരോ കഥയും, അനുഭവത്തിന്റെയും കാഴ്ച്ചയുടേയും പുതിയ മേച്ചിൽപ്പുറങ്ങളിലേയ്ക്ക് വായനക്കാരനെ എത്തിക്കുന്നു. ബഹുസ്വരമായ വായനയുടെ അനന്ത സാധ്യതകളാണ് പുതുകഥാ ലോകത്തുള്ളത്. വൈയക്തികവും കാല്പനികവുമായി മാറുമ്പോൾ തന്നെ ഒരേസമയം സാംസ്കാരിക

നിർമ്മിതിയുമായി കഥ പരിണമിക്കുന്നു. സ്വതന്ത്രവും ജനകീയവുമായ സാഹിത്യശാഖ എന്ന നിലയിൽ വർത്തമാന കാലത്തിന്റെ വെല്ലുവിളികളെ കൈയ്യടക്കത്തോടെ അവതരിപ്പിക്കുകയും പ്രതിരോധത്തിന്റെ ശബ്ദം ഉയർത്തുകയും ചെയ്യുന്നുണ്ട് ഇന്നത്തെ കഥകൾ.

**കഥയെന്ന ജനകീയ വായനാവിഭവം**

കഥയെ സംബന്ധിച്ച സാമ്പ്രദായിക പരികല്പനകൾ മറികടന്ന്, വർത്തമാനകാല സമസ്യകളോട് പ്രതിഷേധിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന മാധ്യമമായി അത് വികാസം പ്രാപിച്ചിരിക്കുന്നു. ആ കാരണം കൊണ്ടുതന്നെ പുതുകഥാകൃത്തുകൾക്ക് കഥയെഴുത്ത് അനിവാര്യമായ ഒരു പ്രതിസന്ധി തന്നെയാണ്. എഴുതാതെ മുൻപോട്ടു പോകാൻ സാധിക്കാത്ത വിധത്തിൽ 'കഥ'യെന്ന കെണി അവരെ കുടുക്കിയിരിക്കുന്നു. എസ്. ഹരീഷ്, ലാസർ ഷൈൻ, വിനോയ് തോമസ്, ഫ്രാൻസിസ് നൊറോണ, യമ, വി. എം. ദേവദാസ് തുടങ്ങി നിരവധി എഴുത്തുകാർ പുതുതലമുറയിൽ ശക്തമായി സാന്നിധ്യമറിയിച്ചു കഴിഞ്ഞവരാണ്. പുതിയ സങ്കേതങ്ങളുടെയോ ആഖ്യാനപരീക്ഷണങ്ങളുടെയോ സൂത്രവാക്യങ്ങൾ സൃഷ്ടിക്കുന്നതിനപ്പുറം കഥയെ ജീവിതാനുഭവങ്ങളുടെ നേർചിത്രണമെന്ന മട്ടിൽ വ്യാവർത്തിപ്പിക്കാനാണ് ഈ പുതുകഥാകൃത്തുക്കൾ ശ്രദ്ധിക്കുന്നത്. അതിനാൽ തന്നെ കഥ അത്രമാത്രം ജനകീയമായി കൊണ്ടിരിക്കുന്നു. കേവലം വായനാ വിഭവം എന്ന നിലയിൽ മാത്രമല്ല ഈ ജനകീയത. ജാതി മത ലിംഗ വേർതിരിവുകളില്ലാതെ എല്ലാ തരക്കാരെയും പരിഗണിക്കുകയും ചെയ്യുന്നു ഇത്തരം കഥകൾ.

കർത്തൃത്വത്തെ സംബന്ധിച്ച ഏകാധിപത്യ പ്രവണതകൾ പുതുകഥാലോകത്തിന് അന്യമാണ്. അവരവരുടേതായ വ്യവഹാര മണ്ഡലങ്ങളിലേയ്ക്കും തുറസ്സുകളിലേയ്ക്കും വായനക്കാരെ ആനയിക്കുന്നവയാണ് ഇക്കാലത്തെ കഥകൾ. സൈബറിടങ്ങളും കഥയെ ജനകീയമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് നിസംശയം പറയാം. വി. എം. ദേവദാസ് വാട്സ്ആപ്പ് ചാറ്റിന്റെ രൂപത്തിലെഴുതിയ കഥ സമൂഹമാധ്യമങ്ങൾ കഥയുടെ രൂപശില്പത്തെ എങ്ങനെ പുതുക്കി

പണിയുന്നു എന്നതിന്റെ തെളിവാണ്. സൈബർ വ്യവഹാരങ്ങളിലൂടെയും അല്ലാതെയും കഥ ആധുനിക മനുഷ്യന്റെ നിത്യജീവിതത്തിൽ ഇടപെടുന്നു. രൂപപരമായി കഥയ്ക്ക് സംഭവിച്ച അയവും, ജീവിതത്തോടുള്ള സത്യസന്ധമായ ആഭിമുഖ്യവും പുതുകഥകളെ ജനകീയമാക്കിതീർത്തു.

**കഥയിലെ വിനിമയങ്ങൾ**

മനുഷ്യന്റെ ഉല്പത്തിയോളം തന്നെ പഴക്കമുള്ളവയാണ് കഥകൾ. അവ വിനിമയം ചെയ്യുന്ന ആശയലോകം അത്യന്തം വിശാലവും വൈചിത്ര്യം പേറുന്നതുമാണ്. മനുഷ്യജീവിതവും ജീവിതത്തിന്റെ അനിശ്ചിതത്വവും സങ്കീർണ്ണതകളും എന്നും കഥയ്ക്ക് വിഷയമാക്കുന്നുണ്ട്. അനുഭവങ്ങളോടുള്ള വൈകാരിക സമീപനം എന്നതിൽ നിന്ന് മാറി ശക്തമായ പ്രതിരോധ കവചം തീർക്കുകയാണ് ഇക്കാലത്തെ കഥകൾ ഓരോന്നും. മുഖ്യധാരാ സാഹിത്യത്തിന് അന്യമായിരുന്ന പലതും പുതുകഥകളിലൂടെ വിനിമയം ചെയ്യപ്പെടുന്നു. സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ വ്യവഹാരങ്ങളിലെ സൂക്ഷ്മചലനങ്ങളെപ്പോലും ഒപ്പിയെടുത്തുകൊണ്ടാണ് ഈ സാഹിത്യരൂപം അതിന്റെ പ്രതിരോധ ധർമ്മം നിർവഹിക്കുന്നത്.

നവസാങ്കേതിക വിദ്യ, മാധ്യമങ്ങൾ, ആഗോളവൽക്കരണം, കീഴാളപ്രതിരോധം, ജനപ്രിയസംസ്കാരം, പ്രാദേശികത, വിമതലൈംഗികത, ചരിത്രത്തിന്റെയും മിത്തുകളുടേയും പുനർവായന, അടിക്കടി ഉണ്ടാകുന്ന രാഷ്ട്രീയ മാറ്റങ്ങൾ, കുടിയേറ്റം, കൃഷി, കടലോര ജീവിതം തുടങ്ങി അത്യന്തം വിപുലമായ അനുഭവലോകമാണ് ഇന്നത്തെ കഥകളിലൂടെ വിനിമയം ചെയ്യപ്പെടുന്നത്. പക്ഷിമൃഗാദികൾ കഥാപാത്രങ്ങളായി വരുന്ന ഈസോപ്പു കഥകളുടേയും, പഞ്ചതന്ത്രം കഥകളുടേയും വശ്യഭംഗിയും, പ്രാചീന കഥാരൂപങ്ങളായ ഡെക്കാമറൺ, കാന്റർബറി, അറബിക്കഥകളുടെ കാല്പനികമായ വായനഭംഗിയും, ഫാന്റസിയുടെ നിഗൂഢതകളും, പ്രാദേശിക ചരിത്രത്തിൽ ഊന്നി നിൽക്കുന്ന വിരേതിഹാസ പശ്ചാത്തലവുമെല്ലാം പുതുകാല കഥകളിലും

അനുഭൂതിയുടെ മറ്റൊരു തലം സൃഷ്ടിച്ചുകൊണ്ട് മറഞ്ഞിരിക്കുന്നു. രൂപപരിണാമക്ഷമതയും, ഘടനാപരവുമായ അയവുമാണ് കഥയെന്ന സാഹിത്യ മാധ്യമത്തെ വിസ്തൃതമായ വിനിമയ വിതാനത്തിലേയ്ക്ക് എത്തിക്കുന്നത്.

**അരികുവത്ക്കരണങ്ങളുടെ ആവിഷ്ക്കാരം**

പാർശ്വവത്കൃത ജീവിതങ്ങൾ മുൻകാലഘട്ടങ്ങളിലെ കഥകളിലുൾപ്പെടെ പ്രശ്നവൽക്കരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീവാദമുൾപ്പെടെയുള്ള സൈദ്ധാന്തിക സമീപനങ്ങൾ മുന്നോട്ട് വച്ചിട്ടുള്ള നിലപാടുകൾക്ക് പുറത്തുനിന്ന് അരികുവത്കൃത ജീവിതങ്ങളെ നോക്കിക്കാണാനുള്ള ശ്രമമാണ് വർത്തമാനകാല കഥകളിൽ കാണപ്പെടുന്നത്. നടപ്പു സ്ത്രീവാദം മുന്നോട്ടു വച്ച സാമ്പ്രദായിക രീതികളൊന്നും തന്നെ പുതുകഥകളിലെ സ്ത്രീ കഥാപാത്രങ്ങളെ അളക്കാനുള്ള അളവു കോലായി മാറുന്നുമില്ല. പുതിയ കാലഘട്ടത്തിലെ സ്ത്രീ ഇടപെടുന്ന ഇടങ്ങളെല്ലാം തന്നെ ഇത്തരം കഥകളിൽ പ്രമേയമായി കടന്നു വരുന്നു. അന്ധമായ കലഹങ്ങൾക്കപ്പുറം നിർമ്മാണാത്മകമായ സമീപനങ്ങളാണ് ഇത്തരം കഥകളിൽ പ്രകടമാകുന്നത്. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക പദവി, വരുമാനം തുടങ്ങിയ കാര്യങ്ങളിൽ ഏറെ ദൂരം പിന്നിട്ട സ്ത്രീകളെയാണ് പുതുകഥകൾക്ക് അഭിസംബോധന ചെയ്യേണ്ടി വരുന്നത്.

ഉത്തരാധുനികത പ്രശ്നവൽക്കരിച്ച സ്ത്രീ ജീവിതം ഇത്തരം കഥകൾക്ക് അന്യമാണ്. സ്വന്തം ജീവിതത്തിന്റെ ഗതിയെ നിർണ്ണയിക്കാൻ കഴിവുള്ളവരും നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള പൊതുവിടങ്ങളിൽ ഫലപ്രദമായി ഇടപെടുകയും, നിലപാടുകൾ വ്യക്തമാക്കുകയും ചെയ്യുന്ന സ്ത്രീകളെയാണ് പുതിയ കഥകൾ പരിചയപ്പെടുത്തുന്നത്.

മുൻ കാലങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെടുകയും പ്രശ്നവൽക്കരിക്കപ്പെടുകയും ചെയ്ത ദളിത് ജീവിതവും പുതിയൊരു മാനത്തിൽ കഥാപ്രപഞ്ചത്തിലേയ്ക്ക് സന്നിവേശിപ്പിക്കാൻ പുതിയ കഥകൾ ശ്രമിക്കുന്നു. ജാതിയും, വർണ്ണവും, വർഗ്ഗവുമൊക്കെ അബോധാത്മകമായി

സംസ്കാരത്തിൽ പ്രവർത്തിക്കുമ്പോഴും ആ ലക്ഷ്മണരേഖയെ മുറിച്ചു മാറ്റി മാനവികതയുടെ പുത്തൻ സമവാക്യങ്ങൾ മെനെഞ്ഞെടുക്കാനുള്ള ശ്രമങ്ങളും പുതുകഥയിൽ കാണാം. മിശ്രവിവാഹം, അധികാരലബ്ധി, സാമൂഹിക പദവിയിലെ വ്യതിയാനങ്ങൾ തുടങ്ങിയവ വിഷയമാക്കിയ കഥകളിൽ വിവേചനത്തിനെതിരെയുള്ള പോരാട്ട വീര്യമാണ് നിറഞ്ഞിരിക്കുന്നത്.

**പ്രമേയം, ഭാഷ, ആഖ്യാനം**

പ്രമേയ സ്വീകരണത്തിൽ അഭൂതപൂർവ്വമായ പരിവർത്തനമാണ് പുതുകഥകളിൽ ദൃശ്യമാകുന്നത്. ജീവിതത്തിന്റെ പരിചിത മേഖലകളെ അതിസൂക്ഷ്മമായി ആഖ്യാനം ചെയ്യാനാണ് ആറാം തലമുറയിലെ കഥാരചയിതാക്കൾ ശ്രമിക്കുന്നത്. ജീവിതത്തിലെ അതിസാധാരണ മുഹൂർത്തങ്ങളെയാണ് അവർ കഥകളിൽ അഭിസംബോധന ചെയ്യുന്നത്. അതിനാൽ ജീവിതബാഹ്യമായ ഒന്നായി കഥയോ കഥാസന്ദർഭങ്ങളോ മാറുന്നില്ല. ജീവിതവുമായി ഗാഢമായി ബന്ധമുള്ളതുകൊണ്ട് തന്നെ ഭാഷയും ജീവിത ഗന്ധിയായി തീരുന്നു. പ്രാദേശികവും സാമുദായികവുമായ ഭാഷയുടെ വശ്യസൗന്ദര്യം പുതുകഥകളുടെ പ്രത്യേകതയാണ്. നാട്ടുഭംഗിയുടെ അനുപമമായ സൗന്ദര്യവും വാമൊഴി വഴക്കങ്ങളുടെ സൗകുമാര്യവും ഫ്രാൻസിസ് നൊറോണ, എസ്. ഹരീഷ്, ഉണ്ണി ആർ എന്നിവരുൾപ്പെടെയുള്ളവരുടെ കഥാലോകത്ത് സുലഭമാണ്. വരേണ്യ/ മധ്യവർഗ്ഗ ഭാഷയെ വെല്ലുവിളിക്കുകയും വിചാരണ ചെയ്യുകയും ചെയ്തുകൊണ്ട് ഒരു പ്രതിഭാഷാനിർമ്മിതി തന്നെ ഇത്തരം കഥാകൃത്തുക്കളുടെ കഥാ ലോകത്ത് കാണാം. വായനക്കാരെ ഒരേ സമയം മുറിവേൽപ്പിക്കാനും കോരിത്തരിപ്പിക്കുവാനും ശേഷിയുള്ള ഭാഷയുടെ ജാലവിദ്യയും പുതുകഥാലോകത്തിന് സ്വന്തമാണ്. പതിഞ്ഞ കഥ പറച്ചിൽ എന്ന് പുറമെ തോന്നുമ്പോഴും ആഴത്തിൽ സ്പർശിക്കുന്നതും മൂർച്ചയുള്ളതുമായ ആഖ്യാനം വായനക്കാരെനെ ആസ്വാദനത്തിന്റെ ഭിന്നതലങ്ങളിൽ എത്തിക്കുന്നതിനൊപ്പം കാലഘട്ടത്തിലെ പരിസ്ഥിതികളോട് ഏറ്റുമുട്ടാനും അവരെ പ്രാപ്തനാക്കുന്നു.

മാധ്യമകേന്ദ്രിതമായ ആധുനിക ലോകത്ത് വിപണിയും നവമാധ്യമങ്ങളും നിർണ്ണയിക്കുന്ന സാമൂഹിക - സാംസ്കാരിക മണ്ഡലത്തിലാണ് പുതിയ കഥകൾ രൂപപ്പെടുന്നത്. മനുഷ്യന്റെ ഭൗതികാസ്ഥിത്വവും സ്ഥലകാല നിഷ്ഠകളും ഇത്തരം സൈബർ വ്യവഹാരങ്ങളിലൂടെ ഇല്ലായ്മ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇലക്ട്രോണിക് ഉപകരണത്തിന്റെ യന്ത്രബുദ്ധിയാൽ നിർമ്മിക്കപ്പെടുന്ന ചക്രവ്യൂഹത്തിൽ മനുഷ്യൻ ബന്ധിതനാണ്. ഇത്തരം സാഹചര്യങ്ങളെ മറികടക്കാനുള്ള സാമാന്യയുക്തികളായിട്ടാണ് പുതുകഥാകൃത്തുക്കൾ ഭാഷ, പ്രാദേശികത, ചരിത്രം തുടങ്ങിയവയെ കൂട്ടുപിടിക്കുന്നത്. ഇതിലൂടെ എണ്ണമറ്റ ആധിപത്യ അധിനിവേശ തന്ത്രങ്ങളെയും അപര നോട്ടങ്ങളെയും ഒരു പരിധി വരെയെങ്കിലും പ്രതിരോധിക്കാൻ സാധിക്കും.

മുൻ കാലഘട്ടങ്ങളിലെ മലയാള ചെറുകഥയിൽ നിന്നും എല്ലാ തലങ്ങളിലും പ്രകടമായ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഒരു ആറാം കാലത്തിലാണ് വർത്തമാനകാല ചെറുകഥ എത്തി നിൽക്കുന്നത്. ഭൂത - ഭാവി - വർത്തമാനങ്ങളെ ചലനാത്മകമാക്കി കോർത്തിണക്കി മുൻപോട്ടുകൊണ്ടു പോകുന്ന ഒരു പറ്റം യുവകഥാകൃത്തുക്കൾ നമ്മുക്കിന്നുണ്ട്. രൂപം പ്രമേയം ആഖ്യാനം തുടങ്ങി കഥയുടെ വിവിധ മേഖലകളിൽ പുതുമയും പരീക്ഷണോത്സുകതയും വച്ചു പുലർത്തുന്ന പുതുകഥാകൃത്തുക്കളും പുതുകഥകളും മലയാള സാഹിത്യത്തിനു മുതൽക്കൂട്ടാണ്.

**സഹായക ഗ്രന്ഥങ്ങൾ**

1. ചാമക്കാല ജോബിൻ; (എഡിറ്റർ) 2019, പുതുകഥ സൗന്ദര്യവും രാഷ്ട്രീയവും, പെരുമ്പാവൂർ യെസ് പ്രസ്സ് ബുക്സ്.
2. ഷീബാ ദിവാകരൻ; (എഡിറ്റർ) 2021, പുതിയ കഥ പുതിയ വായന, കോഴിക്കോട്, പാവനാത്മ പബ്ലിക്കേഷൻസ്.

# ഭാവനയും യാഥാർത്ഥ്യവും സമരസപ്പെടുമ്പോൾ : ഉണ്ണി. ആറിന്റെ തെരഞ്ഞെടുത്ത കഥകളുടെ വായന

**വിഷ്ണു. പി. എ**

ഗവേഷകൻ, ഗവ. കോളേജ്, കട്ടപ്പന

## പ്രബന്ധസംഗ്രഹം:

ആധുനികാനന്തര മലയാള ചെറുകഥകൾ വൈവിധ്യംകൊണ്ട് സമ്പന്നമാണ്. പുതിയകാലത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിലൂടെ കഥാലോകം ബഹുസ്വരമാകുന്നു. ആസ്വാദനഭാഷയുടെ നിർമ്മിതിയിൽ വിജയിച്ച ചെറുകഥാകൃത്താണ് ഉണ്ണി. ആർ. പ്രത്യക്ഷമായ ആഖ്യാനരീതിയെ ബോധപൂർവ്വം തമസ്കരിച്ച് കഥാസൂചകങ്ങളുടെ പിൻബലത്തിൽ പരോക്ഷമായ ആവിഷ്കാരത്തിലൂടെ ആസ്വദനക്ഷമതയെ ജ്വലിപ്പിക്കുന്ന കഥകളെഴുതാൻ ഉണ്ണി. ആറിന് കഴിഞ്ഞിട്ടുണ്ട്. സ്ഥൂലമായും സൂക്ഷ്മമായും കഥാലോകത്തെ പടുത്തുയർത്തിയ അദ്ദേഹത്തിന്റെ രചനാതന്ത്രത്തെ സാമാന്യമായി അവലോകനം ചെയ്യുന്നതിനോടൊപ്പം ലീല, ബാദുഷ എന്ന കാൽനടക്കാരൻ, പത്തു കൽപ്പനകൾക്കിടയിൽ രണ്ടുപേർ, ആലീസിന്റെ അത്ഭുതലോകം എന്നീ കഥകളുടെ സാമൂഹിക പ്രാധാന്യവും ഈ കഥകൾ മുന്നോട്ടുവയ്ക്കുന്ന പ്രശ്നഭൂമിക വളരെ ഗൗരവകരമാണെന്നും ഈ ലേഖനത്തിലൂടെ വിലയിരുന്നു. ലീല, ആലീസിന്റെ അത്ഭുതലോകം എന്നീ കഥകൾ ഒരു അച്ചുതണ്ടിൽ നിന്നുകൊണ്ട് ഇരുധ്രുവങ്ങളിലേയ്ക്കും സഞ്ചരിക്കുന്നു. ബാദുഷ എന്ന കാൽനടക്കാരനാൽ അധികാരത്തിന്റെ ഇരകൾ അനുഭവിക്കേണ്ടി വരുന്ന ജീവിതാനുഭവങ്ങൾ എല്ലാക്കാലത്തും ഒരു പോലെയാണെന്ന്

നിരീക്ഷിക്കുന്നു. സ്ത്രീയെ ഒരു സമൂഹം പ്രശ്നവത്ക്കരിക്കുന്നതിന് ഉപാധിയാക്കുന്ന സംസ്കാരം എന്ന ഘടകത്തെ വിവിധ പ്രതീകങ്ങളിലൂടെ അടയാളപ്പെടുത്തുന്ന കഥയാണ് പത്തുകൽപ്പനകൾക്കിടയിൽ രണ്ടുപേർ . ബഹുസ്വര വായനാ സാധ്യകളെ തുറന്നെഴുതുവാൻ ഉണ്ണി ആർ. ശ്രമിക്കുന്നുണ്ടെന്ന് ഈ ലേഖനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നു.

## താക്കോൽ വാക്കുകൾ :

വീഡിയോ ക്യാമറ, അധികാരം, ഉപഭോഗ തൃഷ്ണ, സംസ്കാരം, കമ്മ്യൂണിക്കേഷൻ ഗ്യാപ്, അസ്തിത്വം.

ആധുനികതയുടെയും ഉത്തരാധുനികതയുടെയും പരുവപ്പെടലാണ് മലയാള കഥയിൽ രണ്ടു ദശകങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നത്. മൂല്യസൃഷ്ടിക്കായി ആധുനികതയും മൂല്യനിരാസത്തിനായി ഉത്തരാധുനികതയും ശ്രമിച്ചു. എന്നാൽ ആധുനികമെന്നോ ഉത്തരാധുനികമെന്നോ വേർതിരിക്കാൻ സാധിക്കാത്ത ബഹുമുഖത്വമാണ് വർത്തമാന മലയാളകഥയുടെ സവിശേഷത. പൊതുവേ ഒരു ശരീര ഭാഷയോ സൈദ്ധാന്തിക പിൻബലമോ ചാർത്തിക്കൊടുക്കാനാകാത്തവിധം വർത്തമാനകാല ജീവിതത്തെ സ്വാംശീകരിക്കുന്ന സമ്പന്നത നമ്മുടെ കഥാലോകം അടയാളപ്പെടുത്തുന്നു. സമകാല ജീവിതത്തോട് പുറംതിരിഞ്ഞു നിൽക്കുന്ന കഥകൾക്ക് ഇന്ന് നിലനിൽപ്പില്ല. കസർത്തുകളുടെയും പരീക്ഷണങ്ങളുടെയും കഥാകാലത്തിന് വായനക്കാരെ ഇനിയും സ്വാധീനിക്കാനാകുമെന്ന് തോന്നുന്നില്ല. കഥയുടെ പ്രമേയംകൊണ്ട് ശിൽപ്പ വൈദഗ്ധ്യംകൊണ്ടും സമകാല ജീവിതത്തെ അനുഭവിപ്പിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്ന ചെറുകഥാകൃത്താണ് ഉണ്ണി ആർ. ആധുനികോത്തരമായ കേരളീയ പരിസരത്തെ മലയാളചെറുകഥാ സാഹിത്യത്തിൽ കൃത്യമായ ദിശാബോധത്തോടെ പാകപ്പെടുത്തിയെടുക്കാൻ ഉണ്ണി ആറിന് കഴിഞ്ഞു. ബോധപൂർവ്വമോ അല്ലാതെയോ സാമൂഹിക പ്രവണതകളെ നിരന്തരം

പുതുക്കിപ്പണിയുവാൻ ഉണ്ണി. ആർ. കഥകൾക്ക് സാധിക്കുന്നു. ഉത്തരാധുനികതയുടെ അവബോധം നിലനിർത്തിക്കൊണ്ടു തന്നെ അതിന്റെ നിർബന്ധബുദ്ധിയിലോ ശാഠ്യത്തിലോ അഭിരമിക്കാതെ മൗലികമായ ഒരു രചനാരീതി രൂപപ്പെടുത്തിയ കഥാകൃത്ത് എന്ന നിലയിലായാണ് ഉണ്ണി. ആറിന് സവിശേഷ പ്രാധാന്യം കൈവന്നത്. കഥാപാത്രങ്ങൾക്കൊപ്പം വീഡിയോ ക്യാമറയുമായി സഞ്ചരിച്ച് അവരുടെ ചേഷ്ടകളും പ്രവൃത്തികളും ഒപ്പിയെടുക്കുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ കഥകൾ പ്രത്യക്ഷപ്പെടുന്നത്. കഥാപരിസരവും ഒരു ചലച്ചിത്രത്തിൽ എന്നപോലെ കഥാകൃത്തിന്റെ ക്യാമറയിൽ പതിയുന്നു. കഥാപാത്രങ്ങളുടെ സ്വഭാവസ്ഫുടീകരണത്തിൽ ക്യാമറയെ അതിശയിപ്പിക്കുന്ന തെളിച്ചവും കൃത്യതയും വായനക്കാർക്ക് അനുഭവവേദ്യമാക്കുന്ന കഥാകൃത്ത് കഥാപരിസരങ്ങളെയും കഥാപാത്രങ്ങളെയും പരസ്പരം കോർത്തിണക്കുന്നു. പുതിയ കാലത്തിന്റെ യാഥാർത്ഥ്യങ്ങളെയാണ് ഉണ്ണി. ആർ. ഓരോ കഥയിലും ഉന്നംവയ്ക്കുന്നത്. ഒരേ സമയം ആഖ്യാനത്തിലും അവതരണത്തിലും പുതുമ കൊണ്ടുവന്ന ലീല എന്ന രചയിൽ കഥ അനുഭവത്തിന്റെ സാക്ഷ്യങ്ങളാണെന്ന് ബോധ്യപ്പെടുന്നു. പോകുന്ന വഴിയിൽ ഒരു വീടിന്റെ മുന്നിൽ കപ്പ ഉണക്കാൻ വച്ചിരിക്കുന്ന ചിക്കുപായുടെ തലയ്ക്കൽ കീറിപ്പോയ ഒരു കൊടി കുത്തിവച്ചിരിക്കുന്നതു കണ്ടു കൊടിയെ പേടിക്കാതെ കാക്കകൾ അതിനുചുറ്റും നടപ്പുണ്ടായിരുന്നു. കുറച്ചുകഴിഞ്ഞ് കുയിൽ പറന്നുപോയി. ഒരില എന്തോ പറയുവാനായി താഴേയ്ക്ക് ധൃതിപ്പെട്ടുവന്നു. (ഉണ്ണി ആർ.:2017:24) ഇത്തരത്തിൽ കഥയിൽ ഇടയ്ക്കിടെ കടന്നു വരുന്ന സൂക്ഷ്മസൂചകങ്ങളും പരിസരചിത്രങ്ങളും എന്തിനുവേണ്ടിയാണെന്ന ഒരു സന്ദേശം ചിലപ്പോൾ ഉയർന്നു വരാം. എന്നാൽ കഥയുടെ സംഭാവ്യതയും സ്വാഭാവികതയും ബലപ്പെടുത്തുന്നതിനുള്ള ആഖ്യാനതന്ത്രമാണിതെന്ന് വൈകാതെ തിരിച്ചറിയുന്നു. പ്രത്യയ ശാസ്ത്രത്തിന്റെ പ്രതികൂല ബിംബമായ കീറിയകൊടി, റേഡിയോയുടെ പൊട്ടിത്തെറി എന്നിങ്ങനെ വിശാലമായ

അർത്ഥത്തിൽ വ്യാഖ്യാന സ്വാതന്ത്ര്യമുള്ള പദനിർമ്മിതികളും ലീല യിൽ സമൃദ്ധമായി കാണുന്നു. വരേണ്യവർഗത്തിന്റെ ഉപഭോഗതൃഷ്ണയും ആഡംബരവും ഇരയാക്കപ്പെടുന്ന ജീവതങ്ങളുടെ നിസ്സായകതയും വിചാരണ ചെയ്യുന്ന കഥ എന്ന നിലയിൽ ലീല സവിശേഷ പ്രാധാന്യം അർഹിക്കുന്നു. എന്നാൽ കഥയിൽ വിവരിക്കപ്പെടുന്ന സംഗതികളിൽ സ്വയം മൂല്യവിചാലം നടത്താതെ അക്ഷ്യോഭ്യവും അലസവുമായ ഒരു സമീപനമാണ് കഥാകൃത്ത് സ്വീകരിച്ചിട്ടുള്ളത്. ആഖ്യാനസമ്പ്രദായത്തിലെ ഉടച്ചു വാർക്കലും പുനർനിർമ്മിതിയും ഇതാണ് അടയാളപ്പെടുത്തുന്നത്. ആധുനികോത്തര വീക്ഷണം ബോധപൂർവ്വം സ്വീകരിക്കുന്ന കഥാകാരനാണ് ഉണ്ണി.ആർ., ബി. മുരളിയെപ്പോലെയുള്ള കഥാകൃത്തുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉത്തരാധുനിക സമീപനം ഒരു ശാഠ്യമായി അവലംബിക്കപ്പെടുന്ന രീതി ഉണ്ണി. ആറിന്റെ കഥകളിൽ പ്രകടമല്ല. ലീല എന്ന ഒരു കഥകൊണ്ടു തന്നെ ഈ കാര്യം ബോധ്യപ്പെടുന്നു.

വിചിത്രമായ ഭോഗാസക്തി ശമിപ്പിക്കുന്നതിനായി ഇറങ്ങിപ്പുറപ്പെടുന്നു കുട്ടിയപ്പനാണ് ലീല യിലെ കേന്ദ്ര കഥാപാത്രം അതിനുവേണ്ടിയുള്ള ത്വരിതഗതിയിലുള്ള സന്നാഹങ്ങളാണ് കഥാതന്തുവിനെ നിയന്ത്രിക്കുന്നത്. പരിണാമഗുപ്തി ചോർന്നുപോകാതെ ദീർഘമായി കഥയവതരിപ്പിക്കുന്നു. കുട്ടിയപ്പനെപ്പോലെ മറ്റു കഥാപാത്രങ്ങളും വിചിത്രമായ ആസക്തിയുടെ മുനമ്പിലേയ്ക്ക് വായനക്കാരെ കൊണ്ടുപോകുന്നു. എന്നാൽ ലൈംഗിക ഭ്രാന്തിന്റെ കൊടുമുടിയിൽ ഇരയെ വെറുതെ ഉമ്മവച്ചുകൊണ്ട് പിൻവാങ്ങുന്ന കുട്ടിയപ്പനെയാണ് നാം കാണുന്നത്. ലൈംഗികാസക്തിയുടെ പിറകെ നെട്ടോട്ടമോടുന്ന വൈകൃത മനസ്സിന്റെ ഉടമകളുടെ പ്രതീകമായിട്ടാണ് കുട്ടിയപ്പനെ കഥാകൃത്ത് സൃഷ്ടിച്ചത് ആത്യന്തികമായി അയാൾ ഒരു ഷണ്ഡനാണെങ്കിലും തൃഷ്ണയുടെ ആഴമുള്ള ഗർത്തങ്ങളിൽ നിന്ന് മോചനമില്ലാതെ അലയുകയാണ്. ഷണ്ഡത്വത്തെയും അതിജീവിക്കുന്ന ഭൗതികാസക്തിയുടെ നിന്ദ്യവും നീചവുമായ ഭ്രമണപഥത്തിലാണ് ലീല എന്ന കഥ സ്ഥാനമുറപ്പിക്കുന്നത്. ഷണ്ഡനായ കുട്ടിയപ്പന്റെ

ഭ്രാന്തകാമനകളിൽ നിന്നും അല്പംപോലും വിഭിന്നമല്ലാത്ത സമകാല സമൂഹത്തിന്റെ പൊള്ളയായ ജീവിതദർശനമെന്ന പ്രതീകാത്മകമായ ഈ കഥയെ വിലയിരുത്തുന്നു. പുതിയകാലജീവിത സമീപനം വെളിപ്പെടുത്തുന്നതോടൊപ്പം ആഖ്യാനത്തിൽ മൗലീകവും നവീനവുമായ ഒരു സമ്പ്രദായം രൂപപ്പെടുത്തുന്നതിലും കഥാകൃത്ത് വിജയിച്ചിരിക്കുന്നു. ആഖ്യാനത്തിന്റെ മികവുകൊണ്ടാണ് ഏതു കഥയും വിജയിക്കുന്നത്. ഗുരുതര രോഗത്താൽ മരണം ഉറപ്പായ പെൺകുട്ടിയാണ് മരിയ. ചികിത്സയെല്ലാം ഫലിക്കാത്ത സാഹചര്യത്തിൽ അവളെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്നു. മനസ്സു തകർന്ന അമ്മയോടൊപ്പം അവൾ വീട്ടിലേയ്ക്ക് മടങ്ങുന്നു. തീവണ്ടിപ്പാതയ്ക്കിടയിൽ നിഷ്കളങ്കമായ ആ പെൺകുട്ടിയുടെ കൗതുകങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. നിരർത്ഥകവും ലക്ഷ്യശൂന്യവുമായ ജീവിതത്തിന്റെ സ്നാപ്പുകൾ ഈ കഥയിലൂടെ കൊണ്ടുവരുന്നു. യാത്രയ്ക്കിടയിൽ പെൺകുട്ടി തൊട്ടടുത്തിരിക്കുന്ന വയോധികനോട് ചങ്ങാത്തം കൂടുകയും തന്റെ കൂടെ പോരുന്നോ എന്ന് പെൺകുട്ടിയോട് അയാൾ ചോദിക്കുകയും ചെയ്യുന്നു. ഇതുകേട്ട അമ്മ വൃദ്ധനിൽ നിന്ന് കുട്ടിയെ പിടിച്ചുവാങ്ങുന്നു. അടുത്ത സ്റ്റേഷനിൽ ഞാനിറങ്ങും എന്ന വൃദ്ധന്റെ വാക്കുകളിൽ മരണത്തിന്റെ ക്ഷിപ്രസാന്നിദ്ധ്യമാണ് സൂചിപ്പിക്കുന്നത്. ആഖ്യാന ചാരുതയ്ക്ക് ഒരു ഉദാഹരണം ഇങ്ങനെ, ഒരു കൂട്ടമാളുകൾ ചിറകില്ലാത്ത പക്ഷികളെപ്പോലെ കാടിനൊപ്പം തീവണ്ടിയുടെ ജനാലയിൽ വന്നെത്തി നോക്കുന്നതും ഇടയ്ക്ക് ഇരുട്ടിലേയ്ക്ക് മറയുന്നതും മരിയയുടെ അമ്മ കണ്ടു. (ഉണ്ണി. ആർ. : 2019, 26) ഇത്തരത്തിൽ മരണത്തിന്റെ ചിഹ്നങ്ങൾ കഥയിൽ പ്രത്യക്ഷപ്പെടുന്നു.

ആധുനികകാലത്ത് മനുഷ്യാവകാശത്തിന് യാതൊരു വിലയുമില്ലെന്ന് സമർത്ഥിക്കുന്ന കഥയാണ് ബാദുഷ എന്ന കാൽനടക്കാരൻ. രാത്രിയിൽ നടക്കാനിറങ്ങുന്ന എഴുപതുകാരനായ വൃദ്ധൻ പോലീസിന്റെ പിടിയിലകപ്പെടുകയും സംശയത്തിന്റെ പേരിൽ

ക്രൂരമായ പീഡനങ്ങൾക്ക് ഇരയാവുകയും ചെയ്യുന്നു. അധികാരത്തിന്റെ കരുത്തിന്റെ പിൻബലത്തിൽ നിരപരാധികൾ എപ്രകാരം ഇരകളായി തീരുന്നുവെന്ന് തെളിയിക്കുന്ന ഈ കഥ സ്വതന്ത്രവും ധ്വനിസാന്ദ്രവുമായ പദനിർമ്മിതികളാൽ ആസ്വാദനക്ഷമതയെ ഉദ്ദീപിപ്പിക്കുന്നു.

ബാദുഷയുടെ ഭൂതവർത്തമാനങ്ങളിലുടെ കാലങ്ങളായി പീഡകന്റെ രൂപം ധരിച്ച അധികാരത്തെ ആവിഷ്കരിക്കുകയാണ് ബാദുഷ എന്ന കാൽനടക്കാരൻ. അയാളും മുൻഗാമികളും അധികാരത്തിന്റെ ഇരകൾ മാത്രമായിരുന്നു. അതുകൊണ്ടുതന്നെ ഓർമ്മകളിൽ പോലും വിലാപങ്ങളാണ് കൂട്ട്. രാത്രിയിൽ നടക്കാനിറങ്ങുമ്പോൾ ഒരു വീടിന്റെ ഗേറ്റിനുള്ളിൽ നിന്ന് കുരച്ചുകൊണ്ടുവന്ന നായയുമായി ബാദുഷ നടത്തുന്ന സംഭാഷണം വെറുമൊരു സംഭവവിവരണമെന്നതിനപ്പുറം സമകാലിക സമൂഹത്തിന്റെ അസ്വാതന്ത്ര്യത്തിന്റെ അതിരടയാളങ്ങളായി മാറുന്നു. ചരിത്രത്തെ നാണയപ്പെടുത്തുന്ന സൂക്ഷ്മവും സത്യസന്ധവുമായ ആവിഷ്കാരമായതുകൊണ്ടാണ് ഉണ്ണിയുടെ കഥകളിലെ രാഷ്ട്രീയം പ്രസക്തമാക്കുന്നത്. പരോക്ഷ കഥനത്തിൽ ശ്രദ്ധേയമായ കഥകളും ഉണ്ണി. ആർ. എഴുതിയിട്ടുണ്ട്. ഒരു വിധവയുടെയും ആൺ സുഹൃത്തിന്റെയും കഥ പറയുന്ന പത്തുകൽപ്പനകൾക്കിടയിൽ രണ്ടുപേർ ഇത്തരത്തിലുള്ള ഒരു കഥയാണ്. ഇമ്മാനുവൽ, ലേവി, ലേവിയുടെ ഭാര്യ, സെൽവി എന്നിവരെയാണ് കഥയിൽ അവതരിപ്പിക്കുന്നത്. രാത്രിയിൽ, വിധവയായ സ്ത്രീയെ ആശ്വസിപ്പിക്കാനെത്തുന്ന യുവാവാണ് സുഹൃത്തായ ഇമ്മാനുവൽ. അവർക്കിടയിൽ സംഭവിക്കാവുന്ന അനന്തര സംഭവങ്ങളെ മുൻകൂട്ടിക്കാണുന്ന രീതിയിലാണ് കഥയുടെ രചന. മരണം ഒരു പ്രഹേളികയാണെന്ന സൂക്ഷ്മാനുഭവമാണ് കഥയുടെ ആദ്യാവസാനമുള്ളത്. കഥാപാത്രങ്ങളോടെല്ലാം മനഃശാസ്ത്രപരമായി സമീപിക്കുന്ന കഥാകാരൻ. വ്യക്തിത്വം നഷ്ടപ്പെട്ടുപോകുന്നവരുടെ തിരിച്ചറിവായി ഇമ്മാനുവൽ, സെൽവി എന്നിവരെ സൃഷ്ടിക്കുന്നു. അർത്ഥശൂന്യതയാണ് ഈ കഥയെ പൂർണ്ണമാക്കുന്നത്. കമ്മ്യൂണിക്കേഷൻ ഗ്യാപ് ബോധപൂർവ്വമായി ഉപയോഗിക്കുമ്പോൾ വായനക്കാർ മനസ്സുകൊണ്ട് ലോകസഞ്ചാരം

നടത്തുന്നു. ഇമ്മാനുവേലിനപ്പോൾ വൃദ്ധനായ ലേവിയെയും സുന്ദരിയായ ഈ യുവതിയെയും വയസ്സൻ കാളയെയും കഴിഞ്ഞ ക്രിസ്തുമസിന്റെ തലേ രാത്രിയിൽ കണ്ടത് ഓർമ്മ വന്നു. ലേവി സംസാരിക്കാൻ തുടങ്ങുമ്പോഴെല്ലാം അയാളുടെയുള്ളിലെ വലിവിന്റെ കവണയിൽ നിന്ന് പ്രാകൃതമായ ശബ്ദം മാത്രം പുറത്തേയ്ക്കു തെറിച്ചുവീണു. അപ്പോഴും അയാൾ തന്റെ പ്രിയപ്പെട്ട കാളയെ ചേർത്തുപിടിച്ചിരുന്നു. (ഉണ്ണി. ആർ.:2019, 217) എന്ന കഥാസന്ദർഭത്തിലൂടെ ലേവിയുടെ മരണത്തിന്റെ കാരണം പ്രത്യക്ഷകഥനത്തിലൂടെ ബോധ്യപ്പെടുത്തുന്നു. ലേവിക്ക് ഏറെ പ്രിയപ്പെട്ട കാളയെ അറവുശാലയിൽ നൽകുമ്പോൾ മരണം ബിംബസാന്നിദ്ധ്യമാകുന്നു. കാളയെ വിറ്റുകിട്ടിയ പണം കൊണ്ട് ലേവിയുടെ വിധവ ജീവിക്കാൻ ഒരുങ്ങുമ്പോഴും മരണത്തിന്റെ തീവ്രതയിലേയ്ക്ക് നടന്നടുക്കുന്നു. പക്ഷേ, കഥാന്ത്യത്തിൽ മരണത്തിനപ്പുറം ജീവിതം പ്രതീക്ഷയോടെ ജീവിച്ചുതീർക്കാനുള്ളതാണെന്നുമുള്ള ദിശാബോധം ഉണ്ണി. ആർ. നൽകുന്നു. മനുഷ്യന്റെ പൊതുവായ പ്രശ്നം അസ്തിത്വം തേടിയുള്ള അന്വേഷണമാണെന്ന് പത്തുകല്പനകൾക്കിടയിൽ രണ്ടുപേരിൽ സമർത്ഥമായി അവതരിപ്പിക്കുന്നുണ്ട് ഇവിടെ. മനുഷ്യജീവിതത്തിന്റെ പ്രശ്നഭൂമികയാണ് ഈ കഥയിലൂടെ വെളിപ്പെടുന്നത്.

സമൂഹത്തിൽ സാധാരണയായി കഴിഞ്ഞ സംഭവഗതിയെ പ്രശ്നവത്ക്കരിക്കാൻ സാധിച്ച കഥയാണ് ആലീസിന്റെ അത്ഭുതലോകം. സ്ത്രീത്വത്തിന്റെ നിഷ്കളങ്കതയും ഇരയുടെ നിസ്സഹായതയും പരോക്ഷമായി അടയാളപ്പെടുത്തുന്ന കഥയാണ് ആലീസിന്റെ അത്ഭുതലോകം. സമകാലികമായ ഒരു പ്രമേയം തികച്ചും വ്യത്യസ്തമായ രീതിയിൽ ഈ കഥയിൽ അവതരിപ്പിക്കുന്നു. നീറുന്ന യാഥാർത്ഥ്യം ലാഘവത്വത്തോടെയും അക്ഷോഭ്യതയോടെയും അവതരിപ്പിക്കുന്നതിനുള്ള സാമർത്ഥ്യം ആലീസിന്റെ അത്ഭുതലോക ത്തിൽ ദൃശ്യമാണ്. വഴിയരികിലെ കാട്ടുചെടികൾക്കിടയിൽ അരണയും പറമ്പിലെ തെങ്ങിൻ

ചോട്ടിൽ കിടന്നിരുന്ന പശുവും ജോസഫിനെയും ആലീസിനെയും നോക്കി. (ഉണ്ണി.ആർ.:2017:80,81) എന്ന് പറയുന്നിടത്താണ് കഥയിലെ അട്ടിമറി നടക്കുന്നത്. ബാല്യകാലത്തിന്റെ നിഷ്കളങ്കതയെ ചൂഷണം ചെയ്യുന്ന സമൂഹത്തെയാണ് ഈ കഥ ചോദ്യം ചെയ്യുന്നത്. സമൂഹത്തിന്റെ ചോദ്യശരങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്ന പെൺകുട്ടിക്ക് തനിക്ക് സംഭവിച്ച മാറ്റമെന്തെന്നുപോലും തിരിച്ചറിയാൻ കഴിയുന്നില്ല. പേടിക്കുമ്പോഴെല്ലാം കണ്ണടച്ച് കന്യാമറിയത്തെ പ്രാർത്ഥിച്ചു. (ഉണ്ണി. ആർ.:2017:76) എന്ന് പറയുമ്പോൾ വിശ്വാസത്തിനപ്പുറം കഥാഗതിയെ നിയന്ത്രിക്കുന്നതിൽ കന്യാമറിയത്തിന്റെ സ്വാധീനം വലുതാണെന്ന് നിരീക്ഷിക്കാൻ കഴിയുന്നു. അപരന്റെ ദുഃഖം സമൂഹം ക്രൂരമായി അവഗണിക്കുന്നതെങ്ങനെയെന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു. പുതിയ ജീവിതസമീപനത്തിൽ മനുഷ്യൻ നിസംഗമായി പെരുമാറുന്നതിനെ വരച്ചിടുന്നതിനോടൊപ്പം പ്രതികരണശേഷി നഷ്ടപ്പെട്ടുപോയ ഒരു സമൂഹത്തെ പരിഹസിക്കാനും ഉണ്ണി ആർ. മടിക്കുന്നില്ല.

സമകാല ജീവിത സംവേദനമാണ് ഉണ്ണിയുടെ രചനകളിൽ കാണുന്നത്. അതുകൊണ്ടുതന്നെ ഈ കഥകൾ കൂടുതൽ വായിക്കപ്പെടേണ്ടതാണ്. സിദ്ധാന്തപരമായ നിഗമനങ്ങൾക്കും കണ്ടെത്തലുകൾക്കുമപ്പുറം സൃഷ്ടിപരമായ വിമർശന വീക്ഷണത്തോടെ ഉണ്ണി. ആറിന്റെ കഥകളെ സമീപിക്കുമ്പോൾ പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ തികച്ചും പ്രച്ഛന്നവും വിപരീതവുമായ ഒരു ഭാവുകത്വത്തോടെ അവതരിപ്പിക്കുന്നതായി വായനക്കാർക്ക് അനുഭവപ്പെടുന്നു.

## സഹായകഗ്രന്ഥങ്ങൾ :


1) ഉണ്ണി. ആർ, എന്റെ പ്രിയപ്പെട്ട കഥകൾ, കോട്ടയം : ഡി.സി. ബുക്സ് 2019.

2) ജോബിൻ ചാമക്കാല (എഡിറ്റർ) പുതുകഥ : സൗന്ദര്യവും രാഷ്ട്രീയവും, പെരുമ്പാവൂർ : യെസ്പ്രസ് ബുക്സ് 2019.

3) രാജഗോപാലൻ ഇ.പി., ഉൾക്കഥ, കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2021.

4) ഷീബാ ദിവാകരൻ (എഡിറ്റർ) പുതിയകഥ പുതിയ വായന, കോഴിക്കോട് :ആത്മ ബുക്സ്, 2021.

# വർത്തമാനകാല പ്രതിനിധാനങ്ങൾ ഷാഹിന ഇ. കെ യുടെ കഥകളിൽ

**എ. ഐശ്വര്യ**
ഗവേഷക, മലയാളവിഭാഗം
കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

ഉത്തരാധുനിക സാഹിത്യത്തിൽ ചാലകമായ പരികല്പനയായിരുന്നു. സ്ത്രീ സ്വത്വബോധത്തിന്റെ ആവിഷ്ക്കരണം. സാഹിത്യത്തിന്റെ വിവിധ പ്രസ്ഥാനങ്ങളിൽ സ്ത്രീ സ്വത്വാവിഷ്കാര സാധ്യതകൾ അടയാളപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. ചെറുകഥകളിലൂടെ ഇത്തരമൊരു സമസ്യയെ പൂരിപ്പിച്ചെടുത്ത കഥാകാരിയാണ് ഷാഹിന. ഇ. കെ. ആഖ്യാനത്തിലും ശില്പഘടനയിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന ഷാഹിനയുടെ കഥകളിൽ വർത്തമാനകാല സ്ത്രീ സാന്നിധ്യം കൃത്യമായി കാണുവാൻ കഴിയും.

അയഥാർത്ഥ്യത്തെയും അതീന്ദ്രിയതെയും കൂട്ടുപിടിച്ചാണ് സമൂഹത്തിൽ വരുന്ന മാറ്റങ്ങളെ കഥാകാരി അടയാളപ്പെടുത്തുന്നത്. മാറിയ കാലഘട്ടത്തിന്റെ ഭാഷാരീതിയും നമ്മുക്ക് ഷാഹിന ഇ. കെയുടെ കഥകളിൽ കാണുവാൻ കഴിയും. ഭാഷയും ഇലക്ട്രോണിക് സാങ്കേതികതയും ഇണചേരുന്ന ഒരു പൊതുബോധമണ്ഡലത്തിൽ, മാധ്യമ പ്രത്യക്ഷ സാധ്യതയിലൂടെ മാത്രം നിലനിൽക്കുന്ന ഒന്നാണത്. അതുകൊണ്ടു തന്നെ യാഥാർത്ഥ്യമെന്ന വസ്തുത എല്ലാം കെട്ടുപിണഞ്ഞു കിടക്കുന്ന ഒരവസ്ഥാവിശേഷത്തോട് രാജിയായി തീർന്നിരിക്കുന്നു എന്നത് ഷാഹിനയുടെ കഥകളെ സംബന്ധിച്ചിടത്തോളം സത്യമാണ്.

വൈവിധ്യവും വിസ്മയങ്ങളും ഉൾച്ചേരുന്ന ഷാഹിന ഇ. കെ യുടെ കഥാസമാഹാരമാണ് ഫാന്റം ബാത്ത്. ജീവകാമനകളുടെ കഥാതന്ത്രങ്ങളും സമരസപെടലിന്റെ രാഷ്ട്രീയവും വർത്തമാനകാല സമസ്യകളുമെല്ലാം നമ്മുടെ

പ്രസ്തുത സമാഹാരത്തിലെ കഥകളിൽ നിന്ന് വായിച്ചെടുക്കാം. തലമുറകളുടെ സംഘർഷവും പെൺകുട്ടികളെ കാത്തിരിക്കുന്ന ചതിക്കുഴികളുടെ ദൃഷ്ടാന്തവും, അവയെ അതിജീവിക്കേണ്ടത് എങ്ങനെ എന്ന ചിന്തകളും, പ്രത്യയ ശാസ്ത്രവുമെല്ലാം ഉൾച്ചേർന്നിരിക്കുന്ന തികച്ചും വ്യത്യസ്തവുമായ ഒരു കഥാപ്രപഞ്ചമാണ് ഷാഹിന ഇ. കെയുടെ ഫാന്റം ബാത്ത്. പലമട്ടിലുള്ള പന്ത്രണ്ട് കഥകളുടെ സമാഹാരമാണിത്. ഇതിലെ ന്യൂ ജനറേഷൻ, ഫാന്റം ബാത്ത്, സ്റ്റാറ്റസ്, ബ്ലാക്ക് വിഡോ മുതലായ കഥകൾ വർത്തമാനകാലത്തിന്റെ നേർ പകർപ്പുകളായി തന്നെ കരുതാം.

'ന്യൂ ജനറേഷൻ' എന്ന കഥയിലെ അച്ഛനും മകനും തമ്മിലുണ്ടാകുന്ന സംഘർഷം കാലഘട്ടത്തിന്റേതാണ്. തലമുറ മാറ്റത്തിലുണ്ടാകുന്ന വിടവുകൾ നികത്തുവാൻ ബന്ധങ്ങൾ കഴിയാത്തതു തന്നെ ഒരു മൂല്യച്യുതി ആയി വേണം കരുതുവാൻ. സൗന്ദര്യചിന്താഗതിയുടെയും മൂല്യബോധത്തിന്റെയും സാങ്കേതികമായ വ്യതിയാനമാണ് ആ കുടുംബത്തെ തികഞ്ഞ സംഘർഷത്തിലേക്ക് നയിക്കുന്നത്. മകന്റെ ചെയ്തികൾ ദഹിക്കാതെ തന്റെ അമർഷങ്ങളൊക്കെയും തന്നിലേക്കു തന്നെ ഒരു ചൊറിച്ചിലായി രൂപാന്തരപ്പെടുകയാണിവിടെ. മരുന്നു കൊണ്ടു മാറ്റുവാൻ കഴിയാത്ത ചൊറിച്ചിൽ ബാധിച്ചിരിക്കുന്നത് ശരീരത്തിനെയും മനസ്സിനെയാണ് എന്ന് മനസിലാക്കിയാൽ തീരാവുന്ന പ്രശ്നങ്ങളെയുള്ളൂ എന്ന് അയാൾ ചിന്തിക്കുന്നതേയില്ല. വർത്തമാനകാല സമൂഹത്തിലെ കുടുംബങ്ങളിൽ അന്വേഷിച്ചാൽ ഇത്തരമൊരു അച്ഛനെയും അമ്മയെയും മകനെയും കണ്ടുമുട്ടുവാൻ വലിയ പ്രയാസമുണ്ടാവുകയില്ല. വർത്തമാനകാല വ്യവസ്ഥയോട് പൊരുത്തപ്പെടുവാനാകാതെ ഉണ്ടായി വരുന്ന സംഘർഷമാണ് ഈ കഥയിലെ മുഖ്യഘടകം.

ഈ സമാഹാരത്തിലെ കഥയായ 'ഫാന്റം ബാത്തിൽ' ശരീരത്തിന്റെ സൂക്ഷ്മരാഷ്ട്രീയം വിശകലനം ചെയ്യപ്പെടുന്നു. ഇന്റർവ്യൂവിനായി തിരുവനന്തപുരത്തേക്ക് പോകുന്ന രണ്ട് പെൺകുട്ടികളുടെ സ്വത്വാവിഷ്കാരമാണ് ഈ കഥ പ്രശ്നവത്കരിക്കുന്നത്. ഒറ്റയ്ക്കു തങ്ങളെ വിടുവാൻ ധൈര്യപ്പെ

ടാത്ത മാതാപിതാക്കൾക്കു മുന്നിൽ തികഞ്ഞ ധൈര്യശാലിയാകുമ്പോഴും ഒറ്റയ്ക്കാകുന്ന നിമിഷങ്ങളിൽ അനുഭവപ്പെടുന്ന പകപ്പ് എല്ലാ പെൺകുട്ടികളുടെയും മാനസികാവസ്ഥയാണ്. കൂടെയുള്ള സുഹൃത്ത് ധൈര്യശാലിയായി ഇരിക്കുമ്പോഴും തനിക്ക് അങ്ങനെ ആകുവാൻ പറ്റാതെയാകുന്ന നിസ്സഹായത പെൺ സാമൂഹിക സത്യം തന്നെയാകുന്നു. പത്രത്താളുകളിൽ കാണുന്ന വാർത്തകളുടെ സൂക്ഷ്മതലങ്ങളിലേക്ക് ആലോചിച്ച് കുളിക്കുവാൻ മടിക്കുന്ന അവൾക്ക് ആശ്രയമാകുന്നത് ഹോട്ടലിന് മുന്നിലെ ഫാൻസികടയാണ്. അവിടുന്ന് വയലറ്റ് നിറമുള്ള ഫാന്റത്തിന്റെ മുഖം മൂടിയും വാങ്ങി അവൾ കുളിക്കുവാനായി കയറി. ഉടൽ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന ക്യാമറകളുടെ ചതിയുടെ ലോകവും അതിനെ എന്നും അമ്പരപ്പോടെ നോക്കി കാണുന്ന പെൺമനസിനെയും അർഹിക്കുന്ന സൂക്ഷ്മതയോടെ തന്നെ അവതരിപ്പിച്ചിട്ടുണ്ട് ഈ കഥയിൽ.

മറ്റൊരു കഥയായ സ്റ്റാറ്റസ് ഇന്നിന്റെ ദൃക്സാക്ഷി വിവരണം തന്നെയായ കഥയാണ്. പ്രണയവും മരണവും ഫേയ്സ് ബുക്കും എല്ലാം പ്രതിനിധാനങ്ങളായി ഈ കഥയിൽ കടന്നുവരുന്നു. സിദ്ധാർത്ഥ് എന്ന കഥാപാത്രത്തിലൂടെ സമകാലിക യുവത്വത്തിന്റെ തിരതള്ളലുകളാണ് കഥാകാരി അടയാളപ്പെടുത്തിയിരിക്കുന്നത്.

ബൈക്ക് ആക്സിഡന്റിൽപെട്ട് മരിക്കുന്ന സിദ്ധാർത്ഥ് മരണശേഷം തന്റെ മരണാനന്തര ജീവിതം മറ്റുള്ളവരെയും സമൂഹത്തെയും എങ്ങനെയൊക്കെ ബാധിച്ചിരിക്കുന്നു എന്ന് നോക്കിക്കാണുന്ന രീതിയിലെ കഥയുടെ ആഖ്യാനം. കാർക്കശ്യക്കാരനായ അച്ഛന്റെയും സ്നേഹനിധിയായ അമ്മയുടെയും ഒറ്റമകനായി വളർന്ന സിദ്ധാർത്ഥിന്റെ നിർബന്ധത്തിന് വാങ്ങിയ ബൈക്കാണ് അപകടത്തിന് കാരണമാകുന്നത്. യുവത്വത്തിന്റെ ലഹരിയിൽ മതിമറന്ന് പറക്കുന്ന സോഷ്യൽ മീഡിയിൽ സജീവമായിരിക്കുന്ന എല്ലാ ആൺകുട്ടികളുടെയും പ്രതിനിധിയാണ് സിദ്ധാർത്ഥ്. തന്റെ മരണത്തിന് ശേഷമാണ് കർക്കശ്യക്കാരനായ തന്റെ അച്ഛന് തന്നോട് ഇത്ര മാത്രം സ്നേഹമുണ്ടായിരുന്നു എന്ന് മനസിലാക്കുന്നത്. താൻ ഏറെ ജീവ

നായി കണ്ട് പ്രണയിച്ചിരുന്ന സ്വാതി ഇതെങ്ങനെ ഉൾക്കൊള്ളുമെന്ന് ഓർത്ത് അസ്വസ്തപ്പെട്ടിരുന്ന അവന്റെ മുന്നിൽ ഫെയർവെൽ മൈ ബെസ്റ്റ് ഫ്രണ്ട് എന്ന സ്വാതിയുടെ അപ്ഡേറ്റഡ് സ്റ്റാറ്റസ് കണ്ട് അവൻ അമ്പരന്നു പോകുന്നു. അവളെ കാണുവാൻ വേണ്ടി പോയതാണ് അവസാനമായി അവൻ. എന്നിട്ട് അവൾക്ക് താൻ ആരായിരുന്നു എന്ന് വൈകി മാത്രമറിയുന്ന അവന്റെ ദേഷ്യവും നിരാശയും 'ഗെറ്റ് ലോസ്റ്റ്' എന്ന വാചകമായി മുഴുമിപ്പിക്കുവാൻ ആകാതെ പോകുന്നു.

വേറിട്ട ആഖ്യാനത്തിനപ്പുറം ഒരു ആഹ്വാനം കൂടിയാണ് സ്റ്റാറ്റസ് എന്ന കഥ. മറ്റുള്ളവരെ നാം കരുതുന്നതുപോലെയായിരിക്കില്ല മറ്റുള്ളവർ തങ്ങളെ കാണുന്നത് എന്ന ആഹ്വാനം ഏറെ സ്നേഹത്തോടെയും എന്നാൽ പലപ്പോഴും സ്നേഹം പുറത്തുകാണിക്കാതെയുള്ള രക്ഷിതാക്കളുടെ സ്നേഹത്തിന്റെ ആഴം ഒരിക്കലും പ്രായത്തിന്റെ അപക്വതകളിൽ മക്കൾക്ക് മനസിലാക്കുവാൻ കഴിയാതെ പോകുന്നതിന്റെ നേർ സാക്ഷ്യമായി ഈ കഥയെ വായിച്ചെടുക്കാവുന്നതാണ്.

വിധവാ ചിലന്തിയുടെ നീതിസാരകഥ തന്റെ ജീവിതത്തിലും പകർത്തുവാൻ താൻ ആഗ്രഹിക്കുന്നുവെന്ന് പെണ്ണുകാണൽദിവസം തന്റെ ചെറുക്കനോട് തുറന്നു പറയുന്ന നേഹ കഥാപാത്രമാകുന്ന കഥയാണ് 'ബ്ലാക്ക് വിഡോ' . ആധുനികമായ മുഖത്തിനൊപ്പം പുരാതനമായ പെൺസങ്കല്പമാണ് തന്റെ ഭാര്യ സങ്കല്പമെന്ന് തുറന്ന് പറയുമ്പോൾ ഭാവി ഭർത്താവാകുവാൻ മുന്നിലിരിക്കുന്നവന്റെ പുല്ലിംഗ വ്യവസ്ഥയോടുള്ള പുച്ഛമാണ് ബ്ലാക്ക് വിഡോ എന്ന ചിലന്തി കഥയിലൂടെ വെളിവാക്കിയത്. തങ്ങളുടെ സങ്കല്പത്തിനപ്പുറമാണ് വീട്ടുകാരുടെ നിശ്ചയങ്ങൾ എന്ന് കഥയിൽ പറയുന്നത് വെറുതെയല്ല. അമ്മയും അച്ഛനും ആദ്യം കണക്കാക്കിയിട്ടുണ്ടാകുക ജാതകമാകും. രണ്ടാമത് തീർച്ചയായും ഇക്കാലത്ത് പേരെടുത്ത ഒരു യുവ ആർകിടെക്കിന്റെ കൈയ്യിൽ വരാവുന്ന പണത്തിന്റെ കണക്കുകളും കുടുംബ പുരാണവുമാകും എന്ന നേഹയുടെ ചിന്ത തന്നെയാണ് കേരളത്തിലെ എല്ലാ കുടുംബങ്ങളിലും ഉള്ളത്. കേരളത്തിലെ ഹിന്ദു ഭവനങ്ങ

ളിൽ ഈ ആധുനികോത്തര പരിതോപവസ്ഥകളിലും പെണ്ണിന്റെയും ചെറുക്കന്റെയും സങ്കല്പങ്ങൾക്കും മാനസിക പൊരുത്തങ്ങളും അപ്പുറം അവരുടെ ജീവിതത്തിന്റെ വിധി നിർണ്ണയിക്കുന്നത് ജാതകപൊരുത്തമാണ്. സ്നേഹത്തിനും മനസിലാക്കലിനുമപ്പുറം വീട്ടുകാർ വിലകൊടുക്കുന്നത് സാമ്പത്തികഭദ്രതയ്ക്കും സുരക്ഷയ്ക്കും മാത്രമാണ്. കാലം എത്ര കഴിഞ്ഞാലും ഈ സാമ്പ്രദായിക ചിന്താഗതികൾക്ക് യാതൊരു മാറ്റവുമുണ്ടായിട്ടില്ല എന്ന് കഥാകാരി ഇവിടെ നേഹയിലൂടെ പറഞ്ഞിരിക്കുന്നു. അപ്പോൾ തനിക്കുമാത്രമായി കിട്ടുന്നവേളയിൽ തന്ത്രപൂർവ്വം അയാളെ ഒഴിവാക്കുക മാത്രമാണ് അയാളോടുള്ള പ്രതികാര നടപടിയെന്ന് പെൺ സ്വാതന്ത്ര്യത്തിന്റെ മറ്റൊരു വശം കഥാകാരി ഇവിടെ വരച്ചിടുന്നു.

അതാത് കാലത്തെ വ്യവസ്ഥകളോട് സംവദിക്കുന്ന തരത്തിലുള്ള ആഖ്യാനങ്ങളാണ് ഷാഹിന. ഇ. കെയുടെ ഓരോ കഥകളും. വർത്തമാന കാല ജീവിത പരിസരങ്ങളിൽ ഒന്ന് കൺതുറന്ന് നോക്കിയാൽ കഥാകാരിയുടെ കഥാപാത്രങ്ങളെ പച്ചയോടെ തന്നെ കാണുവാൻ അനുവാചകർക്ക് കഴിയും. അതിനാൽ ഷാഹിനയുടെ ഓരോ കഥകളും വർത്തമാനകാലത്തിന്റെ അടയാളപ്പെടുത്തലുകളാണ്. ഓരോ കഥാപാത്രങ്ങളും വർത്തമാന കാലത്തിന്റെ പ്രതിനിധാനങ്ങളും.

**കുറിപ്പുകൾ**

1. ഇ. കെ. ഷാഹിന, ഫാന്റം ബാത്ത്, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2017, പുറം : 14
2. ഇ. കെ. ഷാഹിന, ബ്ലാക്ക് വിഡോ, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2017, പുറം : 86-87

# തുറന്നെഴുത്തിന്റെ ആവിഷ്ക്കരണം - കെ. ആർ മീരയുടെ ചെറുകഥയിൽ

-സി. ധന്യ ബേബി

മനുഷ്യന്റെ അന്തർഗതങ്ങൾ മനസാക്ഷിയുടെ ചിമിഴിനുള്ളിൽ മറക്കപ്പെടേണ്ടതല്ല. അത് എപ്പോഴും തുറന്ന് കാട്ടേണ്ടതാണ്. യഥാർത്ഥ സത്തയും തുറന്നുകാട്ടുന്നു എന്ന് ാവിക്കുന്ന പുറംമോടിയും ഇടപെടലുകളുമെല്ലാം തന്നെ വൈരുദ്ധ്യങ്ങളുടെ ഒരു ാണ്ഡക്കെട്ടു തന്നെയാണ്. ആളുന്ന വികാരം ഒരു കനലുപോലെ കൊണ്ടു നടക്കുകയും അവസരം ല ിക്കുമ്പോൾ ആളി പടരുകയും ചെയ്യുകയാണ് മനുഷ്യന്റെ ഉള്ളിൽ. എന്നാൽ സമചിത്തരായാണ് അവർ കാണപ്പെടുക. മലയാളസാഹിത്യത്തിന്റെ മഹത്തായ സം ാവനകളിലേയ്ക്ക് ആഴത്തിൽ ഇറങ്ങി ചെല്ലുമ്പോൾ പ്രകടമാകുന്ന ചില സവിശേഷതകളുണ്ട്. കവിതയും, നോവലും, നാടകവും, ചെറുകഥയുമെല്ലാം സാമൂഹിക പ്രശ്നങ്ങളിലേയ്ക്കും വ്യക്തിബന്ധങ്ങളിലേയ്ക്കും സംസ്കാരത്തിലേയ്ക്കും മനുഷ്യവ്യക്തിത്വത്തിലേയ്ക്കുതന്നെയും കടന്നുചെന്ന് അതിനെ തുറന്ന് കാട്ടുന്നു. എങ്കിലും ഉത്തരാധുനികതയുടെ പ്രത്യേകതയാണ് തുറന്നെഴുത്ത്. കെ. ആർ മീരയുടെ മോഹമഞ്ഞ എന്ന ചെറുകഥയിൽ ഈ തുറന്നെഴുത്ത് വ്യക്തമായി കാണുന്നു.

## ഉത്തരാധുനികതയിലേക്കുള്ള ചുവടുമാറ്റം

1960 -കളിലെ ആധുനിക സാഹിത്യ സം ാവനകളിലേക്ക് നോക്കുമ്പോൾ തികച്ചും മാന്യതയുടെ ചട്ടകൂടിനുള്ളിൽ കൃത്യമായി പ്രതിഷ്ഠിക്കപ്പെട്ട ചില സം വങ്ങൾ മാത്രമെ പ്രത്യക്ഷീ വിക്കുന്നുണ്ടായിരുന്നുള്ളൂ. ഉത്തരാധുനികതയിലേയ്ക്ക് കടന്നപ്പോൾ ചട്ടകൂടുകൾ അവിടെ അഴിഞ്ഞു

വീണതായി കാണാനാകും. മൂല്യങ്ങളും സാമൂഹികപ്രശ്നങ്ങളും പ്രതിസ സന്ധികളുമൊക്കെ ഇവിടെ പ്രതിപാദ്യവിഷയമാകുമ്പോൾ ഉത്തരാധുനികത യിൽ കാണാനാവുന്നത് യാഥാർത്ഥ്യത്തിന്റെ പരസ്യമുഖങ്ങൾ തന്നെയാ ണ്.

**അന്തർഗതത്തിലെ അടരുകളുടെ യഥാർത്ഥ പ്രതിഫലനം**

വികാരവും വിചാരവും ാവനയും സമ്മിശ്രമാക്കി യാഥാർത്ഥ്യ ത്തിന്റെ ഒരു വി വമാണ് ഉത്തരാധുനികത നമുക്ക് നൽകുന്നത്. ചിന്തക ളുടെ പ്രതിഫലനം എത്ര കാഠിന്യമേറിയതായാലും അപ്പാടെ തുറന്നുകാ ണിക്കാനുള്ള പ്രവണതയാണ് ഈ കാലഘട്ടത്തിലെ എഴുത്തുകൾക്കുള്ള ത്. മനുഷ്യൻ രഹസ്യത്തിൽ ചെയ്യുന്ന പല കാര്യങ്ങളും വെളിച്ചത്ത് കൊണ്ടു വരുമ്പോൾ ഇതെന്ത് എന്നൊരു ചോദ്യം ആദ്യമേ തന്നെ ഉയർന്നുവരുമെ ങ്കിലും യാഥാർത്ഥ്യം ഇതുതന്നെയാണ്. പുറംമോടിയില്ലാതെ എന്നൊരു ധാരണയും വായനക്കാരന്റെ ഉള്ളിൽ കടന്നുകൂടുന്നു.

**കെ. ആർ. മീര**

മലയാളികളുടെ മനസ്സിൽ അക്ഷരങ്ങൾകൊണ്ട് അക്ഷയമായ കുറെ മുദ്രകൾ സമ്മാനിച്ചുകൊണ്ടിരുന്ന ഒരു എഴുത്തുകാരിയാണ് കെ. ആർ. മീര. കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ 1970 ഫെബ്രുവരി മാസം 19-ാം തീയതിയാണ് കെ. ആർ മീര ജനിച്ചത്. തിരക്കഥാകൃത്ത്, ചെറുകഥാകൃ ത്ത്, നോവലിസ്റ്റ്, പത്രപ്രവർത്തക, കോളമിസ്റ്റ് എന്നീ നിലകളിൽ മീര പ്രശ സ്തയാണ്. തന്റെ കൃതി കളെല്ലാം തന്നെ മലയാളത്തനിമയിൽ നിലനി ന്നുകൊണ്ട് വിരിയിച്ചെടുക്കുവാൻ നന്നായി പരിശ്രമിക്കുന്ന ഒരു മഹനീയ വ്യക്തിത്വമാണ് കെ. ആർ. മീര.

മലയാള മനോരമയിൽ പത്രപ്രവർത്തകയായാണ് അവൾ ആദ്യം തന്റെ സാന്നിധ്യം അറിയിച്ചത്. എന്നാൽ ഈ ജോലിയിൽ നിന്നും വിര മിച്ച് എഴുത്തിലേക്കുത്തന്നെ തിരിഞ്ഞു. തന്റെ ആദ്യത്തെ കവിതാസമാ ഹാരമായ ഓർമ്മയുടെ ഞരമ്പ് 2002 -ൽ പുറത്തിറക്കി. എഴുത്തിനോ

ടുള്ള അഭിനിവേശം അവളെ ഒരുപാട് പുരസ്ക്കാരങ്ങൾക്കും അർഹയാക്കി. ആവേ മരിയ , ആരാച്ചാർ എന്നീ സംഭാവനകൾ അവളെ നിരവധി പുരസ്ക്കാരങ്ങൾക്ക് അർഹയാക്കി.

**മോഹമഞ്ഞ**

ആശുപത്രിയാണ് മോഹങ്ങൾക്ക് ചിറകു വിടർത്താൻ അവസരം ഉണ്ടാക്കിയ ഇടം. മോഹങ്ങൾ മനസ്സിൽ ഉറക്കിക്കിടത്തിയിരുന്ന ഒരു സ്ത്രീയും പുരുഷനും പരസ്പരം കണ്ടുമുട്ടുന്നു. കാലത്തിന്റെ യാത്രക്കിടയിൽ എവിടെയൊക്കെയോ സഫലീകരിക്കപ്പെടാതെപോയ അവരുടെ ആഗ്രഹങ്ങൾ ചിറകുവിടർത്തുന്നത് പരസ്പരമായ ആ കണ്ടുമുട്ടലിലാണ്. മോഹങ്ങളുടെ അതിപ്രസരത്തിനൊടുവിൽ അവർ പരസ്പരം ഒന്നിക്കുന്നു. ഒരു ലോഡ്ജ് മുറിയിൽ അങ്ങനെ അവരുടെ ഉള്ളിലെവിടെയോ ഉറങ്ങിക്കിടന്നിരുന്ന ആഗ്രഹങ്ങൾ ആ രാത്രിയിൽ ഉണർന്നെഴുന്നേൽക്കുന്നു. അവർ ഒന്നിക്കുന്നു. എങ്കിലും ആ അൽപ്പസമയം കൊണ്ട് ആ ആഗ്രഹത്തിന് മങ്ങലേൽപ്പിക്കേണ്ടതായും വരുന്നു.

**മോഹമഞ്ഞയിൽ പ്രതിഫലിക്കുന്ന തുറന്നെഴുത്ത്**

ഔപചാരികതയുടെ മറവിൽ നിന്നുകൊണ്ട് ദഹിക്കുന്ന വികാരങ്ങൾ അമർത്തി കുത്തിയൊഴുകിയെത്തുന്ന ചില സാഹചര്യങ്ങളുടെ അനുവർത്തനത്തിനപ്പുറം ശാന്തമായി പ്രകടിപ്പിക്കുകയായിരുന്നു ചില ആധുനിക ചെറുകഥകൾ. ഉത്തരാധുനികതയിലേക്ക് കടന്ന്വന്നപ്പോൾ വികാരങ്ങൾ തുറന്ന് എഴുതുവാൻ തക്കവിധം തൂലിക ശക്തമാക്കിയിരിക്കുന്നു. ഇതിന് ഏറ്റവും ഉദാത്തമായ മറ്റൊരുദാഹരണമാണ് സിത്താരയുടെ അഗ്നി. സ്ത്രീത്വം ആദരവു കലർന്ന രഹസ്യാത്മകതയായി സൂക്ഷിക്കുന്ന അവളുടെ ആർത്തവത്തിന്റെ സ്വകാര്യത പോലും അവിടെ തുറന്നുകാട്ടുന്നുണ്ട്. മോഹമഞ്ഞയുടെ പശ്ചാത്തലത്തിൽ കെ. ആർ മീര പറയുന്നുണ്ട്. ആശുപത്രികളിൽ ആരെയാണ് കാമം ബാധിക്കാത്തത് ? മരിച്ചുപോയവരുടെ അനേകായിരം ശരീരങ്ങളിൽ നിന്നു രക്ഷപ്പെട്ട ആസക്തികൾ അന്തരീക്ഷത്തിൽ സദാ പാറി നടക്കുകയില്ലേ ? പെട്ടെന്നൊരു ദിവസം പഴകിയ റൊട്ടിയിൽ പൂപ്പ

ലിന്റെ രോമാഞ്ചം പടരുന്നതും മഴക്കാലത്ത് കരിയിലകളിൽ കൂണുകളുടെ വെളുത്ത ലിംഗങ്ങളുയരുന്നതും കണക്കെ ഓരോ നേർത്ത അനുകൂല സന്ദർഭ ത്തിലും ആശകൾ മുളപൊട്ടുന്നു  എന്ന്.

നേർത്ത ചലനങ്ങൾ പോലും വളരെ സൂക്ഷ്മതയോടെ മോഹമഞ്ഞയിൽ വിവക്ഷിക്കുന്നുണ്ട്.

**തുറന്നെഴുത്തിന്റെ പ്രാധാന്യം**

ചമയത്തെക്കാളുപരി യഥാർത്ഥ ജീവിതാവസ്ഥകളുടെ അൽപ്പം വൈയുക്ത്യം നിറഞ്ഞ സത്യങ്ങൾ അവതരിപ്പിക്കാൻ പോലും കാലം ഇന്ന് തുറവി കാട്ടുന്നു. തുറന്നെഴുത്തുകൾ മനുഷ്യ മനസാക്ഷിയെ സ്വാതന്ത്ര്യ ത്തിലേക്ക് നയിക്കുന്നു. പരിചിതമായി മാറിക്കഴിഞ്ഞ ഈ രീതി ഇപ്പോഴും തുടരുകയാണ്. തുറന്നെഴുത്തുകൾ ബന്ധങ്ങളുടെ ആക്കം കൂട്ടുകയും എന്റെ ജീവിതത്തിൽ സം  വിക്കുന്നവയൊക്കെ എനിക്ക് മാത്രമുള്ള ഒരു പ്രതിഭാ സമല്ല എന്ന ചിന്ത അനുവാചകന്റെ ഉള്ളിൽ രൂപപ്പെടുത്തുകയും ചെയ്യുന്നു.

ചെറുകഥയിൽ മാത്രമല്ല കവിതകളിലും നാടകങ്ങളിലും സിനിമകളിലു മെല്ലാം ഈ തുറവി ഇപ്പോൾ തന്നെ ദൃശ്യമാണ്. മനുഷ്യന്റെ ആന്തരികത യിലേക്കും സ്വകാര്യതയിലേക്കും ഇറങ്ങിച്ചെന്ന് അതിന്റെ യഥാർത്ഥ അവസ്ഥ ലോകത്തിന് കാട്ടിക്കൊടുക്കാൻ യാതൊരു മടിയുമില്ലാത്ത സങ്കോചവുമില്ലാത്ത അവസ്ഥയിലേക്ക് കാലം വളർന്നിരിക്കുന്നു.

പുരാതന കൃതികളിലേക്ക് കടക്കുമ്പോൾ മനുഷ്യന്റെ മൂല്യങ്ങൾക്ക് ശോഷണം വരുത്തുന്ന ഒരു സന്ദർ ം പോലും കാണികൾക്ക് മുന്നിൽ കൊണ്ടു വരാൻ കൃതികളുടെ കൃത്തുക്കൾക്ക് അൽപ്പം മടിയുണ്ടായിരു ന്നു. ഇത്തരം കാര്യങ്ങൾ നേരിട്ട് അവതരിപ്പിക്കുന്ന സന്ദർ ങ്ങളും വളരെ വിരളമായിരുന്നു. എന്നാൽ ആധുനിക കൃതികളിലേക്ക് കടക്കുമ്പോൾ ഈ ഒരു സങ്കോചം നാം കാണുന്നില്ല.

യഥാർത്ഥത്തിൽ തുറന്നെഴുത്ത് സം വങ്ങളുടെ കാഠിന്യവും ലാളിത്യവും വ്യക്തമായി മനസിലാക്കാൻ നമ്മെ സഹായിക്കുന്നു. മൂർത്തമായി പ്രകടിപ്പിക്കേണ്ട ഒരു വികാരത്തെ അതിന്റെ ഒപ്പം പോലും എത്താത്ത ലാളിത്യം നിറഞ്ഞ വാക്കുകൾകൊണ്ട് വിവരിച്ച് തിരശ്ശീലയിടുമ്പോൾ യാഥാർത്ഥ്യം മറയ്ക്കപ്പെടുന്നു.അനുവാചകൻ തുറന്നെഴുത്തിനെ സഹർഷം സ്വീകരിക്കുമോ എന്ന ഒരു സംശയവും നിലനിന്നിരുന്ന സന്ദർ ങ്ങളുണ്ട്. എന്നാൽ ആധുനികതയുടെ പ്രത്യേകതയായി മാറിക്കഴിഞ്ഞു ഇത്തരത്തിലുള്ള എഴുത്തുകാർ. യഥാർത്ഥ അവസ്ഥയെയും വികാരത്തെയും അപ്രകാരം തന്നെ തുറന്നെഴുതുമ്പോൾ അധികം വലിച്ചുനീട്ടലുകൾ ഉള്ളതോ സാങ്കൽപ്പികതയുടെ ഉത്തുംഗശൃംഗത്തിൽ നിർത്താവുന്നതോ ആയ ആഖ്യാനങ്ങളുടെ പ്രസരം കുറയുകയും ജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങൾ സ്വതസിദ്ധമായി അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു.

**ഉപസംഹാരം**

കെ. ആർ മീര കാലത്തിന്റെ കറുത്ത നിഴലുകളെ വെളിച്ചത്തുകൊണ്ടുവരാൻ ധൈര്യം കാട്ടിയ എഴുത്തുകാരിയാണ്. അനുദിന ജീവിത യാഥാർത്ഥ്യങ്ങളേയും മനസ്സിൽ ഉരുത്തിരിഞ്ഞു വരുന്ന വികാരങ്ങളെയും മീര അപ്പാടെ ആവിഷ്ക്കരിച്ചിരിക്കുന്നു. തുറന്നെഴുത്തുകൾ എക്കാലത്തും പ്രാധാന്യമർഹിക്കുന്നത് തന്നെയാണ്. ഉത്തരാധുനികതയുടെ ഏറ്റവും വലിയ സവിശേഷതയാണ് ഈ തുറന്നെഴുത്ത്. ചിലപ്പോൾ ഇത്രയധികം ആഴത്തിൽ വികാരങ്ങൾ തുറന്നെഴുതുന്നത് ഉചിതമോ എന്ന ചിന്ത ചില വിലയിരുത്തലുകളിൽ കടന്നുവരാം. എന്നിരുന്നാലും ദാഹിക്കുന്ന വികാരം ചേതനയിൽ കത്തിപ്പടരുന്നത് മറച്ചുവയ്ക്കുന്നതിനേക്കാൾ, അതിനെ ഉയർന്നുപൊന്താൻ അനുവദിക്കുമ്പോഴാണ് യഥാർത്ഥ മനുഷ്യമനസാക്ഷിയുടെ ചിത്രം ലോകത്തിന് വെളിവാകുക.

# അയ്മനം ജോണിന്റെ കഥകളിലെ പ്രകൃതി പാഠങ്ങൾ - തിരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള പഠനം

സിബിൾ സണ്ണി

**പ്രബന്ധ സംഗ്രഹം:**

ആദർശമുക്തവും മുൻധാരണകൾ കൊണ്ടു വികലമാകാത്തവയുമാണ് ഉത്തരാധുനിക ചെറുകഥകൾ. ബൃഹത് പാഠങ്ങളെക്കാൾ സൂക്ഷ്മമായ കാഴ്ചകളെ അവതരിപ്പിക്കാനാണ് പുതിയ കാലത്തിലെ എഴുത്തുകാർ ശ്രമിക്കുന്നത്. എഴുപതിലെ അസ്തിത്വപ്രശനങ്ങളിൽ നിന്നും സർവ്വതല സ്പർശിയായ മാനുഷിക പ്രശ്നങ്ങളിലേക്കു കഥകൾ കൂടുമാറി. തങ്ങളിൽ നിക്ഷിപ്തമായ സാമൂഹികവും സാംസ്കാരികവുമായ ഉത്തരവാദിത്തങ്ങളെ കൂടുതൽ ഗൗരവതരമായി ആവിഷ്കരിക്കാൻ പര്യാപ്തമായ ആഖ്യാനവഴികളും ഭാഷാസമ്പത്തും ഉത്തരാധുനിക എഴുത്തുകാരെ വേറിട്ട വഴികളിലൂടെ സഞ്ചരിക്കാൻ ശക്തരാക്കുന്നു. ആധുനിക സംസ്കാരത്തിന്റെ പ്രതിസന്ധികളെ തരണം ചെയ്യുവാനും കാലികമായ സാമൂഹിക ബോധത്തെ നിർമ്മി ച്ചെടുക്കാനും ശേഷിയുള്ള പുതിയ കാലത്തിന്റെ കഥാവഴിയിൽ നിരവധി എഴുത്തുകാരാണ് അണി നിരക്കുന്നത്. ഉത്തരകാല കഥാരംഗത്തു വ്യത്യസ്തമായൊരു രചനാശൈലികൊണ്ടും ചിന്താവൈപുല്യം കൊണ്ടും ശ്രദ്ധേയനായ അയ്മനം ജോണിന്റെ തിരഞ്ഞെടുത്ത കഥകളുടെ അപഗ്രഥനമാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ :**

ഉത്തരാധുനിക മലയാള ചെറുകഥകൾ, അയ്മനം ജോണിന്റെ കഥ കൾ, പ്രകൃതിപാഠങ്ങളുടെ പൊരുൾ, ഉത്തരകാലത്തിലെ ചിന്തകൾ.

1972-ൽ മാതൃഭൂമി വിഷു പതിപ്പിന്റെ സാഹിത്യമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ 'ക്രിസ്മസ് മരത്തിന്റെ വേര് ' എന്ന കഥയിലൂടെ മലയാള

ചെറുകഥാ രംഗത്തു കടന്നു വരികയും കഴിഞ്ഞ അഞ്ചു പതിറ്റാണ്ടു കാലം വളരെ കുറച്ചു രചനകളിലൂടെ കഥാലോകത്തു തന്റേതായ ഇടം സൃഷ്ടിക്കുകയും ചെയ്ത എഴുത്തുകാരനാണ് അയ്മനം ജോൺ. ക്രിസ്മസ് മരത്തിന്റെ വേര്, എന്നിട്ടുമുണ്ട് താമരപൊയ്കകൾ, ചരിത്രം വായിക്കുന്ന ഒരാൾ, ഒന്നാം പാഠം ബഹിരാകാശം, ഇതര ചരാചരങ്ങളുടെ ചരിത്ര പുസ്തകം, മഹർഷിമേട് മാഹാത്മ്യം തുടങ്ങിയ കഥാസമാഹാരങ്ങളിലൂടെ മലയാളകഥയുടെ ഭാവുകത്വത്തെയും ദർശനങ്ങളെയും പുതുക്കി പണിയുന്നതിൽ വലിയ പങ്കു വഹിച്ച എഴുത്തുകാരനാണ് അദ്ദേഹം.

**കഥയുടെ വഴിയും രീതിയും :**

ആധുനികതയുടെ ആത്മസംഘർഷങ്ങളിൽ നിന്നു ആരംഭിക്കുകയും ഉത്തരാധുനികതയുടെ സൂക്ഷ്മമായ പ്രമേയപരിസരങ്ങളിലൂടെ വളരുകയും ചെയ്യുന്നവയാണ് അയ്മനം ജോണിന്റെ കഥകൾ.

ചരിത്രത്തിന്റെ ഏകപക്ഷീയമായ അവതരണത്തെയും അധികാരരൂപങ്ങളുടെ അടക്കിവാഴലിനെയും പ്രതിരോധിക്കുന്ന എതിരെഴുത്തുകളാണ് ഓരോ കഥകളും. എൻ എസ് മാധവന്റെയും എൻ പ്രഭാകരന്റെയും ആദ്യകാല കഥകൾ നൽകിയ ധൈര്യത്തിൽ നിന്നും ആധുനികതയുടെ സ്വകീയമായ ആവിഷ്കാരഭൂമിയിലേക്ക് കൗമാര മനസിന്റെ വിഹ്വലതകളുടെ സ്വതന്ത്രമായ ആവിഷ്കാരം എന്ന നിലക്കാണ് അയ്മനം ജോൺ എഴുതി തുടങ്ങുന്നത്. യഥാർത്ഥ ജീവിതത്തേക്കാൾ ഭാവനാ ജീവിതത്തോട് ആഭിമുഖ്യമുള്ള ഏകാകിയുടെ മനസാണ് തന്റെ കഥയെഴുത്തിന്റെ അടിസ്ഥാന പ്രേരണയെന്നു അയ്മനം ജോൺ വ്യക്തമാകുന്നുണ്ട്. നെൽ വയലുകളും തെങ്ങിൻ തോപ്പുകളുമുള്ള അയ്മനം എന്ന അപ്പർ കുട്ടനാടൻ ഗ്രാമത്തിന്റെ സവിശേഷഭംഗിയും ഹൃദ്യമായ അനുഭവങ്ങളും അദ്ദേഹത്തിന്റെ എഴുത്തിനെ ഉത്തേജിപ്പിക്കുന്നു. തുടർച്ചയായ രചനാപ്രിക്രിയയല്ല അയ്മനം ജോണിന്റെ കഥാവേദി. നീണ്ട ഇടവേളയ്ക്കുശേഷം എത്തുന്ന കഥകളിലൂടെ എഴുത്തുകാരൻ പറയാൻ

ഉദ്ദേശിക്കുന്ന അന്തരംഗത്തിന്റെ ആത്മപ്രകാശനങ്ങൾക്ക് തീവ്രത കൂടുതലാണ്.

ആധുനികനു സുപരിചിതമായ ആവേശോജ്ജ്വലമായ രചനാതന്ത്രത്തെ മറച്ചു വെച്ചുകൊണ്ട് തീർത്തും ശാന്തമായി തുടങ്ങിയ ആദ്ദേഹത്തിന്റെ രചാനാശൈലി ഉത്തരാധുനികതയിലും തുടർന്നു വരുന്നു.

സാമ്പ്രദായിക ചരിത്രത്തിനു ബദലായി വൈയക്തികമായ അനുഭവാവിഷ്കാരങ്ങളിലൂടെ മനുഷ്യൻ ജീവിക്കുന്ന കാലത്തിന്റെ ജീവിത സ്പർശിയായ ചരിത്രമെഴുതാനാണ് അദ്ദേഹത്തിനു താല്പര്യം.

എഴുത്തിന്റെ അന്തർചോദനയെക്കുറിച്ചു അദ്ദേഹത്തിനു കൃത്യമായ പക്ഷമുണ്ട്. കാലത്തിനൊപ്പം സംഭവിച്ചു പോകുന്ന നിയന്ത്രിക്കാനാവാത്ത ഒരു പ്രതിഭാസമായി അദ്ദേഹം എഴുത്തിനെ കാണുന്നില്ല. 'ക്രിസ്മസ് മരത്തിന്റെ വേര്' എന്ന കഥയുടെ രചനാപ്രേരണയെ എഴുത്തുകാരൻ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. "ക്രിസ്മസ് മരത്തിന്റെ വേര് എന്ന കഥ എന്റെ കൗമാരകാല മനസിനെ വീണ്ടെടുക്കാൻ കഴിയുന്ന ഒരു ഉപാധി ആയിട്ടാണ് ഇന്ന് എന്നിൽ പ്രവർത്തിക്കുന്നത്. ആ കഥ എഴുതപ്പെടാതെ പോയിരുന്നെങ്കിൽ എന്റെ കൗമാര മനസിന്റെ സൂക്ഷ്മ ഭാവങ്ങളും വൈകാരിക സമസ്യകളും എന്നിൽ നിന്നും ഇതിനകം നഷ്ടപ്പെട്ടു പോയേനേ. അങ്ങനെ ഒരു എഴുതി വയ്ക്കലിനെ എഴുത്തിന്റെ അന്തർചോദന എന്നു വിശേഷിപ്പിക്കാൻ കഴിയില്ലെങ്കിലും ഏറ്റവും ശക്തമായ അന്തർചോദന അതു തന്നെയാണ്. ഈ അർത്ഥത്തിലാണ് എഴുത്തിനെ മറവിക്കെതിരെയുള്ള പ്രതിരോധമെന്നു ഞാൻ വിശേഷിപ്പിച്ചിട്ടുള്ളത്". (മനീഷ് മുഴപ്പിലങ്ങാട്ട്, സ്മൃതിനാശങ്ങളുടെ സർഗ്ഗമാപിനി, മലയാളം ന്യൂസ്, 2008 ഡിസംബർ) മരവിക്കെതിരെയുള്ള ഓർമയുടെ ആയുധവും മനുഷ്യൻ എന്നു വിളിക്കപ്പെടാനുള്ള യോഗ്യത തേടലുമാണ് എഴുത്തിന്റെ ഉൾപ്രേരണ എന്നു എഴുത്തുകാരൻ തന്നെ വെളിപ്പെടുത്തുന്നു. അത്തരത്തിലുള്ള എഴുത്ത് അനുഭവങ്ങളുടെയും അനുഭൂതികളുടെയും സാന്ദ്രമായ കവിതയായി മാറുന്നു. കവിതയുടേത്

പോലുള്ള ബിംബ-പ്രതീക ഭാഷയും കാവ്യാത്മകമായ ആഖ്യാനവും അനുവാചകനു രസാനുഭൂതിയുടെ അതിർവരമ്പുകൾ ലംഘിക്കാൻ അവസരമൊരുക്കുന്നു. മനുഷ്യമനസ്സിന്റെ വൈകാരികമായ സ്പന്ദനങ്ങളെ ഇമേജുകളിലൂടെയും സിംബലുകളിലൂടെയും വിന്യസിച്ചു അനുഭൂതി സൃഷ്ടിക്കുന്നതാണ് അയ്മനം ജോണിന്റെ എഴുത്തിന്റെ സ്വഭാവം.

**പ്രകൃതി പാഠങ്ങളുടെ പൊരുൾ:**

പ്രത്യക്ഷമായ വായനയിൽ ദേശത്തിന്റെ കഥകളാണ് അയ്മനം ജോണിന്റേത്. തന്റെ ചുറ്റുമുള്ള ആവാസവ്യവസ്ഥയെ പകർത്തുവാനും ചുറ്റുപാടുകളെ അഭിമുഖീകരിക്കുവാനുമുള്ള എഴുത്തുകാരന്റെ ശ്രമമാണത്. കഥക്കുള്ളിൽ വിശാലമായ ലോകത്തിന്റെ സാധ്യതകളും ലേകത്തെക്കുറിച്ചുള്ള സന്ദേഹങ്ങളും ഒളിഞ്ഞിരിക്കുന്നുണ്ട്. ആഗോളവൽക്കരണവും മുതലാളിത്തസംസ്കാരവും ഉദാരവൽക്കരണ നയങ്ങളും രാഷ്ട്രീയ മാതൃകകളാക്കിയ സമൂഹത്തിൽ സംഭവിക്കുന്ന അപകടകരമായ പ്രകൃതി മനുഷ്യ അവസ്ഥകളുടെ പ്രതിപാഠങ്ങളാണ് ഓരോ കഥകളും.

ഈ ഭൂമി മനുഷ്യരുടേത് മാത്രമാണെന്നും ഇതര ജീവജാലങ്ങളെയെല്ലാം ആവശ്യാനുസരണം ഉപയോഗപ്പെടുത്തുകയോ ഉപദ്രവിക്കുകയോ ചെയ്യാമെന്നുള്ള ഭോഗസംസ്കാരത്തിന്റെ അഹങ്കാരത്തെ ചോദ്യം ചെയ്യുന്നവയാണ് അയ്മനം ജോണിന്റെ കഥകൾ. പുതിയ കാലത്തിന്റെ സംഘർഷങ്ങളും സങ്കീർണതകളും വിഷയമാകുമ്പോൾ പ്രകൃതിയുടെ ഈർപ്പത്തെയും ഗന്ധത്തെയും എഴുത്തുകാരൻ മനുഷ്യനു മുന്നിൽ വിവരിക്കുകയാണ്.

ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ നിന്നും ഉട്ടോപ്പിയ എന്ന സാങ്കല്പിക ദേശത്തേക്ക് വിനോദയാത്ര നടത്തുന്ന സംഘത്തിന്റെ ആഘോഷത്തിന്റെയും പിന്നീടുള്ള പാരിസ്ഥിതിക വിചാരത്തിന്റെയും കഥയാണ് 'ഉട്ടോപ്പിയ'. സാങ്കൽപ്പിക ലോകത്തു സ്വതന്ത്രരാക്കപ്പെട്ട മനുഷ്യൻ തന്റെ ഭോഗസംസ്കാരത്തിന്റെ ക്രിയകളിൽ അഭിരമിക്കുമ്പോൾ

കഥാന്ത്യത്തിൽ പ്രകൃതിയുടെ മർമത്തെ അവർ തൊട്ടറിയുന്നു. മനുഷ്യനു മനസിലാക്കാൻ കഴിയുന്നതിനപ്പുറമാണ് പ്രകൃതിയുടെ പാഠങ്ങൾ എന്നു തിരിച്ചറിയുന്ന മനുഷ്യർ പരിസ്ഥിതി ബോധത്തിന്റെ പുതിയ അറിവുകളിലേക്കാണ് കഥയിൽ യാത്ര നടത്തുന്നത്. മാന്ത്രിക വനത്തിന്റെ ഉൾഭാഗത്തുകൂടി സഞ്ചരിക്കുന്ന യാത്രാസംഘം ഒടുവിൽ കാണുന്ന കാഴ്ച എഴുത്തുകാരന്റെ പാരിസ്ഥിതിക വിചാരത്തിന്റെ ഗൗരവം വ്യക്തമാകുന്നുണ്ട്. “ഭൂമിയിൽ പ്രകൃതിയുടെയും സ്നേഹത്തിന്റെയും നിലനിൽപ്പിനു വേണ്ടി ദൈവങ്ങൾ മനുഷ്യരോട് പ്രാർത്ഥിക്കുന്ന ശബ്ദങ്ങളാണ് ഞങ്ങൾ കേൾക്കുന്നത്”. (ഉട്ടോപ്പിയ)
ആധുനിക മനുഷ്യൻ കൈമുതലാക്കുന്ന അതിക്രമത്തിന്റെയും അഹങ്കാരത്തിന്റെയും തീവ്രത ഇതിൽ നിന്നും വ്യക്തമാണ്.

“കാട്ടുപോത്തുകളുടെ വലിപ്പമുള്ള മുയലുകൾ വെളുത്ത പുൽക്കൂട്ടങ്ങളിടുക്കിക്കൊണ്ട് ഓടി പോകുമ്പോൾ, എലികളോളം ചെറിയ കാട്ടുപോത്തുകൾ സങ്കടം നിറഞ്ഞ കണ്ണുകളോടെ, മരച്ചുവടുകളിൽ മറഞ്ഞുനിന്നിരുന്നു. വൃക്ഷലതാദികളുടെ വെള്ളവിതാനങ്ങൾക്കിടയിൽ, വെളുത്ത കുയിലുകൾ, പറക്കുന്ന കോഴികൾ, നീലത്തത്തകൾ, നാനാനിറങ്ങളുള്ള കാക്കകൾ എന്നിങ്ങനെ വലിയൊരു സംഘം പക്ഷികൾ കൂടുകളും കൂട്ടക്കരച്ചിലുകളുമായി കഴിയുന്നത് കാണാമായിരുന്നു” (ഉട്ടോപ്പിയ ) വണ്ടി വലിക്കുന്ന എറുമ്പുകളെയും കുതിരകളുടെ വലിപ്പമുള്ള വിട്ടിലുകളെയും എലികളുടെ വലിപ്പമുള്ള ആനകളെയും പുഴുവിനോളം വലിപ്പം കുറഞ്ഞ പുലിയെയെയും ആവിഷ്കരിക്കുന്ന എഴുത്തുകാരൻ പ്രകൃതിയിലെ ജീവജാലങ്ങളുടെ വലിപ്പചെറുപ്പങ്ങളെ പൊളിച്ചെഴുതുകയാണ്.

എഴുത്തുകാരന്റെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടിയ ഗ്രാമചിത്രത്തിന്റെ തുടിപ്പ് വായനക്കാരനെ ഗൃഹാതുരത്ത സ്മരണകളിലേക്ക് നയിക്കുന്നതാണ്. “ഭിന്നരുചികളുള്ള ചക്ക – മാങ്ങകളും മറ്റു അപൂർവ ഇനം കായ്കനികളും വിളഞ്ഞിരുന്നു തൊടികളിലൂടെ നടന്ന്, ആ

ഫലവർഗങ്ങൾക്ക് എല്ലാം പുറമേ, ഞങ്ങൾക്ക് അപരിചിതമായിരുന്നു ചില വിഭവങ്ങൾകൂടി വിളമ്പിയിരുന്ന അടുക്കളകൾ കയറിയിറങ്ങിയുള്ള ആ സ്നേഹസഞ്ചാരങ്ങൾ ഞങ്ങൾക്ക് എന്നും ഏറേ ആസ്വാദ്യകരമായിരുന്നു. തട്ടുകളായി തിരിച്ച ഒരു കുന്നിൻചെരുവിൽ ചിതറിക്കിടക്കുന്ന ആ വീടുകൾ ഇന്നവിടെ കാണുന്നതുപോലെ റബ്ബർമരങ്ങൾക്കിടയിൽ മൃഗങ്ങളെപ്പോലെ തല പൊക്കി നോക്കുന്നവയായിരുന്നില്ല. മുത്തശ്ശിപ്ലാവുകൾക്കും മുതുക്കൻ മാവുകൾക്കും കപ്പ - വാഴത്തോട്ടങ്ങൾക്കും പാവൽ - പയർ പന്തലുകൾക്കുമൊക്കെയിടയിൽ പക്ഷികളെപോലെ പതുങ്ങിയിരുന്ന വീടുകളായിരുന്നു അതെല്ലാംതന്നെ'' (കടിക്കുന്ന അമ്മച്ചിയും കൊച്ചുമകൾ ആൻസിയും). കമ്പോളസംസ്കാരത്തിന്റെ ലാഭക്കണ്ണുകളിൽ ആകൃഷ്ടരായി നാണ്യവിളകളിലേക്ക് പുരയിടങ്ങളെ പരിവർത്തിതപ്പെടുത്തിയ മനുഷ്യന്റെ ബന്ധങ്ങളിൽ സംഭവിച്ച തകർച്ചകളെ എഴുത്തുകാരൻ പല മാനവിക പ്രശ്നങ്ങളുടെയും കാരണങ്ങളായി മനസിലാക്കുന്നു. മണ്ണിനെയും ജലത്തെയും മനുഷ്യനെയും മറക്കുന്ന പുതിയ കാലത്തിന്റെ വികസനകുതിപ്പുകളിൽ കഥാകാരൻ ആകുലനാണ് എന്നതിന്റെ ചിത്രം 'കടിക്കുന്ന അമ്മച്ചിയും കൊച്ചു മകൾ ആൻസിയും'എന്ന കഥയിൽ കാണാം.

### പുതിയ കാലത്തിന്റെ ചിന്തകൾ

പരിസ്ഥിതി കഥാകാരൻ എന്ന ലേബലിൽ മാത്രം ഒതുക്കേണ്ട എഴുത്തുകാരനല്ല അയ്മനം ജോൺ. ഉത്തരകാലത്തിലെ വെല്ലുവിളികൾക്കെതിരെയുള്ള പ്രതിപ്രവർത്തനത്തിന്റെ ഭാഗമാണ് അദ്ദേഹത്തിനു എഴുത്ത്. വളച്ചൊടിക്കപ്പെടുന്ന ചരിത്രവും വികലമാകുന്ന വർത്തമാനവും വികൃതമാക്കുന്ന മനുഷ്യാസ്തിത്വത്തിന്റെ സ്വതസിദ്ധമായ കർത്തൃത്വം ഊട്ടിഉറപ്പിക്കുന്നതിനുള്ള വിപ്ലവകരമായ രാഷ്ട്രീയധർമ്മം അയ്മനം ജോണിന്റെ കഥകൾ ഏറ്റെടുക്കുന്നുണ്ട്. മതേതരത്വം വെല്ലുവിളികൾ നേരിടുന്ന സമകാല അന്തരീക്ഷത്തിൽ അതിനെ ചെറുക്കേണ്ടതിന്റെ അനിവാര്യതയും പുതുതലമുറ ഇത്തരം സാഹചര്യങ്ങളിൽ പുലർത്തുന്ന സമീപനങ്ങളും 'മുക്തി ബാഹിനി' എന്ന കഥയിൽ ചർച്ചയാകുന്നു. പ്രത്യയശാസ്ത്രവും പ്രയോഗവും വിരുദ്ധമാകുന്ന

മനുഷ്യരെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ അയ്മനം ജോണിന്റെ കഥകൾ നടത്തുണ്ട്. തന്റെ തോട്ടങ്ങളെല്ലാം വിറ്റതിനുശേഷം കാർഷിക സമ്പദ് വ്യവസ്ഥയുടെ തകർച്ചയെക്കുറിച്ചു ഗവേഷണം നടത്തുന്ന കഥാപാത്രത്തെ 'അടിയന്തരാവസ്ഥയിലെ ആന' എന്ന കഥയിൽ കാണാം. സമകാല പ്രത്യക്ഷ രാഷ്ട്രീയസ്ഥിതിയും ഇപ്രകാരം തന്നെയാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ സൂചനകൾ കൂടി കഥാകൃത്ത് അവതരിപ്പിക്കുന്നു. ചരിത്രയാഥാർത്ഥ്യങ്ങളെ തമസ്കരിച്ചുക്കൊണ്ട് അസത്യങ്ങൾക്കു പ്രസക്തി നൽകുന്ന പുതിയകാല സാമൂഹികാവസ്ഥയെ ' അതിശയപ്പിള്ളയുടെ ഐതിഹ്യകഥയും അതിനൊരു അനുബന്ധകഥയും' എന്ന കഥയിലൂടെ അയ്മനം ജോൺ പ്രശ്നവൽക്കരിക്കുന്നു.

പുതുതലമുറയുടെ പ്രതികരണങ്ങളെ ജാഗരൂകമായ കരുതലോടെ വീക്ഷിക്കുന്ന എഴുത്തുകാരനാണു അയ്മനം ജോൺ. ഭാവി തലമുറയെക്കുറിച്ചുള്ള ഉത്കണ്ഠകൾ ആ കഥകളിലെല്ലാം നിഴലിക്കുന്നുണ്ട്. ഭാഷയും മതവും സമ്പത്തും വിദ്യാഭ്യാസവും ശാസ്ത്രസാങ്കേതികവിദ്യയുമെല്ലാം പുതിയ കാലത്തിന്റെ പൊതുബോധത്തെ എങ്ങനെയാണ് വ്യവസ്ഥപ്പെടുത്തുന്നത് എന്ന അന്വേഷണവും കഥകളിലുണ്ട്.

പ്രകൃതിയും മനുഷ്യനും പരസ്പരബന്ധിതമാകുന്ന ചിന്താതലമാണ് ഓരോ കഥകളും രൂപപ്പെടുത്തുന്നത്. പ്രകൃതിയെയും മനുഷ്യനെയും അടുപ്പിക്കുന്ന ആത്മീയതലത്തിലേക്കും തുടർന്നുള്ള സാമൂഹികതയിലേക്കും കഥകൾ വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുന്നു. കഥകളുടെ ലക്ഷ്യം കഥപറച്ചിൽ മാത്രമല്ലെന്നും മനുഷ്യന ക്ക് ആവശ്യമായ മാനങ്ങളിലൂടെയാണ് കഥാ വഴി പോകേണ്ടതെന്നും എഴുത്തുകാരനു ബോധ്യമുണ്ട്. ചുറ്റുമുള്ള സൂക്ഷമമായ കാഴ്ചകളെ കൃത്യമായ ദർശനങ്ങളോടെ അവതരിപ്പിക്കുന്ന സാമൂഹികസമവാക്യങ്ങളായി അതിനെ വിലയിരുത്താം. കലുഷിതമായ കാലത്തിന്റെ വെല്ലുവിളികളെ സമചിത്തതയോടെ നേരിടാനുള്ള രാഷ്ട്രീയാദർശം പുലർത്തുന്നവയാണ് അയ്മനം ജോണിന്റെ കഥകൾ.

**സഹായക ഗ്രന്ഥങ്ങൾ**

1) അയ്മനം ജോൺ, കണ്ടൽക്കടവ് പ്രണയകാലം, 2016, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

2) അയ്മനം ജോൺ, ഇതര ചരാചരങ്ങളുടെ ചരിത്രപുസ്തകം,2015, ഡി സി ബുക്സ്, കോട്ടയം.

3) അയ്മനം ജോൺ, ചരിത്രം വായിക്കുന്ന ഒരാൾ, 2018, ഡി സി ബുക്സ്, കോട്ടയം.

**സഹായക ലേഖനം**

സ്മൃതിനാശങ്ങളുടെ സർഗ്ഗമാപിനി, മനീഷ് മുഴുപ്പിലങ്ങാട്, മലയാളം ന്യൂസ്, 2008 ഡിസംബർ.

# നവഭാവുകത്വം സുഭാഷ് ചന്ദ്രന്റെയും സന്തോഷ് ഏച്ചിക്കാനത്തിന്റെയും കഥകളിൽ

ഷിഫിൻ ജെ മാത്യു

**താക്കോൽ പദങ്ങൾ**

റിയലിസം, കാല്പനികത, ആധുനികത, ഉത്തരാധുനികത, പാഠാന്തരത, അതികഥ

**ആമുഖം**

രണ്ടായിരത്തിനുശേഷം മലയാള ചെറുകഥയിൽ ധാരാളം പരിണാമങ്ങൾ സംഭവിച്ചു. കാലം, വൈജ്ഞാനിക വിപ്ലവം, രാഷ്ട്രീയസാമൂഹ്യമാറ്റങ്ങൾ, മാധ്യമങ്ങളുടെ അതിവ്യാപനം, ഇവയൊക്കെ ചെറുകഥയുടെ പരിണാമത്തിനു പിന്നിലുള്ള ഘടകങ്ങളാണ്. കാലത്തിനനുസരിച്ചുള്ള ഭാഷ സൃഷ്ടിച്ചെടുക്കാൻ എഴുത്തുകാർ ക്ലേശിക്കുന്നു. സ്വന്തം കാലത്തെ അടയാളപ്പെടുത്താനും പുതിയഭാഷ കെട്ടിപ്പടുക്കാനും പുതിയ ആഖ്യാനതന്ത്രങ്ങൾ കണ്ടെത്താനും നമ്മുടെ കഥാകൃത്തുക്കൾ ശ്രമിച്ചു. തത്ഫലമായി രൂപത്തിലും ഭാവത്തിലും ആഖ്യാനത്തിലുമെല്ലാം പുതുഭാവുകത്വം ചെറുകഥയിൽ ഉണ്ടാവുകയും ചെയ്തു.

**നവഭാവുകത്വം മലയാളചെറുകഥയിൽ**

മലയാളത്തിലെ ആദ്യകാലകഥകൾ ഇന്നത്തെ കഥകളിൽനിന്ന് വളരെ വ്യത്യസ്തമായിരുന്നു. അബദ്ധങ്ങൾ, കോടതി വ്യവഹാരങ്ങൾ, അനുഭവങ്ങൾ, അമാനുഷികസംഭവങ്ങൾ, തുടങ്ങിയവയായിരുന്നു ആദ്യകാല ചെറുകഥകളുടെ പ്രത്യേകതകൾ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, സി.എസ്

ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ തുടങ്ങിവയായിരുന്നു ആദ്യ കാല ചെറുകഥാകൃത്തുക്കൾ. പിന്നീട് ചെറുകഥ റിയലിസത്തിലൂടെയും കാല്പനികതയിലൂടെയും ആധുനികതയിലൂടെയും കടന്നുപോയി. ഇപ്പോഴാകട്ടെ ഉത്തരാധുനികതയുടെ രൂപങ്ങൾ കൈക്കൊണ്ട് മുന്നോട്ടു പോകുന്നു. നിരവധി പരീക്ഷണങ്ങൾ ഇവിടെ നടക്കുന്നു. ഡോ. എം. എം. ബഷീർ ഇങ്ങനെ പറയുന്നു.

"പ്രായത്തിൽ വ്യത്യാസമുണ്ടെങ്കിലും ആധുനിക ഘട്ടത്തിൽ പ്രവണതകളിലും നിലവാരത്തിലും വൃദ്ധിക്ഷയങ്ങളിലും തൊട്ടടുത്തുനിന്ന് ലോകകഥയെ പിൻതുടരാൻ സാധിച്ചിട്ടുള്ളതിനാൽ മലയാളകഥയിലും പരീക്ഷണങ്ങളുടെ കാലം കഴിയാറായി".[1] എന്നാൽ പുതിയ പരീക്ഷണങ്ങളും രചനാരീതികളും ആവിർഭവിച്ചുകൊണ്ടിരിക്കും. മുൻഗാമികളെ അനുകരിക്കാനുള്ള വിമുഖത എഴുത്തുകാർ അനുഭവിക്കുന്നുണ്ട്. എഴുത്തിലെ മൗലികതയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിൽ പുത്തൻ ആഖ്യാന തന്ത്രങ്ങൾ, ഭാഷ, ശൈലികൾ ഉടലെടുക്കും.

എന്തൊക്കെയാണ് ചെറുകഥയിലെ നവീനഭാവുകത്വത്തിന്റെ പ്രത്യേകതകൾ? പ്രമേയത്തോടു കെട്ടു പിണഞ്ഞുകിടക്കുന്നതും നിരവധി പാരായണ സാദ്ധ്യതകളുള്ളതുമായ ഭാഷാ പ്രയോഗങ്ങൾ, അതികഥ (Metafiction), പാഠാന്തരത, കാലികപ്രസക്തി, വൈജ്ഞാനിക മേഖലകളുമായുള്ള ബന്ധം, ശ്യാമഹാസ്യം (Black Humour), ഹാസ്യാനുകരണം (Paradi) ദൃശ്യസംസ്കാരത്തിന്റെ കടന്നുകയറ്റം തുടങ്ങിയവയാണ്. മാത്രമല്ല സ്ത്രീവാദം, ദളിത്വാദം എന്നിവയും കഥകളിൽ ഇടം പിടിക്കുന്നു. "ഫെമിനിസവും ദളിതവബോധവും മാധ്യമാവബോധവും സാംസ്കാരികാധിനിവേശത്തെക്കുറിച്ചുള്ള ഉത്കണ്ഠകളുമൊക്കെയാണ് ഉത്തരാധുനികതയുടെ സവിശേഷതകളെങ്കിൽ ആ പ്രവണതകൾ മലയാള ചെറുകഥയിൽ വെളിപ്പെട്ടുതുടങ്ങിയിരിക്കുന്നു എന്ന് സമ്മതിക്കണം".[2] എന്ന് ഡോ. ഡി ബഞ്ചമിൻ പറയുന്നു.

സുഭാഷ് ചന്ദ്രന്റെയും സന്തോഷ് ഏച്ചിക്കാനത്തിന്റെയും കഥകളിൽ

സ്ത്രീ പ്രമേയങ്ങൾ കടന്നു വരുന്നു. സമകാലിക യാഥാർത്ഥ്യങ്ങളെ പുതിയ ആഖ്യാന തന്ത്രങ്ങളിലൂടെയും ഭാഷയിലൂടെയും അവതരിപ്പിക്കാൻ ഈ എഴുത്തുകാർ ശ്രമിക്കുന്നു.

## നവീനഭാവുകത്വം സുഭാഷ് ചന്ദ്രന്റെ കഥകളിൽ

എഴുത്തിന്റെ രംഗത്ത് സുഭാഷ് ചന്ദ്രൻ തന്റേതായ സ്ഥാനമുറപ്പിച്ചിട്ടുണ്ട്. അവയിൽ ചെറുകഥകളും നോവലുകളുമുണ്ട്. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയമാണ് ആദ്യത്തെ കഥാസമാഹാരം. 'മനുഷ്യന് ഒരു ആമുഖം', 'സമുദ്രശില' എന്നിവ അദ്ദേഹത്തിന്റെ നോവലുകളാണ്.

## പ്രമേയത്തെ അടയാളപ്പെടുത്തുന്ന ഭാഷ

ഉത്തരാധുനികതയുടെ സവിശേഷതകൾ അദ്ദേഹത്തിന്റെ കൃതികളിൽ ധാരാളമായി കാണാം. ഭാഷയുടെ കാര്യമെടുക്കാം ആഖ്യാന ഭാഷ പ്രമേയത്തോട് ഇഴുകിച്ചേരുന്നത് ചെറുകഥയിലെ നവീന ഭാവുകത്വത്തിന്റെ ഉദാഹരണമാണ്. ഇത് അദ്ദേഹത്തിന്റെ കഥകളിലെല്ലാം കാണാം. താൻ ജീവിച്ചിരിക്കുന്ന കാലത്തെ, ഭാഷയിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നു. വാക്കുകൾ അർത്ഥസമ്പന്നങ്ങളാവുകയും നിരവധി വായനയ്ക്ക് ഇടം കൊടുക്കുകയും ചെയ്യുന്നു. 'തല്പം' എന്ന കഥയിലെ വരികൾ ഇങ്ങനെയാണ്.

"ഇന്നലെ വള്ളോക്കാരൻ ചെയ്ത വാഗ്ദാനമാണത്. മൺകുടുക്കപൊട്ടുമ്പോൾ പകരം പലനിറങ്ങളുള്ളൊരു പ്ലാസ്റ്റിക് കുടുക്ക"[3]. പ്രത്യക്ഷത്തിൽ അച്ഛന്റെ ചികിത്സയ്ക്കായി കമല എന്ന കഥാപാത്രം മൺകുടുക്കപൊട്ടിക്കുന്നുണ്ട്. ഇതിനപ്പുറമുള്ള അർത്ഥത്തെ വ്യഞ്ജിപ്പിക്കുന്നുണ്ട് ഈ വാചകം. തോമസ് വള്ളോക്കാരൻ എന്ന ഡോക്ടർ കമലയെന്ന പെൺകുട്ടിയെ ആംബുലൻസിനുള്ളിൽ വച്ച് പീഡിപ്പിക്കുന്നു. അവൾക്ക് ഭാഷയും സ്വത്വവും നഷ്ടപ്പെടുന്നു. ഇവിടെ മൺകുടുക്ക കമലയാണ്. മൺകുടുക്ക എന്ന വസ്തു ജൈവികബന്ധങ്ങളുള്ളതാണ്. മനുഷ്യൻ മണ്ണുകൊണ്ടു നിർമ്മിക്കപ്പെട്ടെന്നുള്ള വിശ്വാസം ഇവിടെ ഓർക്കാവുന്നതാണ്. ഭാഷയും സ്വത്വവും ജൈവികവും വൈയക്തികവുമാണ്. പ്ലാസ്റ്റിക് പോലെയുള്ള കൃത്രിമ വസ്തുവിനു

ണ്ടാകുന്ന നിർജീവാവസ്ഥയിലേക്ക് കമലയുടെ ഭാഷയും അധഃപതിക്കുന്നു. മൺകുടുക്ക, പ്ലാസ്റ്റിക് കുടുക്ക എന്നീ പദങ്ങൾ തരുന്ന അർത്ഥവ്യാപ്തി വിശാലവും ചിന്തനീയവുമാണ്. അവസാനം ' സുഖമുണ്ടോ'? എന്ന വള്ളോക്കാരന്റെ ചോദ്യത്തിന് കമലയുടെ ഉത്തരം 'യെണ്ട്' എന്നുമാണ്. കലക്കത്തിന്റെയും സ്വത്വരാഹിത്യത്തിന്റെയും നിലയിലേക്ക് ഭാഷ മാറുന്നതുകാണാം. ഇതെല്ലാം മുകളിൽ ഉദ്ധരിച്ച വാക്യത്തിൽനിന്നു ലഭിക്കുന്നതാണ്. മൺകുടുക്ക പലനിറങ്ങളുള്ള പ്ലാസ്റ്റിക് കുടുക്കയിലേക്കു വഴിമാറുന്നു.

ഭാഷയ്ക്ക് അനുഭവിപ്പിക്കുക എന്നൊരു ധർമ്മം കൂടിയുണ്ട്. കഥയിലെ സംഭവങ്ങളെ അനുവാചകന്റെ ദൃഷ്ടിക്കു കാട്ടിക്കൊടുക്കുവാൻ സുഭാഷ് ചന്ദ്രന്റെ ഭാഷയ്ക്കു കഴിയുന്നു. 2007-ൽ എഴുതിയ 'ബ്ലഡിമേരി' എന്ന കഥയിലെ വരികൾ നോക്കൂ.

"വിറച്ചു തുള്ളുന്ന പാദങ്ങൾ നിലത്തുറപ്പിക്കാൻ

പണിപ്പെട്ട് മേരി വേച്ചെഴുന്നേറ്റു. കണ്ണാടിക്കടുത്തുള്ള കത്രികയിലേക്ക് കൈയെത്താഞ്ഞ് അവൾ വലിഞ്ഞ കുടൽപോലെയുള്ള പൊക്കിൾക്കൊടി കുനിഞ്ഞുനിന്നു കടിച്ചുപൊട്ടിച്ചു".[4] കഥയിലെ മേരി എന്ന വേലക്കാരി ശുചിമുറിയിൽ പ്രസവിക്കുന്ന രംഗമാണ് പ്രസ്താവ്യമായിരിക്കുന്നത്. തനിക്ക് അഭയം ലഭിച്ച വീട്ടിൽ, അതും തിന്നും കുടിച്ചും തിമിർക്കുന്ന അതിഥികളുള്ള വീട്ടിൽ ആരുമറിയാതെ പ്രസവിക്കേണ്ടി വരുന്ന വേലക്കാരിയുടെ വെപ്രാളവും അപമാനവും ദുഃഖവും എത്രമാത്രമാണെന്ന് വരികളിൽ കാണുന്നു. 'വിറച്ചു തുള്ളുന്ന പാദങ്ങൾ', 'വലിഞ്ഞ കുടൽപോലെയുള്ള പൊക്കിൾക്കൊടി കുനിഞ്ഞുനിന്ന് പൊട്ടിക്കുന്നത്'... ഈ ദൃശ്യങ്ങൾക്കൊക്കെ നാം സാക്ഷിയായിത്തീർന്നു എന്നൊരു തോന്നൽ നമുക്കുണ്ടാകാം. ചിലപ്പോഴാകട്ടെ ചില വായനക്കാർ മേരിയുടെ ഭയം, വെപ്രാളം എന്നിവ സ്വഗതമാണെന്നു ചിന്തിക്കുകയും ചെയ്യുന്നു. സിനിമയിലോ നാടകത്തിലോ ആണെങ്കിൽ കഥാപാത്രത്തിന്റെ ഭയവും ദുഃഖവും നേരിട്ടു കാണാൻ കഴിയും. എന്നാൽ വികാരങ്ങളേയും ദൃശ്യങ്ങളേയും ഭാഷയിലൂടെ അനുഭവിപ്പിക്കുകയും പങ്കാളിയാക്കുകയും ചെയ്യണമെങ്കിൽ അതി

നൊരു ഭാഷ കണ്ടെത്തിയേ മതിയാകൂ. അത് സുഭാഷ് ചന്ദ്രനു വശമാണ്. സുഭാഷ് ചന്ദ്രന്റെ ഭാഷയെപ്പറ്റി എസ് ശാരദക്കുട്ടിയുടെ നിരീക്ഷണം ഇങ്ങനെയാണ്.

“ദൃശ്യബിംബങ്ങൾകൊണ്ടു സമൃദ്ധമാണ് സുഭാഷ് ചന്ദ്രന്റെ മിക്ക കഥകളും. ചലച്ചിത്രത്തിൽപ്പോലും ഫലപ്രദമായുപയോഗിക്കാൻ പറ്റാത്തവിധം സങ്കീർണ്ണമായ ദൃശ്യാനുഭവങ്ങൾ പകരുവാൻ സുഭാഷ് ചന്ദ്രന്റെ ഭാഷ സമൃദ്ധമാണ്.[5]

‘ബലി’ എന്ന കഥയിൽ ദരിദ്രരായ അമ്മയും മകനുമാണ് കഥാപാത്രങ്ങൾ. പെരുന്നാളിന്റെ തലേന്ന് അവർ ഇറച്ചിക്കടയിലെത്തി ആട്ടിറച്ചിക്കും പോത്തിനുമൊക്കെ വിലചോദിച്ച് പണം തികയാതെ വരുമ്പോൾ കാളക്കുടൽ വാങ്ങിക്കൊണ്ടുപോകുന്നു. ഇവിടെ പണം ആഗ്രഹങ്ങളെ കെടുത്തുന്ന ഘടകമായും നാം കാണുന്നു. കഥയിലുടനീളം ‘ബലി’ എന്ന കർമ്മം കാണാം. അന്യരുടെ ഭക്ഷണമാകാൻ ബലിയായിത്തീർന്ന മൃഗങ്ങൾ, കശാപ്പുശാലയിൽ മാംസം വെട്ടിമുറിക്കാനായി എടുത്തുവച്ചിരിക്കുന്ന മരക്കുറ്റി, ദാരിദ്ര്യം നിറഞ്ഞ കാലത്തിനു മുമ്പിൽ ആഗ്രഹങ്ങളെയും അഭിമാനത്തെയും ബലിയാക്കിയ ഉമ്മയും മകനും, ഇതിലെ ഭാഷ ശ്രദ്ധിക്കൂ. ചന്തയിൽ പ്രാണഭയത്താൽ നിലവിളിച്ച ഇറച്ചിക്കോഴികൾ ....ഇങ്ങനെ ബലി നീളുകയാണ്. ഇതിലെ ഭാഷ ശ്രദ്ധിക്കൂ.

“അസുരവാദ്യത്തോടൊപ്പം മുഴുപ്പുള്ളൊരു മരക്കുറ്റിയിൽ വിടർത്തിവച്ച മാംസം കശാപ്പുകാരൻ കനത്ത ഇരുമ്പുകത്തികൊണ്ട് കൊട്ടിയകത്തുമ്പോൾ, രക്തം കുറുക്കിയുണ്ടാക്കിയ ഹൽവപോലെ എളുപ്പം വഴങ്ങുന്നൊരു സ്നിഗ്ധതയിൽ മൃഗം തുണ്ടങ്ങളായിക്കൊണ്ടിരുന്നു. കശാപ്പുനടക്കുന്ന ബലിപീഠം ഒരു മരക്കുറ്റികൊണ്ടു സൃഷ്ടിക്കാവുന്ന ഏറ്റവും ഭയങ്കരമായ ആ വാസ്തുശില്പം, മൃതമാക്കപ്പെട്ട രണ്ടുതരം ചേതനകളുടെ അതിവിചിത്രമായ ഒരു സമ്മേളനമണ്ഡപമായിരുന്നു. മനുഷ്യഭാഷയിൽ സൃഷ്ടിക്കാനാവാത്ത മായികമായ ഒരാവിഷ്കാരം മരവും മൃഗവും ചേർന്ന് അവിടെ

അരങ്ങേറ്റി. ഓർമ്മയും കല്പനയും കൃത്യമായി വീതംവച്ച ഒരു ദൃശ്യം; ഇരുമ്പുകത്തിയുടെ കനം ഹൃദയരഹിതമായ ഒരു താളത്തിൽ തന്റെ നെറുകയിലേൽക്കുന്ന ആ മരക്കുറ്റി ഭൂതകാലത്തിൽ, തന്നെ വെട്ടിവീഴ്ത്തിയ മറ്റൊരു മനുഷ്യമൂർച്ചയെ പേർത്തും ഓർമ്മിക്കുന്നു".[6]

ഇവിടെ ഭാഷ സൂക്ഷ്മസ്വഭാവമുള്ളതാണ്. മരിക്കാറായ നക്ഷത്രങ്ങൾ ചുരുങ്ങി അത്യധികം പിണ്ഡമുള്ള വസ്തുവായി രൂപാന്തരം പ്രാപിക്കുന്നതുപോലെ ഇവിടെ ഭാഷയ്ക്ക് ഡെൻസിറ്റി ഏറുകയാണ്. റിയലിസ്റ്റുകളായിരുന്നെങ്കിൽ ഈ സംഭവങ്ങളൊക്കെ നീട്ടിപ്പരത്തിപ്പറഞ്ഞേനെ, ഇത്തരത്തിൽ ഡെൻസിറ്റിയുള്ള (Density) ഭാഷയിലൂടെ കഥകളെ ശ്രദ്ധേയമാക്കുന്നു. സുഭാഷ്ചന്ദ്രന്റെ മറ്റൊരു കഥയാണ് ഏഴു ഖണ്ഡികയിൽ ഒരു കടങ്കഥ'. ' ഇതിലെ ജോസഫ് എന്ന കഥാപാത്രത്തിന്റെ അമ്മയെ വിശേഷിപ്പിച്ചിരിക്കുന്നത്' പഴകിപ്പിന്നിയ ബൈബിൾപോലെ അവശതയും പ്രകാശവും ഒരുപോലെയുണ്ടായിരുന്ന വൃദ്ധ'യെന്നാണ്. ഇതേ കഥയിൽ കുട്ടികൾക്ക് പേരിടുന്ന രീതിയെ (മാതാപിതാക്കളുടെ പേരിന്റെ അക്ഷരങ്ങൾ ചേർത്തിടുന്ന രീതി) 'വെങ്കലപ്പേര് ' എന്നു വിളിക്കുന്നു. ഇത്തരമൊരു പേര് ആരും ആവിഷ്ക്കരിച്ചു കാണില്ല. ഇങ്ങനെയൊക്കെ കഥയിലെ ഭാഷയിൽ മൗലികത കൊണ്ടുവരാൻ സുഭാഷ്ചന്ദ്രനു കഴിഞ്ഞിരിക്കുന്നു.

**പാഠാന്തരത**

പാഠാന്തരത ഉത്തരാധുനിക കഥകളുടെ പ്രത്യേകതയാണ് സുഭാഷ്ചന്ദ്രന്റെ തല്പം എന്ന കഥയിൽ പാഠാന്തരത എന്ന ആഖ്യാനതന്ത്രം സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു. താരാശങ്കർബാനർജിയുടെ ആരോഗ്യനികേതനം എന്ന കൃതിയെക്കുറിച്ച് 'തല്പ'ത്തിൽ പരാമർശിച്ചിരിക്കുന്നു. ആരോഗ്യനികേതമെന്ന നോവലിലെ പ്രശസ്തനായ ഭിഷഗ്വരനാണ് ജീവൻമശായ്. ദൈവികമായ ഒരു പരിവേഷം അവിടെ ആ ഡോക്ടർക്കുണ്ട്. തല്പം എന്ന കഥയിൽ കമല എന്ന പെൺകുട്ടി തോമസ് വള്ളോക്കാരൻ എന്ന ഡോക്ടറെ വിളിക്കുന്നത് മശായ് എന്നാണ്. ബംഗാളി സാഹിത്യത്തിലുള്ള കൃതിയെ ഈ കഥ ഓർമ്മപ്പെടുത്തുന്നു എങ്കിലും ഈ കൃതി

കളിലെ ഭിഷഗ്വരന്മാർ തമ്മിൽ ധ്രുവയുഗ്മാന്തരമുണ്ട്.

**കാലികപ്രസക്തി, ചരിത്രബന്ധം**

കാലികപ്രസക്തിയുള്ളതും ചരിത്രത്തോടു ബന്ധമുള്ളതുമാണ് ഉത്തരാധുനിക കഥകൾ. കഥാകൃത്തുക്കൾ പലപ്പോഴും കൃത്യമായ നിരീക്ഷണങ്ങളും പഠനങ്ങളും നടത്തിയിട്ടാണ് കഥകൾ രചിക്കുന്നതെന്നു കാണാം. പലപ്പോഴും കഥകൾ അനുഭവത്തിൽനിന്നുളവായതായും കാണാം. എന്നാൽ അതിലൊക്കെയും കൃത്യതയുടെയും സൂക്ഷ്മതയുടെയും സാന്നിദ്ധ്യം കാണാം. കഥയല്ലേ എന്തുമാകാം എന്തുമെഴുതാമെന്നു കരുതാതെ കൃത്യമായ പഠനം നടത്തിയിരിക്കുന്നതായി കാണാം. സുഭാഷ് ചന്ദ്രന്റെ 'സതി സാമ്രാജ്യം' എന്ന കഥയിൽ സതി എന്ന ആചാരത്തെക്കുറിച്ച് കഥാപാത്രങ്ങൾ തമ്മിൽ ചരിത്രസംബന്ധിയായ സംഭാഷണം നടത്തുന്നു. ഇവിടെ ചരിത്രമല്ല കഥയുടെ വിഷയമെങ്കിലും ചരിത്രത്തിന്റെ സൂക്ഷ്മതയെ ഒഴിവാക്കാനാവില്ല. 'ബ്ലഡിമേരി' എന്ന കഥയിൽ ഗോണു എന്ന ചുഴലിക്കാറ്റിനെക്കുറിച്ചു പറയുന്നുണ്ട്. മാത്രമല്ല റൂബ് അൽവാലി, മരുഭൂമി, അൽജഹാർ മലകൾ, മിനാഖാബൂസ് തുറമുഖം എന്നിങ്ങനെയുള്ള സ്ഥലങ്ങളുടെ വിവരണങ്ങളുണ്ട്. ഇങ്ങനെ അനുവാചകനെ പുതിയ സ്ഥലങ്ങളെയും പരിചയപ്പെടുത്തുന്നു. ചരിത്രവും ഭൂമിശാസ്ത്രവുമൊക്കെ ഒത്തിണങ്ങുന്നു. എന്നാൽ അവയൊന്നും കഥയുടെ രസാനുഭൂതിയെ ഇല്ലായ്മ ചെയ്യുന്നതുമില്ല. ബലിയെന്ന കഥയിൽ കഥാപാത്രമായ കുട്ടിയുടെ പേര് 'കസബ്' എന്നാണ്. കശാപ്പുകാരൻ മറ്റൊരു കസബിനെ പത്രത്താളിൽ കാണുന്നു. മുംബെ ഭീകരാക്രമണത്തിലെ പ്രതിയായ കസബിന്റെ ഫോട്ടോയാണ് പത്രത്തിലുണ്ടായിരുന്നത്. ഇത് ഈ കഥയിൽ പ്രത്യക്ഷത്തിൽ വെളിപ്പെടുത്തുന്നില്ല. കസബിന്റെ ചിത്രം എന്നുമാത്രമാണ് (സൂചനമാത്രം) മുബൈ ഭീകരാക്രമണമെന്ന സംഭവത്തെക്കുറിച്ച് സാമാന്യം ജ്ഞാനമുള്ളവർക്കേ കഥയിലെ കസബിനെക്കുറിച്ച് മനസ്സിലാകൂ. ഇത്തരത്തിൽ കഥകൾ നേരമ്പോക്ക് എന്നതിൽക്കവിഞ്ഞ് അർത്ഥദായകമായും ജ്ഞാനവിനിമയ മാർഗ്ഗമായും പരിണമിക്കുന്നുണ്ട്.

## സ്ത്രീ പ്രതിനിധാനങ്ങൾ

സ്ത്രീവാദവുമായി ബന്ധപ്പെട്ട കഥകളാണ് സതിസാമ്രാജ്യം, ബ്ലഡി മേരി, വിഹിതം തുടങ്ങിയവ. 'സതി', 'രതി' എന്നിവയെ കഥയിൽ പരാമർശിക്കുന്നു. സതി ഒരു ആചാരമായിരുന്നു. പുരുഷാധിപത്യത്തിന്റെ സൂചനയായിരുന്നു. പലപ്പോഴും സ്ത്രീയ്ക്ക് ലൈംഗികമായ അടിമപ്പെടലും വിധേയത്വവും പുരുഷനു മുന്നിൽ പുലർത്തേണ്ടിവരുന്നു. സതി അനുഷ്ഠിക്കും പോലെ, ഒരു അനുഷ്ഠാനംപോലെ അവൾക്ക് പെരുമാറേണ്ടിവരുന്നു. ക്ഷീണം, കഷ്ടത ഇവയൊക്കെ മറന്ന് പുരുഷന്റെ ആഗ്രഹങ്ങളെ യാന്ത്രികമായി തൃപ്തിപ്പെടുത്തുന്ന അവൾ പഴയസതിയെയാണ് ഓർപ്പിക്കുന്നത്. സതി ഒരു രൂപത്തിൽ നിന്ന് മറ്റൊരു രൂപത്തിലേക്കുമാറി 'ബ്ലഡിമേരി' എന്ന കഥയിൽ അച്ഛനില്ലാത്ത കുഞ്ഞിനെ വേലയ്ക്കു നിൽക്കുന്ന വീട്ടിൽ പ്രസവിക്കേണ്ടിവരുന്ന യുവതിയുടെ ദൈന്യമാണ് കാണുന്നത്. ഭർത്താവു പിരിഞ്ഞുപോയതിനുശേഷം നാളുകൾ കഴിഞ്ഞ് തന്റെ ഫ്ളാറ്റിലേക്ക് അന്യപുരുഷനെ (മാധവൻ നായർ) വിളിച്ചുവരുത്തുന്ന ഫാൽഗുനിയുടെ ജീവിതമാണ് 'വിഹിതം' എന്ന കഥയിലുള്ളത്. അവിടെവച്ച് മാധവൻ നായർക്കുണ്ടാകുന്ന മാറ്റവും ശ്രദ്ധേയമാണ്. സ്ത്രീ ജീവിതത്തിന്റെ വിവിധ വശങ്ങളെ സുഭാഷ് ചന്ദ്രൻ തന്റെ കഥകളിലൂടെ അനാവരണം ചെയ്യുന്നു.

## നവീനഭാവുകത്വം സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളിൽ

ആഖ്യാനത്തിന്റെ വ്യത്യസ്തകൊണ്ടും സമകാലിക സംഭവങ്ങളോടുള്ള പ്രതിപത്തികൊണ്ടും ശ്രദ്ധേയനായ എഴുത്തുകാരനാണ് സന്തോഷ് ഏച്ചിക്കാനം. ഒറ്റവാതിൽ, കൊമാല, നരനായും പറവയായും, കഥാപാത്രങ്ങളും പങ്കെടുത്തവരും, ഒരു ചിത്രകഥയിലെ നായാട്ടുകാർ, ബിരിയാണി തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ കൃതികൾ.

നവഭാവുകത്വം നിറഞ്ഞ കഥകളാണ് ഏച്ചിക്കാനത്തിന്റേത്. മാറിയകാലത്തിനനുസരിച്ചുള്ള ആഖ്യാനരീതികൾ കണ്ടെത്തുന്നതിനും സമകാലികസംഭവങ്ങളെ കൃത്യമായി നിരീക്ഷിക്കുന്നതിനും ഏച്ചിക്കാനത്തിനു കഴിഞ്ഞിരിക്കുന്നു. മലയാള ചെറുകഥാരംഗത്ത് വളരെ ശ്രദ്ധിക്കപ്പെട്ട കഥ

യാണ് 'കൊമാല'. അതുവരെയുണ്ടായിരുന്ന കഥകളിൽ നിന്നു വ്യത്യസ്ത മായി ആഖ്യാനത്തിലും പ്രമേയത്തിലും പുതുമസൃഷ്ടിക്കാൻ ഈ കഥയി ലൂടെ ഏച്ചിക്കാനത്തിനു കഴിഞ്ഞു. ഒരു ചാനൽ ചർച്ചയുടെ പശ്ചാത്തല ത്തിലാണ് കഥ ആരംഭിക്കുന്നത്. ആഖ്യാനത്തിൽ പുതുമകൊണ്ടുവരുന്ന തിനുള്ള ഈ ശ്രമം വിജയിച്ചു. ചാനൽചർച്ചകൾ ഇന്ന് വളരെ ജനകീയമാ ണ്. ഒരു വിഷയത്തോട് പലവീക്ഷണത്തിലുള്ള അഭിപ്രായങ്ങൾ ഇവിടെ നമുക്കുകാണാം. കഥയിൽ മൂന്നു വസ്തുതകളാണ് കാണാൻ കഴിയുന്നത്. പുതിയൊരു ആഖ്യാനരീതി ചെറുകഥാരംഗത്തു വന്നുവെന്നതാണ് ഒന്നാ മത്തെ ഘടകം. മറ്റൊന്ന് പുതിയ മാധ്യമസംസ്കാരത്തിന്റെ ആധിക്യമാണ്. മൂന്നാമത്തെ ഘടകം സമൂഹത്തിൽ പരസ്യങ്ങൾക്കുള്ള പ്രബലമായ സ്വാധീ നമാണ്. ഉത്തരാധുനികതയുടെ സവിശേഷതയായ പാഠാന്തരത ഈ കൃതി യിൽ കാണാം. കുണ്ടൂർ വിശ്വൻ എന്ന കഥാപാത്രം ചാനൽ ചർച്ചയ്ക്കിടെ അലക്സ് പുന്നൂസ് എന്ന കഥാപാത്രത്തിൽനിന്നുമാണ് ഹുവാൻ റൂൾഫോ യുടെ പെഡ്രോപരാമോ എന്ന മെക്സിക്കൻ നോവലിനെക്കുറിച്ച് അറിയു ന്നത്. അയാൾ ആ നോവലെടുത്തു വായിക്കുന്നു. മരിച്ചവരുടെ ഗ്രാമമായ കൊമാലയിലെ ഹുവാൻ പ്രേസിയാദോ എന്ന യുവാവിനോടും ബർത്ത ലോമ എന്ന കഥാപാത്രത്തോടുമൊക്കെ താദാത്മ്യം പ്രാപിക്കുന്നു. ബർത്ത ലോമ എന്ന കഥാപാത്രം പറയുന്നതിന്റെ താഴെ വിശ്വൻ മഷികൊണ്ട് വര യ്ക്കുന്നുണ്ട്. ബർത്തലോമ പറഞ്ഞ വാചകം ഇങ്ങനെയാണ്. "ഇവിടെ ഒന്നു മില്ല എങ്ങുനോക്കിയാലുമുള്ള ആ കെട്ട പുളിച്ച നാറ്റമല്ലാതെ ഈ ഗ്രാമ മൊരു ദൗർഭാഗ്യമാണ്. ദൗർഭാഗ്യം മാത്രം".[7] കുണ്ടൂർ വിശ്വന് സ്വന്തം നാട് കൊമാലയാണെന്നു തോന്നുന്നു. പാഠാന്തരതയുടെ സമർത്ഥമായ ഉപയോ ഗമാണ് ഇവിടെ കാണാൻ കഴിയുന്നത്. കടക്കെണി, കർഷക ആത്മഹത്യ, അഴിമതി ഇവയൊക്കെ വർദ്ധിച്ചുവരുന്ന കാലത്തെ അടയാളപ്പെടുത്തുന്ന കഥയാണ് കൊമാല.

## സമകാലിക പ്രസക്തി

കാലികപ്രസക്തിയുള്ള ധാരാളം കഥകൾ സന്തോഷ് ഏച്ചിക്കാനത്തി

ന്റേതായുണ്ട്. 'ബിരിയാണിയും' ' മനുഷ്യാലയ'ങ്ങളും 'ആട്ട'വുമൊക്കെ എടുത്തുപറയേണ്ടതാണ്. നമ്മുടെ നാട് സങ്കേതിക വിദ്യയിൽ വലിയ പുരോഗതി നേടുമ്പോഴും ദാരിദ്ര്യത്തിലാണ്ടുപോയ ഒരുകൂട്ടം മനുഷ്യരും നമുക്കുചുറ്റുമുണ്ട്. 'ബിരിയാണി' എന്ന കഥ അത്തരമൊരു സംഗതിയാണ് മുന്നോട്ടു വയ്ക്കുന്നത്. നവോത്ഥാനകഥകളിൽ കാണപ്പെടുന്ന ഉടമ-അടിമ ദ്വന്ദ്വം മറ്റൊരു തലത്തിലേക്കു മാറുന്നു. പ്രത്യക്ഷത്തിലുള്ള അധികാര വ്യവസ്ഥകൾക്ക് അയവുണ്ടെങ്കിലും സ്ഥിതി പഴയതിൽനിന്നു ഭിന്നമല്ല. അന്തിയോളം പണിയെടുക്കുന്നവന് പണ്ട് നെല്ല് കൂലിയായി കൊടുത്തെങ്കിൽ ഇന്ന് വിവാഹസൽക്കാരത്തിന് പഞ്ചാബിൽ നിന്ന് ഒരു ലോഡ് ബസ്മതി അരി അതേപടി ഇറക്കുന്ന കലന്തൻഹാജിയുടെ കാര്യസ്ഥൻ, മുന്നിൽ നിൽക്കുന്ന അന്യസംസ്ഥാനതൊഴിലാളിയോട് കൂലിയുടെ 'വിലപേശൽ' നടത്തുന്നു. നാം സംസ്ക്കാരസമ്പന്നരെന്നു പറയുമ്പോഴും പഴയവ്യവസ്ഥകൾ മറ്റൊന്നിലേക്കു രൂപം മാറുന്നതല്ലാതെ കാര്യമായൊന്നും സംഭവിക്കുന്നില്ല.

മനുഷ്യാലയങ്ങൾ എന്ന കഥയും കാലികപ്രസക്തിയുള്ളതാണ്. മതവൈരത്തിന്റെ മുറിവുകൾ മനുഷ്യാലയങ്ങളിൽ നാം കാണുന്നു. മനസ്സിലെ മുറിവുകൾ ഉണങ്ങാതെ നിലനിൽക്കുകയാണ്. നവാസ് എന്ന കഥാപാത്രത്തിന്റെ വീടുപൊളിച്ചു പണിയുന്നതിനായി വരുന്നത് അയാളുടെ ശത്രുവായിരുന്നകടവിരാജുവാണ്. കാലങ്ങളുടെ അകലത്തിൽ വൈരം മറന്നുവെന്നു വിചാരിച്ചുവെങ്കിലും കടവിയുടെ മനസ്സ് അങ്ങനെയായിരുന്നില്ല. ബലിഷ്ഠമായ ഭിത്തി അടിച്ചുപൊളിക്കുമ്പോൾ (പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി) അയാൾ ഇടയ്ക്കിടെ താൻ കൊണ്ടുവന്ന കവറിലേക്ക് തലയിടുമായിരുന്നു. അതിന്റെ രഹസ്യമെന്തായിരുന്നു? അയാൾ അവിടെയുണ്ടായിരുന്ന പക്ഷിക്കൂടു സംരക്ഷിച്ചപ്പോഴും അവിടെ പണിക്കുവന്നപ്പോഴും മനസ്സലിവും വിശ്വസ്തതയുമുള്ള മനുഷ്യന്റെ ഉയർന്നതലത്തിലേക്ക് അയാൾ പ്രതിഷ്ഠിക്കപ്പെട്ടു. അവസാനം കടവിരാജുതന്നെയാണ് പിന്നീട് പക്ഷിക്കൂടുകൾ തകർത്തതെന്ന് അറിയുമ്പോഴും കവറിലുണ്ടായിരുന്ന വസ്തു എന്തായിരുന്നുവെന്ന് നവാസ് തിരിച്ചറിയുമ്പോഴും കഥ ആകെ

പ്പാടെ മാറുകയാണ്. കടവിരാജുവിന്റെ കവറിലുണ്ടായിരുന്നത് നവാസിന്റെ ചോര പുരണ്ട ഷർട്ടാണെന്നറിയുമ്പോൾ അനുവാചകർക്കുണ്ടാകുന്ന മാറ്റം, അമ്പരപ്പ് ചെറുതൊന്നുമല്ല. ഇടയ്ക്കിടെ കവറിനുള്ളിലേക്ക് തലയിട്ട് അയാൾ വരുന്നത് വർദ്ധിച്ച ശക്തി ആർജ്ജിച്ചിട്ടാണ്. നവാസിന്റെ ചോരപുരണ്ട ഷർട്ട് അയാളിലെ പ്രതികാരം ആളിക്കത്തിക്കുകയായിരുന്നു. സാദൃശ്യം സാദൃശ്യത്തെ ജനിപ്പിക്കുന്നു എന്ന പ്രകൃതി നിയമം ഈ കഥയിൽ കാണാം. ഓരോ തവണയും കവറിനുള്ളിലെ ചോരപുരണ്ട ഷർട്ടിന്റെ ഗന്ധമേറ്റതിന്റെ കടവിരാജു ഭിത്തിപൊളിക്കുന്നതിനായി ആഞ്ഞിടിക്കുന്നു. അയാളിലെ ദേഷ്യവും പകയും പഴകിയ ചോരമണത്തിന്റെ സാന്നിദ്ധ്യംകൊണ്ട് വർദ്ധിക്കുന്നു. ഇങ്ങനെ ചില പ്രകൃതി നിയമത്തിന്റെ അംശവും കഥയിൽ ഉൾച്ചേർത്തിരിക്കുന്നു. മനുഷ്യമനസ്സ് എത്ര സങ്കീർണ്ണമാണെന്ന് നാമിവിടെ കാണുന്നു. മതഭ്രാന്തിൽ നിന്നുള്ള സംഘർഷങ്ങളും കൊലപാതകങ്ങളും ഇവിടെ ഓർക്കാവുന്നതാണ്.

മനുഷ്യാലയങ്ങൾ എന്ന കഥയിലെ ഭാഷയും ഹൃദ്യമാണ്.

ഉദാഹരണം നോക്കാം

“തള്ളപക്ഷിയുടെ കൊക്കിൽ ഒരു ധാന്യമണിപോലെ രണ്ടായി മുറിഞ്ഞുകിടക്കുന്ന നിലവിളി”.[8] ധാന്യമണിപോലെ രണ്ടായി മുറിഞ്ഞുകിടക്കുന്ന നിലവിളി ഇത്തരത്തിലുള്ള ഭാഷാപ്രയോഗങ്ങൾ നിർമ്മിക്കുന്ന അർത്ഥവ്യാപ്തി ശ്രദ്ധിക്കേണ്ടതാണ്.

ഉത്തരാധുനികകഥകൾ പുതിയലോകത്തിന്റെ കാപട്യങ്ങൾ അനാവരണം ചെയ്യുന്നുണ്ട്. ഏച്ചിക്കാനത്തിന്റെ ആട്ടം എന്ന കഥയിലാണ് ഇത്തരത്തിലുള്ള സമയമുള്ളത്. തെയ്യം ഡോക്യുമെന്ററിക്കുവേണ്ടി അവതരിപ്പിക്കുന്നു. ദരിദ്രനായ ബബ്ലു എന്ന കുട്ടിയാണ് കലാരൂപം അവതരിപ്പിച്ചത്. കേവലം ഡോക്യുമെന്ററിക്കുവേണ്ടി അവതരിപ്പിച്ചുവെങ്കിലും അവതരണം ഗംഭീരമാവുകയും ചെയ്തു. ഇന്നത്തെ പലകഥകളും അനുവാചകന് നിരവധി പാരായണസാധ്യതകൾ നൽകുന്നു. മാത്രമല്ല കഥയുടെ അവസാനം അനുവാചകന്റെ ഇഷ്ടത്തിനുനുസരിച്ച് പൂരിപ്പിക്കുവാനും അവസരമൊരു

ക്കുന്നു. ‘ലിഫ്റ്റ്’ എന്ന കഥയിൽ ഈ പ്രവണത കാണാം. ഓഫീസിലേക്കു പോകുന്ന യുവാവിനെ കൈകാട്ടി നിർത്തുന്ന പെൺകുട്ടി അയാളുടെ ബൈക്കിൽ കയറുന്നു. സ്കൂളിന്റെ മുമ്പിലെത്തിയിട്ടും ഇറങ്ങാത്ത അവൾ അയാളോടൊപ്പം പോകാൻ ആഗ്രഹിക്കുന്നു. അങ്കിൾ, ചേട്ടൻ, മോൻ, കുട്ടൻ എന്നിങ്ങനെ പോകുന്നു അയാളെ അവൾ വിളിച്ച സംബോധനരൂപങ്ങൾ. പെൺകുട്ടി (അഞ്ജലീന) ബൈക്കിൽ നിന്നിറങ്ങുന്നില്ല. പെൺകുട്ടിയുടെ സംബോധനകളിൽ ശൃഗാരത്തിന്റെ ചുവയുണ്ട്. ഇങ്ങനെ അനുവാചകനു പൂരിപ്പിക്കാനായി, ചിന്തിക്കാനായി പലതും പൂർത്തിയാക്കാതെ വിട്ടിരിക്കുന്നു.

## സുഭാഷ് ചന്ദ്രൻ - സന്തോഷ് ഏച്ചിക്കാനം എന്നിവരുടെ കഥകളിലെ പൊതുസ്വഭാവങ്ങൾ - വ്യത്യാസങ്ങൾ

ഇരുവരും കഥകൾക്കായി പുതിയ ഭാഷ കണ്ടെത്തിയിട്ടുണ്ട്.

സുഭാഷ് ചന്ദ്രന്റെ ഭാഷ ഒരല്പം ദുർഗ്രഹമാണ്. ഏച്ചിക്കാനത്തിന്റെ ഭാഷ പൊതുവെ ലളിതമാണെങ്കിലും അമൂർത്തബിംബങ്ങൾ ധാരാളമായി കാണാം. “മരണത്തിന്റെ പുഴു അവരുടെ ഉള്ളിലെ ഇലകൾ മുഴുവൻ തിന്നു തീർന്നിരികകുമോ”?[9] - ഇത്യാദി അമൂർത്ത പ്രയോഗങ്ങൽ നിരവധി പാരായണ സാദ്ധ്യതകൾ ഉയർത്തിക്കാട്ടുന്നതോടൊപ്പം ഭാഷയുടെ സൗന്ദര്യാത്മകതയെയും വെളിവാക്കുന്നു.

സുഭാഷ് ചന്ദ്രനും ഏച്ചിക്കാനവും ചില കഥകളിലൊക്കെ പാഠാന്തരത ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം. അതോടൊപ്പം കാലികപ്രസക്തി ദീക്ഷിക്കാനും ഇരുവരും ശ്രമിക്കുന്നുണ്ട്. സുഭാഷ് ന്ദ്രന്റെ കഥകൾ അല്പംകൂടി ദുർഗ്രഹമാണ്. ലോകത്തെക്കുറിച്ച് ചുറ്റുപാടിനെക്കുറിച്ച് ഒരല്പം ജ്ഞാനമുള്ളവർക്കേ ഇവരുടെ കഥകൾ വേണ്ടത്ര ഭംഗിയോടെ ആസ്വദിക്കാനാവൂ. സുഭാഷ് ചന്ദ്രന്റെ ‘ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം’ എന്ന കഥ ആസ്വദിക്കണമെങ്കിൽ ലാത്തൂരിൽ നടന്ന ഭൂകമ്പത്തെക്കുറിച്ചു മനസ്സിലാക്കണം. ‘ബലി’ ആസ്വദിക്കണമെങ്കിൽ മുംബൈ ഭീകരാക്രമണത്തെക്കുറിച്ച് അറിയുകയും വേണം. ഏച്ചിക്കാനത്തിന്റെ കഥകളും ഏതാണ്ട്

അപ്രകാരമാണ്. ചാനൽചർച്ചയുടെ സങ്കേതികവശങ്ങളും പരസ്യങ്ങളും സ്വാധീനവും അല്പം മനഃശാസ്ത്രവും നിയമവുമൊക്കെ അറിയാവുന്ന വർക്കേ 'കൊമാല' എന്ന കഥ മുഴുവനായി ആസ്വദിക്കാനും വിലയിരുത്താനുമാകൂ.

സുഭാഷ് ചന്ദ്രന്റെ കഥയുടെ പശ്ചാത്തലം പലപ്പോഴും ഗ്രാമപശ്ചാത്തലത്തിൽനിന്ന് അന്യമായിരിക്കും. സർക്കാർ ഓഫീസ് (സതിസാമ്രാജ്യം), ലാത്തൂർ (ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം)ഒമാൻ (ബ്ലഡിമേരി), നഗരത്തിലെ ഫ്ളാറ്റ് (വിഹിതം) ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ കഥകളുടെ പശ്ചാത്തലങ്ങൾ, ഒരു പക്ഷേ സംസ്കാരത്തിന്റെ മാറ്റത്തെയായിരിക്കാം ഇതു പ്രതിഫലിപ്പിക്കുന്നത്. ആദ്യകാല-നവോത്ഥാന-കാല്പനിക-ആധുനിക കഥകളിലെല്ലാം പ്രകൃതിദൃശ്യങ്ങൾ, ഗ്രാമം ഇവയൊക്കെ കഥയ്ക്ക് മിഴിവു നൽകാനുള്ള ഉപാധിയായി കാണപ്പെട്ടിരുന്നു. ഏച്ചിക്കാനത്തിന്റെ കഥകൾ നോക്കാം. അദ്ദേഹത്തിന്റെ കഥകളിൽ ഗ്രാമപശ്ചാത്തലവും പ്രകൃതിയുമൊക്കെ കടന്നുവരുന്നുണ്ട്. നായിക്കാപ്പ്, ബിരിയാണി, മനുഷ്യാലയങ്ങൾ, UVWXYZ, ആട്ടം എന്നീ കഥകളൊക്കെ ഉദാഹരണങ്ങളാണ്. ഏച്ചിക്കാനത്തിന്റെ ചിലകഥകൾ ദളിത് അവസ്ഥകളേയും അവതരിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പന്തിഭോജനം, നായിക്കാപ്പ് എന്നീ കഥകളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതം വരച്ചുകാട്ടുന്നു.

**ഉപസംഹാരം**

പുതിയ കാലത്തേയും സംഭവങ്ങളെയും കൃത്യമായി അനാവരണം ചെയ്യാൻ എഴുത്തുകാർ പുതിയഭാഷ സൃഷ്ടിക്കുന്നു. ആഖ്യാനത്തിൽ പുതുമ കണ്ടെത്താനും ശ്രമിക്കുന്നു. സുഭാഷ് ചന്ദ്രന്റെ കഥകളിലെ ഭാഷ അല്പം ദുർഗ്രഹവും ദൈർഘ്യമേറിയതും അർത്ഥദായകവുമാണ്. ഏച്ചിക്കാനമാകട്ടെ ചെറിയ വരികളിലൂടെ ആസ്വാദനത്തിന്റെ മറ്റൊരു തലത്തിലേക്കു നമ്മെ കൊണ്ടുപോകുന്നു. ഇവരുടെ കഥകളിൽ പാഠാന്തരത കടന്നുവരു

ന്നുണ്ട്. മലയാള ചെറുകഥ പരിണാമത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. കാലം, സങ്കേതികവിദ്യ, ഭരണകൂടം, ഇവയെല്ലാം പരിണാമത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈ ഘടകങ്ങൾക്കനുസൃതമായി പുതിയ കഥകളിൽ പരീക്ഷണങ്ങളും വരുമെന്നു പ്രതീക്ഷിക്കാം.

## കുറിപ്പുകൾ

1. ബഷീർ എം. എം, ഡോ. അന്വേഷണം, 1994, പി. കെ ബ്രദേഴ്സ്, കോഴിക്കോട്, പുറം 55
2. ജോർജ് കെ. എം, ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ (ചെറുകഥഭാഗം-2 ബഞ്ചമിൻ ഡി. ഡോ)
3. സുഭാഷ് ചന്ദ്രൻ, കഥകൾ സുഭാഷ് ചന്ദ്രൻ, 2015 ഡി.സി ബുക്സ്, കോട്ടയം, പുറം 203.
4. സുഭാഷ് ചന്ദ്രൻ, കഥകൾ സുഭാഷ് ചന്ദ്രൻ, 2015, ഡി.സി ബുക്സ് കോട്ടയം, പുറം 302.
5. സുഭാഷ് ചന്ദ്രൻ, കഥകൾ സുഭാഷ് ചന്ദ്രൻ (ലേഖനം- സന്ദേഹത്തിന്റെ ആൺനോട്ടങ്ങൾ-എസ് ശാരദക്കുട്ടി), 2015.
6. സുഭാഷ് ചന്ദ്രൻ, കഥകൾ സുഭാഷ് ചന്ദ്രൻ, 2015, ഡി. സി ബുക്സ്, കോട്ടയം, പുറം, 308
7. സന്തോഷ് ഏച്ചിക്കാനം, കൊമാല, 2006, ഡി.സി ബുക്സ് കോട്ടയം, പുറം, 34.

8. സന്തോഷ് ഏച്ചിക്കാനം, ബിരിയാണി, 2016, ഡി.സി ബുക്സ് കോട്ടയം, പുറം, 50.
9. സന്തോഷ് ഏച്ചിക്കാനം, കൊമാല, 2006, ഡി.സി ബുക്സ് കോട്ടയം, പുറം, 36.

## ഗ്രന്ഥസൂചി


1. ബഷീർ എം. എം. ഡോ, അന്വേഷണം, 1994, പി. കെ ബ്രദേഴ്സ്, കോഴിക്കോട്.
2. ബഷീർ എം. എം. ഡോ, അന്തർധാര, 1993, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
3. ശ്രീധരൻ എ. എം. ഡോ, ആഖ്യാനം കാലംകഥ, 2012, സാഹിത്യപ്രവർത്തക സഹകരണസംഘം കോട്ടയം.
4. ജോർജ്ജ് കെ. എം. ഡോ, ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, 1998, ഡി.സി ബുക്സ് കോട്ടയം.
5. സുഭാഷ് ചന്ദ്രൻ, കഥകൾ സുഭാഷ് ചന്ദ്രൻ, 2015, ഡി.സി ബുക്സ് കോട്ടയം.
6. സന്തോഷ് ഏച്ചിക്കാനം, ബിരിയാണി, 2016, ഡി.സി ബുക്സ് കോട്ടയം,
7. സന്തോഷ് ഏച്ചിക്കാനം, കൊമാല, 2006, ഡി. സി ബുക്സ്, കോട്ടയം.

# പ്രതിരോധരാഷ്ട്രീയം സമകാലീന ചെറുകഥകളിൽ: തിരഞ്ഞെടുത്ത കഥകളെ ആസ്പദമാക്കി ഒരു പഠനം

നാൻസി മാർട്ടിൻ

## ആമുഖം

ഏറ്റവും ബൃഹത്തും ജനകീയവും എന്ന് ലോകരാഷ്ട്രങ്ങൾ അഭിപ്രായപ്പെട്ട രണഘടനയാണ് ഇന്ത്യയുടേത്.എന്നാൽ രണഘടന രൂപീകൃതമായി ഏഴുപ്പതിറ്റാണ്ടിനിപ്പുറം ഇതേ അഭിപ്രായം എല്ലാ ഇന്ത്യക്കാർക്കും ഇല്ല തന്നെ. കേവലം കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾക്കായി നിരന്തരം രണഘടനയിൽ വരുത്തുന്ന മാറ്റങ്ങളാണ് ഇതിനു കാരണം. വർഗീയ-വംശീയ കാരണങ്ങളാൽ അനുദിനം ഇന്ത്യയുടെ സാമൂഹികാന്തരീക്ഷം സങ്കീർണമായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ സാമൂഹ്യഘടനയിൽ വന്നുചേർന്ന അരാജകത്വങ്ങൾക്കെതിരെയും അസമത്വങ്ങൾക്കെതിരെയും പ്രതിരോധനിര ശക്തമാക്കിക്കൊണ്ട് മുന്നേറുകയാണ് നമ്മുടെ സാഹിത്യലോകം.

ഇന്ത്യയിൽ നടമാടിക്കൊണ്ടിരിക്കുന്ന അനീതികൾക്കെതിരെ എല്ലാ സാഹിത്യമേഖലയെയും പോലെ സമകാലീന മലയാള കഥാപ്രസ്ഥാനവും ഉണർന്നു പ്രവർത്തിച്ചുവരുന്നു. ഇക്കാലഘട്ടത്തിൽ വന്നുകൊണ്ടിരിക്കുന്ന മലയാള ചെറുകഥകൾ ഒക്കെയും ഇന്ത്യയുടെ ജീർണ്ണ സാഹചര്യങ്ങളിലേക്കാണ് വെളിച്ചം വീശുന്നത്. ഇത്തരത്തിലുള്ള രണ്ട് കഥകളാണ് എൻ.എസ് മാധവന്റെ പാല് പിരിയുന്ന കാലവും ഇ.സന്തോഷ് കുമാറിന്റെ പാവകളുടെ വീടും . സമകാലിക ഇന്ത്യയിൽ വർഗീയവും വംശീയവുമായി നിലകൊള്ളുന്ന അസഹിഷ്ണുതകളെ

പരോക്ഷമായല്ലാതെ, തെല്ലൊന്ന് തുറന്നെഴുതിയിരിക്കുകയാണ് ഈ രണ്ടു കഥാകാരന്മാരും. പാല് പിരിയുന്ന കാലത്തിൽ മാംസത്തിന്റെ പേരിൽ നടക്കുന്ന വർഗീയ സംഘടനമാണെങ്കിൽ പാവങ്ങളുടെ വീട്ടിൽ കാണാൻ കഴിയുക വംശീയതയുടെ പേരിൽ അതിർത്തികളാൽ വേർതിരിക്കപ്പെട്ട ജനതയെയാണ്. ഇങ്ങനെയുള്ള പ്രതിസന്ധികൾക്കു മേൽ ഈ കഥാകാരന്മാർ സൃഷ്ടിച്ചെടുക്കുന്ന പ്രതിരോധത്തെ പരിശോധിക്കുകയാണ് ഈ പഠനത്തിലൂടെ.

## പാല് പിരിയുന്ന കാല ത്തിലെ പ്രതിരോധം തീർക്കേണ്ട അരക്ഷിതാവസ്ഥ

മലയാള സാഹിത്യലോകത്ത് തന്റേതായ ആഖ്യാന വൈഭവം കൊണ്ട് വ്യക്തിമുദ്രപതിപ്പിച്ച എഴുത്തുകാരനാണ് എൻ. എസ് മാധവൻ. കാലികമായ ഏതെങ്കിലുമൊരു ഘടകം അദ്ദേഹത്തിന്റെ കഥകളിൽ കാണുക സ്വാഭാവികമാണ്. 2020 ജനുവരി മാസം, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എൻ. എസ് മാധവന്റെ പാല് പിരിയുന്ന കാലം എന്ന കഥ പ്രസിദ്ധീകരിക്കുകയുണ്ടായി. വർഗീയത കലർന്ന ഇന്ത്യൻ രാഷ്ട്രീയ പരിസരമാണ് കഥയിൽ കാണാൻ കഴിയുക. മതേതരത്വത്തെയും ജനാധിപത്യത്തെയും മുൻനിർത്തി തയ്യാറാക്കപ്പെട്ട ഇന്ത്യൻ ഭരണഘടനയുടെ ഇന്നത്തെ സ്ഥിതി നമുക്ക് അറിവുള്ളതാണല്ലോ. ഇവയിലെല്ലാം അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കുന്നു പ്രസ്തുത കഥ. പാല് പിരിയുന്ന കാല ത്തിൽ പ്രധാന കഥാപാത്രങ്ങൾ എന്നുപറയാൻ മൂന്ന് പേരാണുള്ളത്. സാബു, അൽക്കാ നേഗി, ഫോണിന്റെ അങ്ങേത്തലയ്ക്കി രുന്ന് സാബുവിനോട് സംസാരിക്കുന്ന മൃണാളിനി. കഥാപശ്ചാത്തലം ഒരു ട്രെയിൻ യാത്രയാണ്.

സാബു എന്ന പേരായ മലയാളി യുവാവ് തന്റെ ശസ്ത്രക്രിയക്ക് ശേഷമുള്ള തുടർ ചികിത്സയ്ക്കായി ഡൽഹിയിലേക്ക് യാത്ര ചെയ്യുകയാണ്. അതേ കോച്ചിലേക്ക് അൽക്കാ നേഗി എന്ന ഒരു പെൺകുട്ടി എത്തുന്നു.

ബർത്തിനെ ചൊല്ലിയുള്ള ഇരുവരുടെയും വാക്കേറ്റത്തോടെയാണ് കഥ ശബ്ദിച്ചു തുടങ്ങുന്നത്.

സാബുവിനെ പരിചയപ്പെടുവാനെന്നോണം അൽക്ക സംസാരിച്ചു തുടങ്ങുമ്പോഴേ ആദ്യചോദ്യം സാബു? മുസ്ലിം? എന്നാണ്. ഇതിനു സാബു മറുപടി നൽകുന്നത് അല്ല... മലയാളി എന്നും. മതത്തിന്റെ കണ്ണിലൂടെ മാത്രം മനുഷ്യരെ വിധിക്കുന്ന കൂട്ടരുടെ പ്രതിനിധിയാണ് അൽക്ക എന്ന് ഇവിടെ നിന്നും മനസ്സിലാക്കാം. ഒരു വ്യക്തിയെ അടയാളപ്പെടുത്തുന്നതിലേക്കായി സ്വീകരിക്കുന്ന പേരിലും അയാളുടെ മതത്തേയും മതചുറ്റുപാടുകളെയും ചൂഴ്ന്നു നോക്കുന്ന തരം അങ്ങേത്തലയ്ക്കലിരുന്ന് സാബുവിനോട് സംസാരിക്കുന്ന മൃണാളിനി. കഥാപശ്ചാത്തലം ഒരു ട്രെയിൻ യാത്രയാണ്.

മനുഷ്യന്റെ വികല ചിന്തയെയാണ് അൽക്ക നേഗിയിലൂടെ കഥാകൃത്ത് വെളിവാക്കുന്നത്.

സാബുവിന്റെയും അൽക്കയുടെയും ട്രെയിൻ യാത്ര അവസാനിക്കുന്നത് ഡൽഹിയിലാണ്. ശസ്ത്രക്രിയ കഴിഞ്ഞ് ശരീരത്തിൽനിന്നും മുറിച്ചുമാറ്റപ്പെട്ട ആന്തരാവയവത്തിന്റെ ഒരു ഭാഗവുമായാണ് സാബു വന്നിരിക്കുന്നത്. ബർത്തിനെ ചൊല്ലിയുള്ള അൽക്കയുടെ ദേഷ്യം അവൾ ദൽഹി റെയിൽവേ സ്റ്റേഷനിൽ വെച്ച് തീർക്കുന്നു. സാബുവിന്റെ പെട്ടിക്ക് ചുറ്റും പട്ടികൾ മണത്തടുക്കുമ്പോൾ, അൽക്കാ പോലീസുകാരനോട് പെട്ടി പരിശോധിക്കണമെന്ന് ശാഠ്യം പിടിക്കുന്നു. ഒടുവിൽ ആളുകൾ കൂടുകയും പെട്ടി പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ശസ്ത്രക്രിയാനന്തരം മാറ്റപ്പെട്ട ശരീരഭാഗം ഒരു കുപ്പിയിൽ ആയിരിക്കുന്ന തരത്തിൽ സാബുവിന്റെ പക്കൽനിന്നും കണ്ടെടുക്കുന്നു. തുടർന്ന് കഥ കലുഷിതമാകുന്നു.

പേര് സാബു, നാട് കേരളം, പറ ഇതെന്ത് ഇറച്ചി? എന്ന് ആൾക്കൂട്ടം സാബുവിനോട് ചോദിക്കുന്നു. ഇതെന്റെ ഇറച്ചിയാണേ എന്ന് നിസ്സഹായനായി സാബു മറുപടി പറയുകയും ചെയ്യുന്നു. ഈ സന്ദർഭത്തിലാണ് വർത്തമാനകാല ഇന്ത്യയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന

മാംസത്തെ ചൊല്ലിയുള്ള വർഗീയ സംഘർഷം കഥയിൽ വിഷയീഭവിക്കുന്നത്.

2017-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഗോ കശാപ്പു നിരോധനവും അതേതുടർന്ന് ഇന്നും രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന അക്രമണങ്ങളുടെയും ഒരു സംക്ഷിപ്തമാണ് ഈ കഥയിൽ കാണാൻ കഴിയുക. ഗോരഖ്ബാബയുടെ നാട്ടിൽ നിന്ന് ഗോരഖ്ധാം എക്സ്പ്രസിൽ വന്ന ഗോരഖ്പൂരികളെ തെക്കു നിന്നെത്തിയ ഒരു ഗോമാംസ വിൽപ്പനക്കാരനെ തൊണ്ടിയോടെ പിടിച്ചിരിക്കുന്നു എന്ന് പറഞ്ഞു കൊണ്ട് വർഗീയതയുടെ കണ്ണോടെ ആൾക്കൂട്ടം സാബുവിന് നേരെ അടുക്കുന്നു. ഇതു തന്റെ സ്വന്തം മാംസമാണെന്ന് പറഞ്ഞിട്ടുപ്പോലും അത് ഗോമാംസം ആണെന്നും സാബു കുറ്റക്കാരനാണെന്നും ആൾക്കൂട്ടം വിധിക്കുന്നു. ആൾക്കൂട്ടത്തിൽ അമരുന്ന സാബു ഒടുവിൽ തന്റെ തന്നെ മാംസത്തിന്റെ പേരിൽ കഥാന്ത്യത്തിൽ മരണം വരിക്കുന്നു.

അന്തരീക്ഷത്തിലെ പാല് പിരിക്കുന്ന അണുങ്ങളെപ്പോലെ വർഗീയതയുടേതായ കീടങ്ങളും നമ്മുടെ സാമൂഹ്യ-അന്തരീക്ഷത്തിൽ തന്നെ ഉണ്ടെന്നും, അത് ചില പ്രത്യേക വിഭാഗക്കാരെ മാത്രമെ ലക്ഷ്യം വച്ച് തകർക്കുന്നുള്ളൂവെന്നും പാല് പിരിയുന്ന കാലം പറഞ്ഞുവയ്ക്കുന്നു.

ഈ കഥയിലെ പ്രതിരോധ രാഷ്ട്രീയം പ്രസക്തമാണ്. മാംസത്തിന്റെ പേരിൽ നടക്കുന്ന കൊള്ളരുതായ്മകൾക്കെതിരെ നിശ്ചലം നോക്കിനിൽക്കാതെ അവയ്ക്കെതിരെ പോരാടുക തന്നെ വേണം എന്ന ഉദ്ബോധനം നൽകുന്നതിൽ പാല് പിരിയുന്ന കാലം വിജയിച്ചിരിക്കുന്നു.

**അതിർത്തികൾ അതിലംഘിക്കുന്ന പാവകളുടെ വീട്**

വ്യത്യസ്തങ്ങളായ പ്രമേയങ്ങളിലൂടെ തന്റെ കഥകൾക്ക്

പുതിയൊരു മാനം കൽപ്പിച്ചെടുത്ത കഥാകൃത്താണ് ഇ. സന്തോഷ് കുമാർ. 2020 ഫെബ്രുവരി മാസം മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ കഥയാണ്  പാവകളുടെ വീട്. കുറെയേറെ പാവകളും കാളീചരൺ മുഖർജിയും അയാളുടെ ഭാര്യയും സൊറാബ്ജിയും  ഒരു പത്രപ്രവർത്തകനുമാണ് പ്രസ്തുത കഥയിലെ കഥാപാത്രങ്ങൾ.

പത്രപ്രവർത്തകൻ തന്റെ ജോലിയുമായി ബന്ധപ്പെട്ട് കാളീചരൺ മുഖർജിയെ അഭിമുഖം ചെയ്യാൻ പോകുന്നതും, മുഖർജിയുടെ അനു വങ്ങളിലൂടെ പത്രപ്രവർത്തകൻ കടന്നുപ്പോകുന്നതുമൊക്കെയാണ് കഥയിലെ ആകർഷണീയതകൾ. അതിലുപരി ഇന്ന് രാഷ്ട്രങ്ങൾ തമ്മിൽ നിലനിൽക്കുന്ന  അതിർത്തികളുടെയും വേർതിരിവുകളുടെയും പിന്നിലെ യുക്തി അന്വേഷിക്കുകയാണ്  ഈ കഥ ലക്ഷ്യം വയ്ക്കുന്നത്.

ഇതിലെ മുഖ്യ കഥാപാത്രങ്ങളിലൊരാളായ മുഖർജി ജോലി ചെയ്തുകൊണ്ടിരുന്ന കാലയളവിൽ ഭാര്യയുമായി വിവിധങ്ങളായ രാജ്യങ്ങൾ സന്ദർശിക്കുക പതിവായിരുന്നു. ഇത്തരത്തിൽ യാത്രചെയ്യുമ്പോൾ ഒക്കെ അവർ ഓരോ രാജ്യത്തിന്റെയും തനത് വേഷ ൂഷാദികളും മറ്റും അണിഞ്ഞു നിൽക്കുന്ന ഓരോ ജോഡി പാവകളെ വാങ്ങിക്കൊണ്ടുവന്ന് വീട്ടിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. അതത് രാജ്യങ്ങളുടെ പേരും അവിടം സന്ദർശിച്ച തീയതിയും ഒക്കെയായി ഓരോ പാവകളെയും ഈ ദമ്പതികൾ ശ്രദ്ധയോടെ പരിപാലിച്ചു. എന്നാൽ പേരക്കുട്ടികൾ ഈ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും വീട്ടിൽ  എത്തി പാവങ്ങളുടെ ക്രമം തെറ്റിക്കുന്നു. ഷോക്കേയ്സിൽ അതത് ഇണകളോടൊപ്പം കഴിഞ്ഞിരുന്ന, ഓരോ രാജ്യത്തെയും പ്രതിനിധീകരിച്ച് നിന്നിരുന്ന പാവകൾ തൽഫലമായി തമ്മിൽ കലരുന്നു. തുടർന്ന് പാവകൾ സർവ്വ സ്വാതന്ത്ര്യത്തോടെ ചലിച്ചു തുടങ്ങുകയാണ്.  ഭാഷയുടെയും സംസ ്കാരത്തിന്റെയും വംശത്തിന്റെയും വർണ്ണത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ മനുഷ്യർ വേർതിരിച്ച രാഷ്ട്രങ്ങളും പ്രവിശ്യകളും ഈ പാവകളാൽ സമ്മിശ്രപ്പെടുന്നുണ്ട്. കഥയിലെ 55 ജോഡി പാവകളും

അവയുടെ തനത് സംസ്കാരത്തിൽ തന്നെ ഒതുങ്ങിക്കൂടുന്നില്ല. പകരം, സംസ്കാര സമ്മിശ്രണം എന്നതിലൂടെ ഈ പാവങ്ങൾ കൂടുതൽ ശക്തരും സ്വതന്ത്രരും ആകുകയാണ് ചെയ്യുന്നത്.

ജർമ്മനിക്കാരിയായ പെൺപാവയുടെ കൂട്ടിന് ഒരു ശ്രീലങ്കക്കാരൻ. നൈജീരിയക്കാരൻ നർത്തകനൊപ്പം ഭൂട്ടാനിലെ പെൺപ്പാവ എന്ന തരത്തിലുള്ള പാവകളുടെ ക്രമം തെറ്റലിന് മുന്നിൽ ഇവയുടെ ഉടമസ്ഥനായ മുഖർജി നിസ്സഹായനായി നിൽക്കുന്നു.എന്നാൽ പാവകളുടെ ഈ ക്രമംതെറ്റൽ വിവിധങ്ങളായ രാജ്യങ്ങളുടെ കൂടിച്ചേരലിന്റെ സ്വാതന്ത്ര്യപ്രഖ്യാപനമായാണ് കഥയിൽനിന്ന് അനുവാചകർക്ക് അനുഭവപ്പെടുക. പാവകൾ സ്വയം മാറിയിരിക്കുകയും കൂട്ടം ചേരുകയുമൊക്കെ ചെയ്യുമ്പോൾ അതിനെ ഒരു നിശബ്ദ വിപ്ലവമായാണ് മുഖർജി ഒടുവിൽ പറഞ്ഞുവയ്ക്കുന്നത്. ഭൂമിയിൽ മനുഷ്യരാൽ നിർമ്മിക്കപ്പെട്ട സാങ്കൽപ്പിക അതിർത്തി രേഖകളൊക്കെയും ഇവിടെ പാവകളാൽ മായ്ക്കപ്പെടുന്നു.

കാളീചരൺ മുഖർജിയുടെ ഭൂതകാലത്തിലെ ലാഹോർ ഓർമ്മകളും കഥയ്ക്കുള്ളിലെ കഥയെന്നോണം പാവകളുടെ വീട്ടിൽ കഥാകൃത്ത് അവതരിപ്പിക്കുന്നുണ്ട്. പണ്ടൊക്കെ ലാഹോറിലേക്ക് പോകുക അനായാസമായിരുന്നു. എന്നാൽ ഇന്ന് ലാഹോറിലെ കർശന നിയന്ത്രണങ്ങളാൽ അവിടേയ്ക്കുള്ള യാത്ര എളുപ്പമല്ല. വംശീയതയുടെ അതിർത്തികളാൽ വേർതിരിക്കപ്പെട്ട ഇന്ത്യയിലെ ഒരു ഭാഗമാണല്ലോ ലാഹോർ. ഭാഷയുടെയും സംസ്കാരത്തിന്റേയും മതത്തിന്റേതുമായ ഘടകങ്ങളാൽ എങ്ങനെയാണ് ഒരു ഭൂപ്രദേശം പലതായി വി ജിക്കപ്പെടുന്നതെന്ന് നമുക്കറിയാം.ലാഹോറിന്റേതായ ഒരു ഉദാഹരണം പറഞ്ഞു വെച്ചുകൊണ്ട് പിന്നീട് പല രാജ്യങ്ങളിലും സംസ്കാരങ്ങളിലും പെടുന്ന പാവകളിലൂടെ മനുഷ്യനിർമ്മിതമായ അതിർത്തികളെ വളരെ തന്ത്രപൂർവ്വം അതിലംഘിക്കുകയാണ് ഇ.സന്തോഷ് കുമാർ ഈ കഥയിൽ.

**ഉപസംഹാരം**

എത്തരത്തിലാണ് വർഗീയ-വംശീയ ഘടകങ്ങൾ സമൂഹത്തിലെ മനുഷ്യരെ തമ്മിൽ വിജിച്ചു നിർത്തുന്നത് എന്ന് തുറന്നുകാട്ടുകയാണ് പഠനവിധേയമാക്കിയിരിക്കുന്ന രണ്ട് കഥകളും. മനുഷ്യരെ ഒരുമിപ്പിക്കുവാനല്ല വിഭജിച്ചു നിർത്തുവാനാണ് എല്ലാ രാഷ്ട്ര തന്ത്രങ്ങളും രൂപീകരിക്കുന്നതെന്ന് പരോക്ഷമായി പറഞ്ഞു വെക്കുകയാണ് ഈ കഥാകാരൻമാർ. സാമൂഹിക പ്രശ്നങ്ങളുടെ പ്രതിഫലനം സർക്ഷ സാഹിത്യം ഉൾക്കൊള്ളുന്നുണ്ട് എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ് ഈ രണ്ടു കഥകളും. സമകാലീന-കഥാസാഹിത്യം ഇത്തരം കഥകളിലൂടെ അനുവാചകരെ സമകാലീന സാമൂഹിക- പ്രശ്നങ്ങളെക്കുറിച്ച് ബോധമുള്ളവരാക്കുകയും ഈ പ്രശ്നങ്ങളോട് ചെറുത്തു നിൽക്കുവാനുള്ള പ്രതിരോധം സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇത്തരം കഥകളുടെയും കഥാ-പഠനങ്ങളുടെയും പ്രസക്തി ഏറിവരുകയാണ്.

**ഗ്രന്ഥസൂചി**

ആനുകാലികങ്ങൾ

1. മാധവൻ എൻ.എസ്, പാല് പിരിയുന്ന കാലം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, ജനുവരി 15, ലക്കം 46
2. സന്തോഷ് കുമാർ ഇ, പാവകളുടെ വീട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, ഫെബ്രുവരി 9, ലക്കം 47.

# വാണിജ്യവൽക്കരണം ഇ.പി.ശ്രീകുമാറിന്റെ കഥകളിൽ – ഒരു സാംസ്കാരിക വിശകലനം

രമ്യ ആർ.പിള്ള

ഗവേഷക, കേരളപഠനവിഭാഗം, കേരളസർവകലാശാല,

കാര്യവട്ടം ക്യാമ്പസ്

## ആമുഖം

കമ്പോളവൽകൃതമായ വർത്തമാലകാലത്ത് ഓരോ ജനതയും പല തരം കടന്നുകയറ്റങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. ആത്മവിശ്വാസവും തിരിച്ചറിവുമുള്ള ജനത അവരുടെ പ്രതിരോധമുദ്രകൾ ഭാഷയിലൂടെയും സാഹിത്യത്തിലൂടെയുമാണ് രേഖപ്പെടുത്തുന്നത്. കാരണം ഓരോ സാഹിത്യകൃതിയും അത് ഉടലെടുക്കുന്ന കാലത്തിന്റെ സംസ്കാരത്തെ അടയാളപ്പെടുത്തുന്നവയുമാണ്. സാഹിത്യവും കലയും കാലത്തിന്റെ കണ്ണാടികളായതിനാൽ അവയിലൂടെ അടയാളപ്പെടുത്തുന്ന പ്രതിരോധതന്ത്രങ്ങളെ തിരിച്ചറിയുക എന്നത് സാംസ്കാരിക പ്രവർത്തനങ്ങളിൽ തീർച്ചയായും നിർണ്ണായകമാണ്. എഴുത്ത് എല്ലാ കാലത്തിലും അധീശത്വത്തിനെതിരായ ആശയരൂപീകരണം നടത്തിയിട്ടുണ്ട്. അതിനുമേലെ ഒരു എഴുത്തുകാരന്റെ സാമൂഹികപ്രതിബന്ധതയും സ്വാതന്ത്ര്യബോധവുമാണ് അധികാരത്തെ വെല്ലുവിളിക്കുന്ന ബദൽ സാഹിത്യത്തിന് രൂപം കൊടുക്കുന്നത്.

അധീശത്വസ്ഥാപനങ്ങൾക്കെതിരായ സായുധവിപ്ലവം പോലെ പ്രത്യക്ഷമല്ല സാഹിത്യത്തിലെ പ്രതിരോധം. സാഹിത്യം ഭാഷ പ്രതിനിധാനമായിരിക്കുന്ന ഒരു ചിഹനവ്യവസ്ഥയാണ്. ഭാഷ, ആഖ്യാനം, രൂപം എന്നിങ്ങനെ

ഒട്ടേറെ തലങ്ങളിൽ സാഹിത്യത്തിൽ പ്രതിരോധം രൂപമെടുക്കാം. ദേശം, ഭരണകൂടം, ജനത, വർണം, വർഗം, ലിംഗം, സംസ്കാരം, രാഷ്ട്രീയം മുതലായ കാരണങ്ങളാണ് അധീശത്വത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതിനിധാനങ്ങളെ സാഹിത്യത്തിൽ സൃഷ്ടിക്കുന്നത്. കഥ, കവിത, നോവൽ, തുടങ്ങി എല്ലാ മേഖലകളിലും പ്രതിരോധത്തിന്റെ അടയാളങ്ങൾ കാണാൻ സാധിക്കും. ഇവയിലൂടെ പങ്കുവെക്കുന്ന ജീവിതാനുഭവങ്ങൾ, സാമൂഹിക പ്രതിരോധങ്ങൾ, പ്രതിഷേധങ്ങൾ എന്നിവയെ വായിച്ചെടുക്കാൻ പറ്റുന്ന രീതിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ അവ അക്കാലത്തെ നേർസാക്ഷ്യങ്ങളായി മാറുന്നു. കേരളത്തിലെ എല്ലാ മേഖലകളിലും കടന്നുവരുന്ന പദമാണ് വാണിജ്യവൽക്കരണം. ഇ.പി.ശ്രീകുമാർ തന്റെ കഥകളിൽ വാണിജ്യവൽക്കരണം എന്ന വിഷയത്തെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്നും അതിനെ എങ്ങനെ പ്രതിരോധിക്കുന്നു എന്നും പഠിക്കാനുള്ള ഉദ്യമമാണ് ഈ പ്രബന്ധം.

വാണിജ്യവൽക്കരണവും സംസ്കാരവ്യവസായവും

ആധുനിക കാലത്തിന്റെ മുഖമുദ്രയാണ് ആഗോളവൽക്കരണം. ഇതിന്റെ ഫലമായി നിരവധി മാറ്റങ്ങൾ മനുഷ്യസംസ്കാരത്തിൽ ഉണ്ടായിട്ടുണ്ട്. 1990 കൾക്ക് ശേഷമാണ് ഇതിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നത്. ഒരേ സമയം നിന്ദയും പ്രശംസയും ആഗോളവൽക്കരണം ഏറ്റുവാങ്ങിയിട്ടുണ്ട്. പൈതൃകസിദ്ധമായ ഒരു പാരമ്പര്യത്തെ ഇത് തള്ളിപ്പറഞ്ഞു. ആഗോളവൽക്കരണത്തിന്റെ ഫലമായി ലോകത്തിന്റെ എല്ലായിടങ്ങളിൽ നിന്നും ആശയങ്ങളും ഉൽപ്പന്നങ്ങളും ഇന്ത്യയിലുടനീളം പ്രചരിപ്പിക്കാൻ കുത്തക മുതലാളിമാർക്ക് കഴിഞ്ഞു. ഇതിന്റെ ഫലമായി കേരളീയസമൂഹം മാറിത്തുടങ്ങി. പാശ്ചാത്യജീവിതരീതികളെ അനുകരിക്കാനുള്ള ശ്രമം ആധുനികാനന്തര ജീവിതപരിസരങ്ങളിലേക്കുള്ള മാറ്റത്തിന് കാരണമായി. പാരമ്പര്യമായ ജീവിത രീതികളോടും പ്രാചീനമായ ആചാരങ്ങളോടും മലയാളികൾ വിമുഖത പ്രകടമാക്കുകയും വേഷത്തിലും ഭാഷയിലും അവർ മാറിത്തുട

ങ്ങുകയും ചെയ്തു. 1990–കളിൽ കേന്ദ്രഭരണകൂടം പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയത് ഇതിനൊരു കാരണമായി. കേന്ദ്രഗവൺമെന്റ് അന്താരാഷ്ട്രനാണയനിധിയിൽ നിന്നും ഭീമമായ തുക കടമെടുക്കുകയും തുടർന്ന് ഇന്ത്യയിൽ ആഗോളവൽക്കരണം നടപ്പിലാക്കുകയും ചെയ്തു. തുടർന്ന് ഉദാരവൽക്കരണം, വാണിജ്യവൽക്കരണം, സ്വതന്ത്ര്യകമ്പോളവ്യവസ്ഥ എന്നിവ ആഗോളവൽക്കരണത്തിന്റെ പ്രവണതകളായി രൂപപ്പെട്ടു. കമ്പോളം സ്വതന്ത്ര്യകമ്പോളവ്യവസ്ഥ എന്നിവ ആഗോളവൽക്കരണത്തിന്റെ പ്രവണതകളായി രൂപപ്പെട്ടു. കമ്പോളം സ്വതന്ത്ര്യമായപ്പോൾ ബഹുരാഷ്ട്രകുത്തക കമ്പനികൾ ഇന്ത്യയിലേക്ക് കടന്നുവന്നു. തുടർന്ന് ബഹുരാഷ്ട്രകമ്പനികളുടെ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള ചന്തയായി കേരളം രൂപപ്പെട്ടു. ആഗോളവൽക്കരണത്തിന്റെ പ്രവണതകളിൽ പ്രധാനപ്പെട്ട ഒന്നാണ് വാണിജ്യ വൽക്കരണം.

ഒരു പുതിയ ഉത്പ്പന്നത്തെയോ ഉത്പാദനപ്രക്രിയയോ പുതിയതായി സമ്പദ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുന്നതിനെ വാണിജ്യവൽക്കരണം എന്ന് പറയുന്നു. ഓരോ ഉത്പന്നത്തിന്റെയും വികാസത്തിന് ഉപയോഗിക്കുന്ന പ്രക്രിയകൾ ആ ഉത്പന്നം സാമ്പത്തികമായി വിജയമാകണം എന്ന ലക്ഷ്യത്തോടുകൂടിയാണ് രൂപരേഖ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഫലമായി ഇന്നത്തെ തലമുറ ചുറ്റുമുള്ള എന്തിനെയും വാണിജ്യ വസ്തുവായി കണക്കാക്കുന്നു. തത്ഫലമായി സ്വാർത്ഥമനോഭാവം വർദ്ധിക്കുകയും അവിടെ ശരി തെറ്റുകൾക്ക് സ്ഥാനമില്ലാതാകുകയും ചെയ്തു. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, കൃഷി തുടങ്ങി നിരവധി മേഖലകളിൽ ഈ മാറ്റങ്ങൾ പ്രകടമാണ്.

ആഗോളവൽക്കരണത്തിന്റെയും വാണിജ്യവൽക്കരണത്തിന്റെയും നൂതന സൃഷ്ടിയായ സമകാലസമൂഹത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന സങ്കൽപ്പനമാണ് സംസ്കാരവ്യവസായം. പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ വിവരസാങ്കേതികതയുടെയും യാന്ത്രികോൽപ്പന്നങ്ങളു

ടെയും ത്വരിതഗതി സചേതനവും വിപണികേന്ദ്രിതവുമായ ആഗോള സാമൂഹികാന്തരീക്ഷം സംജാതമാക്കി. പത്രം, ആനുകാലികങ്ങൾ, റേഡിയോ, സിനിമ, ടെലിവിഷൻ തുടങ്ങി ജനപ്രിയസംസ്കാരരൂപങ്ങൾ സാമ്രാജ്യത്വ മുതലാളിത്തത്തിനും ആഗോളമാധ്യമകുത്തകകൾക്കുമായി വിപണിവൽക്കരിക്കപ്പെട്ടു. കലയും സംസ്കാരവും മാധ്യമങ്ങളും വൻതോതിൽ കച്ചവടവൽക്കരിക്കപ്പെടുന്ന ഈ സാമൂഹികാവസ്ഥയാണ് സംസ്കാരവ്യവസായം അർത്ഥമാക്കുന്നത്.

ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് സർവകലാശാലയുടെ സാമൂഹ്യവിഭാഗത്തിലെ ഗവേഷകരായ മാക്സ് ഹോർഖൈമർ, തിയോഡാർ അഡോണോ, വാൾട്ടർ ബഞ്ചമിൻ, എറിക് ഫ്രോം, ഹേബർമാസ് എന്നിവരാണ് സംസ്കാരവ്യവസായം എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ജർമ്മനിയിൽ നാസികൾ അധികാരത്തിൽ വന്നതിനുശേഷം അമേരിക്കയിലേക്ക് കുടിയേറിയ വിദ്യാർത്ഥി സമൂഹമാണ് ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകർ. മാർസിസ്റ്റ് ആശയങ്ങൾ പിന്തുടർന്നിരുന്ന ഇവർ പ്രധാനമായും ആധുനികസാംസ്കാരിക സമൂഹവുമായി ബന്ധപ്പെട്ട വിമർശനാത്മക പഠനങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. സമൂഹം, സംസ്കാരം, കല എന്നിവയെ അധികരിക്കുന്ന കണ്ടെത്തലുകളും വ്യാഖ്യാനങ്ങളും സാംസ്കാരികപഠനത്തിൽ പുതിയ വഴിത്തിരിവുണ്ടാക്കി. ജർമ്മനിയിൽ നാസിസത്തിന്റെ വിജയത്തിന് പിന്നിൽ ബഹുജനമാധ്യമങ്ങളാണെന്ന ഇവരുടെ കണ്ടെത്തലാണ് സംസ്കാരവ്യവസായം എന്ന സങ്കൽപ്പത്തിന് നിദാനമായത്. 1940-ൽ അഡോണായും മാക്സ് ഹോർഖൈമറും ചേർന്ന് ഈ ആശയത്തെ വികസിപ്പിക്കുകയും ചെയ്തു. ഈ ആശയത്തിന്റെ സൈദ്ധാന്തിക വിശകലനമാണ് ഇവർ ചേർന്നെഴുതിയ 'The Cultural Industry : Enlightment as Mass Deception' എന്ന പ്രബന്ധത്തിന്റെ ഉള്ളടക്കം. ഉദാസീനരായ ആളുകളെ അടിമപ്പെടുത്തുന്ന സാംസ്കാരികവ്യവസായമായാണ് ഇവർ മാധ്യമങ്ങളെ നിരീക്ഷിച്ചത്.

ആധുനികതയിൽ കലയ്ക്കും സംസ്ക്കാരത്തിനുമുണ്ടായ മൂല്യച്യ്യുതിയെ പ്രത്യയശാസ്ത്ര പരിപ്രേഷ്യത്തിൽ വിലയിരുത്തിയ ചിന്തകനാണ് അഡോണോ. ലാഭത്തിനും മൂലധനമാർജ്ജിക്കുന്നതിനുമായി മാനവിക താൽപര്യങ്ങളെ വിപണിവൽക്കരിക്കുന്ന മുതലാളിത്തവ്യവസ്ഥയെ അദ്ദേഹം വിമർശിക്കുന്നു. സംസ്കാരവ്യവസായം എന്ന വാക്ക് അക്ഷരാർത്ഥത്തിൽ ഉൾക്കൊള്ളരുതെന്ന് അഡോണോ പറയുന്നുണ്ടെങ്കിലും പരമ്പരാഗത സാംസ്കാരിക മൂല്യങ്ങളെ വിൽപ്പനച്ചരക്കാക്കുന്ന ഇന്നത്തെ സാമൂഹികചുറ്റുപാടിൽ അനുയോജ്യമായ പദവി ഇത് മാറുന്നു.

സംസ്കാരവ്യവസായ സങ്കൽപ്പത്തിൽ പ്രാധാന്യം നൽകുന്നത് രണ്ടു ഘടകങ്ങൾക്കാണ്.

1. പരസ്യം

2. വിപണി

വിപണിയുടെ താൽപര്യാർത്ഥം ഉപഭോക്താക്കളെ നിർണ്ണയിക്കുകയും പരുവപ്പെടുത്തുകയുമാണ് ഉപഭോഗസംസ്ക്കാരം ചെയ്യുന്നത്. വിനോദവും ആനന്ദവും പ്രദാനം ചെയ്യുന്നതൊടൊപ്പം മാധ്യമങ്ങൾ, പരസ്യങ്ങളിലൂടെ ഉപഭോക്താവിനെ വിപണിയുടെ ഭാഗമാക്കി മാറ്റുന്നു. യഥാർത്ഥത്തിൽ സാമൂഹികജീവിതക്രമം ചിട്ടപ്പെടുത്തുന്നത് മാധ്യമങ്ങളും വിപണിയുമാണ്. അധീശവർഗത്തിന്റെ പ്രത്യയ ശാസ്ത്രവും മേധാവിത്വവും സംരക്ഷിക്കുന്ന ഉപകരണമാണ് സംസ്ക്കാരവ്യവസായം എന്ന അഡോണോയും ഹോർഖൈമറും വിലയിരുത്തുന്നു.

വാണിജ്യവൽക്കരണം ഇ.പി.ശ്രീകുമാറിന്റെ കഥകളിൽ

മാറുന്ന ലോകത്തെ അടയാളപ്പെടുത്തുന്നതാണ് ഇ.പി.ശ്രീകുമാറിന്റെ കഥകൾ. വിപണി കേന്ദ്രീതമായ ആഗോള സാമ്പത്തിക വ്യവസ്ഥയുടെ വാഴച്യും തേർവാഴ്ചയും നടക്കുന്ന ഈ കാലത്ത് ജീവിതത്തിന്റെ ഇതര

വിതാനങ്ങളെല്ലാം അതിനു കീഴ്പ്പെട്ടുപോകുന്നു. മൂല്യങ്ങളും മനുഷ്യ ബന്ധങ്ങളെ സ്നിഗ്ധമാക്കുന്ന ആർദ്രഭാവങ്ങളുമെല്ലാം വിപണിയുടെ പിടിയിൽ അപ്രസക്തമാകുന്നു. ഈ ലോകാവസ്ഥ മനുഷ്യാവസ്ഥയിൽ ഏൽപ്പിക്കുന്ന ആഘാതമാണ് ഇ.പി.ശ്രീകുമാറിന്റെ മിക്ക രചനകളുടെയും പ്രമേയം എന്ന കെ.എസ്.രവികുമാറിന്റെ അഭിപ്രായം ശ്രദ്ധേയമാണ്. തിരഞ്ഞെടുത്ത പത്തുകഥകൾ മാത്രമാണ് ഇവിടെ പഠനവിധേയമാക്കിയിട്ടുണ്ട്.

പുതിയ കാലഘട്ടത്തിന്റെ തൊഴിൽസംസ്കാരം വ്യക്തിയിൽ രൂപപ്പെടുത്തുന്ന സ്വത്വനഷ്ടവും അപമാനനവീകരണവുമാണ് ഡെഡ് ലൈൻ എന്ന കഥ. മൾട്ടി നാഷണൽ കമ്പനിയിൽ അസിസ്റ്റന്റ് മാനേജരായ രാജേഷ് തന്റെ സ്ഥാപനം അനുവദിച്ച എൻ 95 ഫോണിനെ സന്തത സഹചാരിയായി കൊണ്ടുനടക്കുന്നു. ഫോൺ ഒരു നിമിഷം പോലും പ്രവർത്തനരഹിതമാക്കുവാൻ അനുവാദമില്ലാത്ത രാജേഷിനെ സ്വകാര്യമായ കാര്യങ്ങൾ നിർവഹിക്കാൻ പോലും കമ്പനി അനുവാദം നൽകുന്നില്ല. അച്ഛന്റെ മരണാനന്തര കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനിടയിലും മൊബൈലിൽ തന്റെ സ്ഥാപനത്തിന്റെ നിർദേശങ്ങൾ ഏറ്റുവാങ്ങാൻ അയാൾ ബാധ്യസ്ഥനാകുന്നു. രാജേഷിനെ പിന്തുടരുന്ന മൊബൈൽ വിളികൾ കമ്പനി അയാൾക്കുമേൽ പുലർത്തുന്ന അദൃശ്യ അധികാരത്തിന്റെ ചിഹ്നമാണ്. വ്യക്തിപരമായ സർഗാത്മകതകളെ നിരസിച്ചുകൊണ്ട് സാങ്കേതികസ്വത്വമായി പരിവർത്തിപ്പിക്കുന്ന പുതിയ തൊഴിൽ സംസ്കാരം വ്യക്തി സ്വാതന്ത്ര്യങ്ങൾക്ക് വിലങ്ങിടുന്ന ആഗോളീകരണഘട്ടത്തിന്റെ പ്രതിനിധാനമാണ്.

ടെലിവിഷൻ ചാനലുകളും മറ്റ് നവമാധ്യമങ്ങളും അവതരിപ്പിക്കുന്ന പ്രതീതി യാഥാർത്ഥ്യത്തിന്റെ മുഖമാണ് കന്യാലേലം എന്ന ചെറുകഥയിലൂടെ അനാവരണം ചെയ്യുന്നത്. ഇന്റർനെറ്റിലൂടെ കന്യകാത്വം വില്പനക്കായി പരസ്യപ്പെടുത്തുന്ന അലീന എന്ന റുമേനിയക്കാരിയുടെ കഥയും, പെൺകുട്ടികളെ ലേലത്തിലൂടെ വില്പന നടത്തുന്ന പുതിയ വിപണനയന്ത്രവും ടെലിവിഷൻ ചാനൽ ഒരു കൃത്രിമ പരിപാടിയായി നിർമ്മിക്കുന്ന

തുമാണ് കഥയുടെ പ്രമേയം. ടെലിവിഷൻ ചാനൽ അവതരിപ്പിക്കുന്ന പരിപാടിയിൽ ടെലിവിഷനിലെ തന്നെ മാധ്യമപ്രവർത്തകയായ നിധി എന്ന പെൺകുട്ടിയും, ലേലം വിളിക്കുന്ന ഉപഭോക്താവായി നിധിയുടെ അച്ഛനും പങ്കെടുക്കേണ്ടിവരുന്നു. സ്ത്രീ എന്നാൽ ലൈംഗിക വിപണനബിംബം മാത്രമാണെന്ന പ്രതീതി നവദൃശ്യ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സാമൂഹികബോധത്തിന്റെ ഭാഗമാണ്. ഒരു സ്ത്രീയെ സംബന്ധിച്ച് ഏറ്റവും സ്വകാര്യമായ കന്യകാത്വം ആഗോള വിപണനവസ്തുവാക്കുന്ന മാധ്യമസംസ്കാരം വിപണനസംസ്കാരവും മാധ്യമലോകവും തമ്മിലുള്ള അഭേദ്യമായ അവസ്ഥയുടെ പ്രഖ്യാപനമാണ്.

മൊബൈൽ ഫോണിന്റെ സ്വാധീനം മുതിർന്ന തലമുറയും അംഗീകരിക്കുന്നു എന്നതിന്റെ യാഥാർത്ഥ്യമാണ് വൃദ്ധജനബാങ്ക് എന്ന കഥ. ആഖ്യാതാവ് വാർദ്ധക്യത്തിലെ ഏകാന്ത ജീവിതത്തിന്റെ വിരസത മാറ്റുന്നത് മൊബൈൽഫോണിൽ പകർത്തിയ ദൃശ്യങ്ങളിലൂടെയാണ്. മൊബൈൽഫോൺ വ്യക്തി ജീവതത്തിന്റെ സ്വാന്തനമായി കടന്നുവരുന്ന ചിത്രം ഈ കഥയിലൂടെ ആവിഷ്കൃതമാകുന്നു. മൊബൈൽഫോൺ വർത്തമാനത്തിൽ വ്യാപരിക്കുന്ന സമൂഹത്തിന്റെ സമകാലാവസ്ഥയാണ് വർത്തമാനം എന്ന ചെറുകഥയിലൂടെ അവതരിപ്പിക്കുന്നത്. തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായ മാഷ് തന്റെ പ്രചരണത്തിനിടെ സമീപിക്കുന്ന വ്യക്തികളെല്ലാം മൊബൈൽഫോണിൽ മുഴുകിയിരിക്കുകന്നവരാണ്. അവർക്ക് മാഷിന്റെ വാക്കുകൾ കേൾക്കുവാൻ സാവകാശമില്ല. ഇത് മാഷിൽ അസ്വസ്ഥതയുളവാക്കുന്നു. അവസാനം അർത്ഥമില്ലാത്ത വർത്തമാനങ്ങളുടെ ലോകത്തിൽ നിന്ന് മോചനം നേടുന്ന മാഷ് വർത്തമാനങ്ങളില്ലാത്ത ഹൃദയം കൊണ്ട് സംവദിക്കുന്ന സമൂഹത്തിൽ (പ്രശാന്തി ഭവനിൽ) അഭയം കണ്ടെത്തുന്നു. നവമാധ്യമങ്ങൾ വിനിമയ സാങ്കേതികതയുടെ സാംസ്കാരിക മുദ്രകളായി വിരാജിക്കുമ്പോഴും ഒറ്റപ്പെട്ട തുരുത്തുകളായി മാറുന്ന വ്യക്തികളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു എന്ന് ഈ കഥ വ്യക്തമാക്കുന്നു.

കണ്ണുനീർ പോലും വിൽപ്പനച്ചരക്കായി മാറ്റുന്ന മനുഷ്യന്റെ സാമൂഹികാവസ്ഥയെ വരച്ചുകാട്ടുന്ന കഥയാണ് കണ്ണീർപ്പശു. കണ്ണീരുകൊണ്ട് മാറാവ്യാധിക്ക് മരുന്നു നിർമ്മിക്കുന്ന കമ്പനിയിൽ ജോലി ചെയ്യുന്ന വ്യക്തിയുടെ വിഷമാവസ്ഥയാണ് ഇതിൽ അനാവരണം ചെയ്തിരിക്കുന്നത്. ശുദ്ധമായ മിഴിനീർ ഉത്പാദിപ്പിക്കുന്ന ആളുകളെ കിട്ടാൻ പ്രയാസം നേരിടുന്നതിനെ തുടർന്ന് സ്വന്തം ഭാര്യയെ ഈ സ്ഥാപനത്തിലെ കണ്ണീർപശുക്കളിൽ ഒരാളായി നിയോഗിക്കാൻ അയാൾക്ക് തീരുമാനിക്കേണ്ടിവരുന്നു. ഭാര്യയുടെ ആദ്യത്തെ മിഴിനീർ വീഴുന്നത് കാത്ത് അയാളും അകമ്പടിക്കാരും നിൽക്കുന്നു. എന്നാൽ ശേഖരക്കുപ്പിയിൽ വീഴുന്നത് ചോരക്കണ്ണീരായിരുന്നു. ഇങ്ങനെയാണ് കഥ അവസാനിക്കുന്നത്. ഈ വിചിത്രമായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ കൂടി ജനങ്ങളുടെ സ്വപ്നങ്ങൾ പോലും ശേഖരിച്ച് വിൽപ്പന നടത്തുന്ന സാമൂഹികാവസ്ഥയെയാണ് ചോദ്യം ചെയ്യുന്നത്. ശരീരവും കച്ചവടവുമായി ഇഴപിരിഞ്ഞ ബന്ധമവതരിപ്പിക്കുകയും മനുഷ്യന്റെ നിലനിൽപ്പിന്റെ പുതിയൊരു വ്യവഹാരമണ്ഡലം തുറക്കുകയും ചെയ്യുന്ന കഥയാണ് ശവവസ്ത്രകച്ചവടം. മരണപ്പെട്ടവന്റെ വസ്ത്രങ്ങൾ ചെലവില്ലാതെ കരസ്ഥമാക്കി ചെറിയ വിലയ്ക്ക് വിൽപ്പന നടത്തുന്ന ആളാണ് ഇതിലെ കഥാനായകൻ. വസ്ത്രങ്ങൾക്ക് ആവശ്യക്കാർ കൂടിയപ്പോൾ മരണവിവരം യഥാസമയം അറിയിക്കുന്നതിനുവേണ്ടി ശ്മശാനത്തിലെ ജോലിക്കാർക്കും ശവപ്പെട്ടിവിൽപ്പനക്കാർക്കും പള്ളി കപ്യാർക്കും കമ്മീഷൻ കൊടുത്ത് കച്ചവടം കൂട്ടാൻ കഥാനായകൻ ശ്രമിക്കുന്നു. ഇങ്ങനെ മനുഷ്യശരീരം നശ്വരമാണെന്ന വസ്തുതയെ വരച്ചുകാട്ടുന്ന കഥയായി ഇത് മാറുന്നു.

ഉപഭോക്തൃസമൂഹത്തിന്റെ മറ്റൊരു തലം ചർച്ചചെയ്യുന്ന കഥയാണ് കടം കച്ചവടം. അർദ്ധസർക്കാർ സ്ഥാപനത്തിൽ ക്രെഡിറ്റ്കാർഡ് വിൽപ്പനക്കായി എത്തുന്ന മാർക്കറ്റ് എക്സിക്യൂട്ടീവുകളുടെയും അതിൽ പെട്ടുപോകുന്ന സാധാരണക്കാരുടെയും അവസ്ഥ ഇതിൽ അനാവരണം ചെയ്യുന്നു. തനിക്ക് ലഭിച്ചിരുന്ന തുച്ഛമായ വരുമാനം കൊണ്ട് ജീവിച്ചിരുന്ന ജോസഫ്

വർഗ്ഗീസ് എന്ന മനുഷ്യൻ ഇത്തരം ആളുകളുടെ മോഹന വാഗ്ദാനങ്ങളിലും വാക്ചാതുരിയിലും പെട്ട് കടക്കെണിയിൽപ്പെടുന്നു. ആ അവസ്ഥയിലും ജോസഫ് വർഗ്ഗീസിന് ആശ്വാസവുമായി മറ്റൊരു കച്ചവടക്കാർ എത്തുന്നു. താങ്കളുടെ എല്ലാ കടങ്ങളും ഞങ്ങൾ ഏറ്റെടുക്കും. താങ്കൾ ഞങ്ങൾക്കു മാത്രം കടപ്പെട്ടവനാകും. കേസും കൂട്ടവും ഒഴിവാകും. ഞങ്ങൾക്കുള്ള ബാധ്യത താങ്കൾ തിരിച്ചടക്കേണ്ടതുമില്ല. ഒന്നുമാത്രം മാസശമ്പളം ഞങ്ങളെടുക്കും. അപ്പോൾ ഞങ്ങൾക്ക് ജീവിക്കാൻ? അത് ഞങ്ങൾക്ക് വിട്ടുതരിക. ഇനിയുള്ള നിങ്ങളുടെ ജീവിതം ഞങ്ങൾ ക്രമപ്പെടുത്തും. സ്വന്തം ജീവിതം മറ്റുള്ളവർ ചിട്ടപ്പെടുത്തിയതനുസരിച്ച് ജീവിക്കേണ്ടിവരുന്നത് ദയനീയമായ അവസ്ഥയാണ്. ആ അവസ്ഥയിൽ ജോസഫ് എത്തിച്ചേരുന്നു. വായ്പാപദ്ധതികളും, ക്രെഡിറ്റ് കാർഡുകളും, സൈബർകഫെയും, ഫാസ്റ്റ് ഫുഡ് ജോയിന്റും, ക്രെഡിറ്റ്കാർഡുകളും, സൈബർകഫെയും, ഫാസ്റ്റ് ഫുഡ് ജോയിന്റും സെൽഫോണുകളുമടങ്ങിയ ഒരു പുതിയ സംസ്കാരം മനുഷ്യന്റെ ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വളരെ വലുതാണെന്ന് ഇത്തരം കഥകൾ വ്യക്തമാക്കുന്നു.

തന്നെ നിയന്ത്രിക്കുന്ന ബാങ്കിങ്ങ് വലകൾക്കകത്തു നിന്നുകൊണ്ട് അടിക്കടി വന്നുചേരുന്ന ദുരന്തങ്ങളുടെ അർത്ഥമന്വേഷിക്കുന്ന ഭാഗ്യനാഥൻ എന്ന ചെറുപ്പക്കാരന്റെ കഥയാണ് പകർപ്പ്. നാടകനടനായ തന്റെ ജീവിതത്തിൽ അക്കൗണ്ടുകളുടെയും പലിശകളുടെയും കടങ്ങളുടെയുമെല്ലാമായ മറ്റൊരു ഉൾനാടകമാരംഭിക്കുന്നതൊടെയാണ് അയാളുടെ സമനില തെറ്റുന്നത്. ഒരു സാധാരണ നാടകനടന്റെ ദുരന്തകഥയായല്ല ഭാഗ്യനാഥന്റെ ജീവിതം മാറുന്നത്. നവലോകക്രമത്തിന്റെ ആസുരകാലങ്ങളിൽ പണമിടാപാടുകൾ നടത്തുന്ന ആർക്കും സംഭവിക്കാവുന്നതും മറ്റൊരർത്ഥത്തിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുരിതമാണ് കഥയുടെ കാതൽ. ഓരോ തവണ അക്കൗണ്ടിൽനിന്നും തുകകൾ പിൻവലിക്കപ്പെട്ടിരിക്കുന്നു എന്ന സന്ദേശം ലഭിക്കുമ്പോഴും തന്റെ ജീവിതത്തിൽ നിന്നും അനേകം നിമിഷങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നുവെന്നും താൻ സ്വയം ബാങ്കിന്റെ ധനവ

ലയത്തിൽ കുടുങ്ങിയിരിക്കുന്നുവെന്നും അയാളറിയുന്നു. വ്യക്തിയുടെ താൽപ്പര്യമില്ലാതെ പണമിടപാടു സ്ഥാപനങ്ങൾക്കടിമപ്പെടുന്ന മനുഷ്യരുടെ ദയനീയാവസ്ഥയാണ് ഇതിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്.

സമകാലിക ജീവിതത്തിലെ ആപത്കരമായൊരു ദുരന്തത്തിനു കീഴടങ്ങേണ്ടിവരുന്ന ഒരു കാഷ്യറുടെ കഥയാണ് കറൻസി. ബാങ്കുജീവിതത്തിൽ സത്യസന്ധനെന്നു പരക്കെ അറിയപ്പെടുമ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ആദർശവും അഭിമാനവും ബലികഴിച്ച് കള്ളനോട്ടുകൾ പലർക്കും കൈമാറേണ്ടിവരുന്ന കാഷ്യറുടെ ജീവിതമാണ് കറൻസി ആഖ്യാനം ചെയ്യുന്നത്. പരസ്യക്കാലമായി ജോലി ചെയ്യേണ്ടിവരുന്ന ഒരു വ്യക്തിയുടെ ജീവിതാവസ്ഥ വരച്ച് കാട്ടുന്ന കഥയാണ് പരസ്യക്കാലം. ഒരു പ്രമുഖ ഫാസ്റ്റ് ഫുഡ് കമ്പനി കരാറെടുത്ത പരസ്യക്കാലമായി ജോലി ചെയ്യുന്ന ആളാണ് കഥാനായകൻ. കരാറുകാലത്ത് ശരീരത്തിനുടമസ്ഥത കമ്പനിക്കാരനുമാത്രമാണ്. പാട്ടവസ്തു എങ്ങനെയും ഉപയോഗപ്പെടുത്താൻ കമ്പനിക്ക് കരാർ അധികാരം നൽകുന്നു. ശരീരപരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ കമ്പനിയാണ് നൽകുന്നത്. കാരണം ശരീരത്തിന് കോട്ടം തട്ടിയാൽ നഷ്ടം കമ്പനിക്കാണല്ലോ. അന്യന് പണയപ്പെടുത്തിയ ശരീരവുമായി വീട്ടിൽ പോവാൻ പോലും അയാൾക്കനുവാദമില്ലായിരുന്നു. വിപണന സംസ്കാരത്തിന്റെ ഭാഗമായി മാറി സ്വത്വബോധം നഷ്ടപ്പെടുന്ന ഒരുവന്റെ മൂക സങ്കടമായി ഈ കഥ മാറുന്നു.

സമകാലികമലയാള ചെറുകഥകളുടെ ഭൂമികയിൽ വാണിജ്യവൽക്കരണത്തിന്റെയും പുതുനിയമാവലികളുടെയും നവലോകക്രമത്തിന്റെയുമെല്ലാമായ ചട്ടക്കൂടിനുള്ളിൽ ഓരോ നിമിഷവും ത്യജിക്കപ്പെടുന്ന ജീവിതങ്ങളുടെ പകർന്നാട്ടമാണ് ഇ.പി.ശ്രീകുമാറിന്റെ കഥകളിൽ നിറഞ്ഞുനിൽക്കുന്നത്. സാങ്കേതികത വികസിക്കുന്തോറും മാനവരാശിയുടെ മൂല്യങ്ങൾ ദുർബലമാവുകയാണെന്ന ആശങ്ക അദ്ദേഹം വ്യക്തമാക്കുന്നു. കൂടാതെ നവസാമ്പത്തിക വ്യവസ്ഥകൾക്കനുസരിച്ച് ചാഞ്ചാടുന്ന മധ്യവർഗ്ഗത്തിന്റെ മനോഗതിയും കഥകളിൽ ആവിഷ്ക്കരിക്കുന്നുണ്ട്.

ഗ്രന്ഥസൂചി

1. കെ.എസ്. രവികുമാർ: കഥയുടെ കഥ, ചിന്താ പബ്ലിക്കേഷൻ, തിരുവനന്തപുരം 2007

2. രാഹുൽ രാധാകൃഷ്ണൻ: ആഗോളവ്യവസ്ഥിതിയുടെ സമ്മർദ്ദതന്ത്രങ്ങൾ, അദ്ധ്വാനവേട്ട, ഡി.സി.ബുക്സ്, കോട്ടയം, 2017

3. വി.രാജകൃഷ്ണൻ: സ്വപ്നലോകത്തിന്റെ കുമിളകൾ, കണ്ണീർപ്പശു, ലോഗോസ് ബുക്സ്, തൃശൂർ 2005

4. പി.കൃഷ്ണനുണ്ണി: ജൈവാനുഭവങ്ങളുടെ തൂക്കുപാലങ്ങൾ, കറൻസി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014

5. പി.പി.രവീന്ദ്രൻ: സംസ്കാരപഠനം ഒരാമുഖം, ഡി.സി.ബുക്സ്, കോട്ടയം, 2002

6. ഇ.പി.ശ്രീകുമാർ: പരസ്യശരീരം, ഡി.സി.ബുക്സ്, കോട്ടയം 2015

7. ഇ.പി.ശ്രീകുമാർ: കണ്ണീർപ്പശു, ലോഗോസ് ബുക്സ്, തൃശൂർ, 2005.

8. ഇ.പി.ശ്രീകുമാർ: കറൻസി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014.

# The Pursuit of Liberation in K. R. Meera's *The Gospel Of Yudas*

Seba Susan John
Assistant Professor, Pavanatma College, Murickassery

**Abstract**

The Gospel of Yudas is an English translation of *Yudasinte Suvisesham* by the renowned Malayalam writer K. R. Meera. Translated to English by Rajesh Rajmohan, the novella tells the story of a young and vulnerable girl Prema and her quest for liberation by means of loving an ex Naxalite and an indecipherable man Yudas who makes his living by dredging corpses from nearby lakes. The story takes place in the backdrop of the Emergency declared across India by the then Prime Minister Indira Gandhi from 1975 to 1977. Prema grew up listening to the custodial tortures of the young Naxalites by her father, an ex police officer. The torments that she and her mother had to suffer from the father made her embrace the Naxalite ideologies and she chose Yudas for accomplishing her purpose. Whereas, haunted by the memories of his past, Yudas considers himself the incarnation of Judas Iscariot of the Bible and strives to get salvation through the uncanny venture of scouring dead bodies from the bottom of nearby lakes. The present study aims at reading the novel as a quest for self with respect to the character of Prema.

*Key words: liberation, Emergency, Naxalite*

"Woman is not born: She is made. In the making, her humanity is destroyed. She becomes symbol of this, symbol of that: mother of the earth, slut of the universe; but she never becomes herself because it is forbidden for her to do so". (Andrea Dworkin)

The prominent Malayalam writer K R Meera has carved a niche in the literary canon by delineating the atrocities faced by women especially with respect to the Indian society. Her multifaceted personality has contributed to the depiction of the native women in a realistic manner. Her experience as a journalist has contributed to the authenticity of many of her literary endeavours. She has received many accolades for her noteworthy creation *Aarachaar*, and has lot many short stories and novellas to her merit.

Life is a constant search for meaning. The sole aim is to attain existential values. One can be content in life only by achieving the goals of life. Thus the entire life is an existential struggle. This struggle is not easy as one is always caught in confusing situation of whether to follow the goals or not.

K R Meera gives more focus to the individuality of her female characters. She puts her female characters to torturing circumstances and there she makes them to realize their self and fly out from the ashes like a phoenix. The lives of Meera's characters can be analysed from an existential aspect.

The novella, The Gospel of Yudas is written from the perspective of a girl named Prema, daughter of an ex policeman. The story focuses on the period of Emergency in India and the various tortures that the members of the Naxalite movement had to face from the men of authority. Prema falls in love with a man named Yudas, one who does the job of dredging corpses of the drowned ones out of water. It is an unrequited love that she experiences till the end of the novella. The work also centers on the tortures that Prema's father, an ex police officer, has done to the Naxalites and how listening to these stories of torment attracted Prema to become a revolutionary always chanting 'Naxalbari Zindabad!'. Prema feels that it is only Yudas who can save her life but Yudas is always haunted by his thought of himself as a traitor who had betrayed his love Sunanda.

Prema is depicted in the beginning of the novel as a fifteen year old girl leading her life in constant torture from her father. Her father was a police officer and he took voluntary retirement after the Emergency. He sufficed the boredom of his retired life abusing his wife and children.

> "Thereafter, the old man's custodial torture routines were trained on us at home-mother and her three children. His hands never had their fill of vocational savagery. Wanting more, he would kick me around like a soccer ball having tied my feet and arms in a single knot" (Meera, 7)

He urged Prema the six year old girl and her siblings to listen to his bloody tales repeatedly and thus she became acquainted with the Naxalite martyrs like K Rajan and their movement.

> "During his daily drink binges, he regurgitated the fond old tales of brutal torture from his camp over the pickle. We were to stand in attention and listen to him repeat the bloody tales of his butchery on the inmates at the camp lock-up" (Meera, 7).

The years of persecution by her tyrant father and his bloodstained camp narratives made her a revolutionary.

> "I was there with the thirteen rebels led by K. Venu. That was me among them, with a ponytail, wearing a long skirt and puffed sleeves. Repeating to the captain: 'I will stand up to anything. I am not scared of anyone. My body, I pledge it to the world. My mind, I pledge it to mankind" (Meera, 28).

Later when she finds that Das, the now Yudas, was once a Naxilite tortured by her father, she declares that it is through him that she is to procure her liberation. She says "He was my Naxalite. He carried the burden of human sins to redeem this world" (Meera, 69). "Yudas, 'Croc' Yudas. The revolutionary who'd recovered corpses from my lake. The champion of my liberation struggle" (49). Prema is an undaunted person with clear goals in her life. She is loved by Balu, her nephew and a "nice lad". It is from him that she receives her first kiss "on the nape of her neck". She cannot love him, but Yudas because it is in him that she can accomplish her quest. Later, knowing her feelings for Yudas, Balu warns her of his death "I will die Prema!" to which she bluntly counters "Why not! Die" (Meera, 21) and he does so.

On her first encounter with Yudas, she asks him to teach her swimming and to dive to get dead bodies "Teach me how to swim…Not just swimming. You have to teach me how to dive and recover dead bodies too" (Meera, 12, 13). This is jarring not only to Yudas, but also to the readers. "Teach swimming? To a girl? ... Girl you should go back home" (Meera 13). She here demands a space that is never entertained to a woman. She was stubborn in reaching her will. Throughout the novella Yudas escapes from Prema and she follows him. At times Yudas wonders how a girl like Prema could do it. Later when Prema learns about the past of Yudas and his lover Sunanda killed in the police camp of Kakkayam, she is shattered. She realizes that she is insearch of her fulfillment in a person who lost himself long ago.

> "I had great pride in who I was, and that is what they crushed. The kind of pride that every individual should've had wrapped up in his ribcage. When it was smashed to pieces, I lost myself… I ended up being nothing more than a traitor… I was the only one chosen to be Judas" (45).

Prema understands that Yudas can never love Prema more than Sunanda because she was the epitome of courage and he lives regretting that he was the one who betrayed her and also he was made to dump her dead body in the gorge in Kakkayam. Prema wanted to prove that she was more worthy of his love than Sunanda and return to him his lost self.

> "Even in my dream I was envious of the girl, Sunanda. Yudas would be mine. I needed him. I'd lead him into a new life when he woke up. Together we'd fight for a new world. A brave new world. New power for people. 'Long live Revolution,' I whispered. Strength to the Naxalbari" (47).

The quote on the first page of Sunanda's diary deranged her. "Oh liberty what crimes are committed in thy name!" It resounded within her every now and then. Prema realizes that her journey would be incomplete without experiencing Kakkayam, the noted bloody land of the torturing camp and the gorges with cadavers of unknown revolutionaries. When Prema hears about Sangeeta, Sunanda's niece trailing her footsteps, she goes in search of her. It

is there that Prema literally becomes a revolutionary. Sangeeta was leading an agitation for the cause of her poor villagers against the factory owners. She stood in front of the collector to speak for the people. When the cop turned against Sangeeta, the burning revolutionary within Prema found its way out. She too was taken by the police together with Sangeeta and few others. Later next morning when Sangeeta was found dead in the nearby gorge 40 feet deep, it was Prema who jumped in search of her body. She plunged into the gorge without a second thought and thus proves that her initial demand for teaching swimming to dive for dead bodies was not something that she sputtered out of immaturity, but she verily wanted to be one. She scourged the corpse of Sangeeta from the depth of the gorge and repaid the debt for Yudas, which he had done to Sunanda. It is the point when she attains her liberation. Thus she becomes a revolutionary. "This was my revolution… I was not sure to whom it was against … It must be against myself too" (Meera, 128). Till then Prema felt herself mean when compared to Sunanda the courageous girl. Being the daughter of the policeman who had shattered Yudas' self, she was belittled thinking of her inability to gain his love.

> "Sangeeta's death had transformed me into another person. I wouldn't bow before Yudas any more. I had repaid his debt. I had taken back what he'd given to the gorge. Proved that I had the courage for a revolution and that I could keep secrets" (132)

"The Gospel of Yudas" is a tale of a quest. The characters of the novella are obsessed with a search. For Yudas who finds himself a traitor, an embodiment of Judas Iscariot of the Bible, is haunted by the past memories of betraying his lover Sunanda and witnessing the brutalities done upon her and eventually being forced to throw her corpse into the gorge. He engages himself with scouring dead bodies from the nearby lakes which somehow gives him the solace for his tormenting past. Being tortured by her father, Prema aims to join the Naxalite rebels and retort to her father and thus becomes obsessed with the strange love of her life, 'Croc Yudas', the ex Naxalite. Prema remains awake near Yudas as a watchdog of justice that he sought all his life and is triumphant in her pursuit emerging as a revolutionary and reaching her self–actualization.

**Works Cited**

Dworkin, Andrea. *Scapegoat : The Jews, Israel, and Women's Liberation*. New York, Free Press, 2000.

Kandasamy, Meena. "A Story of Violence". The Hindu, 13 Aug 2016.

Krishna, Niyathi. "Towards Feminist 'Poetic Justice': Crime and Punishment in K R Meera's Hangwoman and The Gospel of Yudas". Literary Endeavour, vol. X, no. 1, January 2019, 414.

Meera, K R. *Gospel of Yudas*. Penguin Books, 2017.